തു: ന:—കാരണഭൂതൻ?

ആറം: - ഇരവിയൻതമ്പി!

തു: ന:—ഇരവിയൻതമ്പി മഹാരാജാവിന്റെ സേവനാണോ?

ആറം:—മഹാരാജാവു തിരുമനസ്സിലേക്കു സേവന്മാരില്ല. വിശേഷിച്ച് ഇരവിയൻതമ്പിയോടു ബദ്ധവിരോധവുമാണ്. തമ്പി കോട്ടയ്ക്കകത്തു സഞ്ചരിക്കുന്നതുതന്നെ വേഷം മാറീട്ടാണ്.

തു: ന: സേവനല്ലെങ്കിൽ ആ വിദ്വാൻ മഹാരാജാവിന്റെ ഭയം വർദ്ധിപ്പിക്കുന്നതിനു ചെയ്യുന്ന സൂത്രങ്ങൾ എന്തെല്ലാമാണ്?

ആറം.—ഗൂഢശസ്ത്രപ്രയോഗങ്ങൾ.

തു: ന:—വിവരമായി വ്യാഖ്യാനിക്കു.

ആറം:—രഹസ്യം വെളിപ്പെടുത്തുന്നതു് സംഘനിയമത്തിനു വിരോധമാണ്. ഞങ്ങളുടെ പരമരഹസ്യമായ പ്രകൃതരഹസ്യം വെളിയിലായെങ്കിൽ വിശ്വാസവഞ്ചന ചെയ്യുവാൻ, അംഗമോ അന്യനോ ആരായാലും വേണ്ടുകയില്ല, ഉടനേ തെരഞ്ഞുപിടിച്ച് അയാളുടെ തല വെട്ടിയെടുത്തു സഭാമദ്ധ്യത്തിൽ സാധനപാഠമായി പ്രതിഷ്ഠിക്കും. ഇതു സംഘത്തിലെ ഒന്നാമത്തെ ശട്ടനടപടിയാണ്.

തു: ന:—സഭയുടെ ആദ്ധ്യക്ഷൻ ആരാണ്?

ആറം:—ഇരവിയൻതമ്പി.

തു: ന:—സംഘം എത്ര പുഷ്ടിയുള്ളതാണ്.

ആറം:—അസംഖ്യം അംഗങ്ങളുണ്ട്.

തു: ന:—സഭയിൽ അംഗങ്ങളായിച്ചേരുന്നവരുടെ യോഗ്യതാംശങ്ങൾ എന്തെല്ലാമാണ്?

ആറം:—അവർ മനുഷ്യരൂപത്തിലുള്ള സർപ്പസൃഷ്ടികളായിരിക്കണം.

തു: ന:—നിങ്ങൾ സത്യസന്ധനായ മഹാരാജാവിനെ ഉപദ്രവിക്കുന്നതു് എന്തിനായിട്ടാണ്? അതുകൊണ്ടു ജന്മസാഫല്യമിണ്ടോ?

ആറം:—പൊന്നുതമ്പുരാനു ജനനാൽതന്നെ സർപ്പഭയം ഉള്ളതുകൊണ്ടു ഞങ്ങൾക്കു വലിയ സഹായമായി. ഞങ്ങളുടെ കാര്യസിദ്ധിക്കു സ്വതേയുള്ള ഒരു ഗുണത്തെ പോഷിപ്പിച്ചാൽ മതിയല്ലോ. മഹാരാജാവിനെപ്പോലെ ഉത്തമമായ ഒരു കരണം ഞങ്ങൾക്കു ലഭിക്കുന്നതല്ല.

തു: ന:—നിങ്ങൾ ഗൂഢമായി പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശമെന്തു്?

ആൾ:—ഞങ്ങളും രാജ്യക്ഷേമത്തെ കാംക്ഷിക്കുന്നവരാണ്. രാജകുടുംബത്തിലെ രഹസ്യങ്ങൾ വെളിപ്പെടുത്തി കലാപങ്ങൾ ഉണ്ടാക്കിത്തീർക്കണമെന്ന ഞങ്ങൾക്കുദ്ദേശമില്ല, അതുയുമല്ല, അതു ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന ആജ്ഞയ്ക്കു പ്രതികൂലവുമാണ്.

തു: ന:—നിങ്ങളെ ആജ്ഞാപിച്ചിരിക്കുന്നതു് ആരാണ്?

ആൾ:—പാതാളരാജാവായ തക്ഷകൻ.

തു: ന:—(കൌതുകം വർദ്ധിക്കുന്നുണ്ടെങ്കിലും ഭയംകൊണ്ടു വിയർത്തുതുടങ്ങി. എങ്കിലും അവസാനം അറിയണമെന്നുള്ള ആഗ്രഹത്തോടുകൂടി) നിങ്ങൾ അവതാരങ്ങളാണോ?

ആൾ:—ഇതുവരെ പ്രസംഗിച്ചതു മനസ്സിലായില്ലേ? ഞങ്ങൾ തക്ഷകസൈന്യത്തിന്റെ അവതാരങ്ങളാണ്. ഞാൻ അതിൽ പ്രധാന സേനനായകൻ.

തു: ന:—നിങ്ങൾ എന്തിനായിട്ടവതരിച്ചു?

ആൾ:—ഒരു പതിവ്രതയുടെ ശാപനിവൃത്തിക്കായി.

തു: ന:—പതിവ്രത ആരെയാണു ശപിച്ചതു്?

ആൾ:—കോയിപ്പണ്ടാലയെ.

തു: ന:—കോയിപ്പണ്ടാലയുടെ അപരാധം എന്താണ്?

ആൾ:—സാഹിത്യപ്രാഗല്ഭ്യം തന്നെ.

തു: ന:—അതുകൊണ്ടദ്ദേഹം എന്തുചെയ്തുവെന്നു പറയു.

ആൾ:—ആ സ്ത്രീരത്നത്തിനെ വിധവത വഹിപ്പിച്ചു് തക്ഷകലോകത്തേക്കു ഭർത്താവിനെ തള്ളിയയച്ചു. അതു കോയിപ്പണ്ടാലയാണ്. 'നീയും വിരഹതാപം അനുഭവിച്ചു ചിരകാലം വാഴട്ടെ' എന്നു ഭാര്യയുടെ ശാപവും സഹായവിലയ്ക്കു വാങ്ങി, ഫലസിദ്ധിക്കായി തക്ഷകന്റെ ആജ്ഞാനുസരണം ഞങ്ങളും അവതരിക്കേണ്ടിവന്നു.

തു: ന:—കോയിപ്പണ്ടാല അകൃത്യം ചെയ്തതെപ്പോഴാണ്?

ആൾ:—കുറച്ചേ ആയിട്ടുള്ളു.

തു: ന:—ശപിച്ചതാരാണ്?

ആൾ.—സീമന്തിനി.

തു: ന:—ചന്ദ്രാംഗദനെ തിരിയെക്കൊണ്ടുചെല്ലിച്ചാൽ ശാപഫലം അനുഭവിക്കാതിരിപ്പാൻ മാർഗ്ഗമില്ലേ?

ആർ:—ഇല്ല. ശാപം ഫലിക്കുന്നതിനുമുൻപേ സീമന്തിനിയുടെ താപം തീക്കാൻ കോയിപ്പണ്ടാലയ്ക്കു മനസ്സുവരികയില്ല. അതിനു ഞങ്ങൾ സന്ദർഭംകൊടുത്തുനോക്കി. അദ്ദേഹം നിഷേധിക്കയാണുണ്ടായതു്. ആരുപറഞ്ഞാലും സാധിക്കയില്ല. അദ്ദേഹത്തിന്റെ കവിതാലക്ഷ്മി തല്ക്കാലം വിട്ടുപിരിഞ്ഞിരിക്കയാണു്. കാശിനു പ്രയോജനമില്ലാത്ത ഗദ്യരീതിയെ ആശ്രയിച്ചു് പ്രക്ഷോഭജനകമായ ഉപന്യാസങ്ങളും പത്രലേഖനങ്ങളുംകൊണ്ടു, കാലയാപനം ചെയ്യുന്നവരെ സാഹിത്യലക്ഷ്മി ബഹുമാനിക്കുമോ? മഹാരജ്ഞിയായ ലക്ഷ്മിത്തമ്പുരാട്ടിയും വിരോധഭാവനയിലാണിരിക്കുന്നതു്. പിന്നെ ഞങ്ങളുടെ കർത്തവ്യകർമ്മം ചെയ്യാതെ വിരമിക്കുന്നതെങ്ങിനെയാണു്?

തു: ന:—അദ്ദേഹത്തിനു ശാപമോക്ഷം എപ്പോഴാണു്.?

ആർ: – മഹാരാജ്ഞിയുടെഭക്തി മൂർത്തീഭവിച്ചു കുമാരസ്വാമി പ്രത്യക്ഷമാകുമ്പോൾ.

തു: ന: —അപ്പോൾ നടക്കാൻപോകുന്നതെന്തു്?

ആർ:—ഞങ്ങളുടെ ജന്മവൈരിയായ ശ്രീ വിശാഖന്റെ പത്രം വരും. മഹാരാജ്ഞിക്കു ഭർത്താവിന്റെ സന്ദേശം സമർപ്പിക്കും. ഞങ്ങളും കരണമായ മഹാരാജാവു തിരുമനസ്സുകൊണ്ടും സ്വർഗ്ഗാരോഹണം ചെയ്യും. കോയിത്തമ്പുരാൻ മടങ്ങിവരും. സീമന്തിനിയുടെ ദുഃഖവും തീരും.

തു: ന:—അച്ഛൻ നമ്പൂതിരിയെ നിങ്ങൾ കണ്ടിട്ടുണ്ടോ?

ആർ.—ദിവസവും. ഇന്നും ചതുരംഗത്തിനു് അദ്ദേഹം ഉണ്ടായിരുന്നല്ലോ.

തു: ന:—(ദീർഘശ്വാസം വിട്ടിട്ടു്) നിങ്ങൾഇതെല്ലാം എങ്ങനെയറിഞ്ഞു?

ആർ:—അതാണു് എന്റെയും കൂട്ടുകാരുടെയും രഹസ്യം.

തു: ന:—അച്ഛൻനമ്പൂതിരി കോയിപ്പണ്ടാലയുടെ സഖ്യം വിടുന്നില്ലെങ്കിൽ എന്തു സംഭവിക്കും?

ആർ:—ഒന്നിനു് പത്തായിട്ടുള്ള അത്യാപത്തുകൾ. എന്തെല്ലാമാണെന്നു് കണ്ടുതന്നെ അറിയണം.

തു: ന:—വിട്ടാൽ—?

ആർ:—വലിയ വിശേഷമില്ല.

തു: ന: —അദ്ദേഹത്തിനു മുക്തിമാർഗ്ഗം ഉപദേശിക്കു.

ആ റം:—അദ്ദേഹത്തിന്റെ ഇപ്പോഴത്തെ സംരംഭത്തിൽനിന്നു വിരമിക്കണം.

തു: ന:—അതുപറഞ്ഞുതരു.

ആറം—അങ്ങയുടെ അച്ഛൻതന്നെ ഗോപ്യമായിവച്ചിരിക്കുമ്പോൾ ഞാൻ പറയുന്നതു ശരിയാണോ? ഞങ്ങളുടെ സംഘനിബന്ധന അനുവദിക്കുന്നില്ല.

തു: ന—അ—യ്യോ!

ആറം—പരിഭ്രമിക്കണ്ട. അത്ര വലിയ ആനക്കാര്യമൊന്നുമില്ല.

തു: ന: അച്ഛനോടു ഞാൻഎന്താണുപറയേണ്ടതു?

ആറം--ഒന്നും പറയണ്ട. ഈ എഴുത്തുകൊടുത്താൽമതി.

തു: ന—നിങ്ങൾ പറഞ്ഞിട്ടുള്ള മററുസംഗതികൾ അച്ഛനോടൊ കോയിപ്പണ്ടാലയോടൊ ഇഷ്ടംപോലെ പറയാമോ?

ആറം ആത്മരക്ഷയ്ക്കു പറയുന്നതാണ് ഉത്തമം. പിന്നെ നിങ്ങളുടെ സൌകര്യംപോലെ.

തു:ന—എഴുത്ത് എന്നെ ഏല്പിച്ചതു് ആരെന്നുപറയണം?

ആറം—അതിൽ രഹസ്യമൊന്നുമില്ല ഞാൻതന്നെ. തക്ഷകസൈന്യാധിപനായിരിക്കുന്ന ഇരവിയൻതമ്പി?

തു: ന—ഔ!ആ—വൂ!!

ആറം—പരിഭ്രമിക്കാതെ വേഗം പൊയ്ക്കൊള്ളണം. എഴുത്തു ഭദ്രം!

ഇങ്ങനെ ഉണ്ണിനമ്പൂതിരിയെ യാത്രയയച്ചിട്ടു് ഇരവിയൻതമ്പി അങ്ങുന്നു് അയാളുടെ വഴിക്കു തിരിഞ്ഞുനോക്കാതെ വേഗത്തിൽ നടന്നു പോയി. ഉണ്ണി രണ്ടുകൈകൊണ്ടും കണ്ണുപൊത്തിക്കൊണ്ടു് ചിന്താകുലനായി സമാധിയിൽ നിന്നതിന്റെ ശേഷം ക്ഷേത്രത്തിലേക്കു് ഇടം വലം നോക്കാതെ ഓടി. മണ്ഡപത്തിൽ പോയി നൂറെറാന്നു നമസ്കാരംചെയ്തു. വെളിയിലേക്കു് ഇറങ്ങാനുള്ള ഭയംകൊണ്ടു് പ്രദക്ഷിണം വെച്ചുകൊണ്ടിരുന്നു. ദൈവാനുഗ്രഹംകൊണ്ടു് തമ്പിയുടെ ആകൃതിവിശേഷത്തെപ്പററി തുപ്പൻ അത്രസൂക്ഷ്മമായി ഗൗനിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ അയാളുടെ പ്രതിഛായയാൽ മനശ്ശല്യം ഉണ്ടാവാൻ ഹേതുവില്ല. എങ്കിലും അയാളുടെ ഭയജനകമായ സംഭാഷണത്തിന്റെ പ്രതിധ്വനി കപ്പുന്നട

ത്തിൽ തട്ടി ദുസ്സഹമായ മനോവേദന ഉണ്ടാക്കിത്തീൎത്തു. അഞ്ചാറു പ്രദക്ഷിണം വെച്ചുകഴിഞ്ഞപ്പോൾ ഏതാണ്ടൊരു സമാധാനം തോന്നി.

സന്ധ്യാവന്ദനത്തിന് ഇനിയും സമയമായിട്ടില്ല. അസ്തമിക്കാൻ നാലഞ്ചുനാഴിക കൂടിയുണ്ട്. കഴിയുമെങ്കിൽ തമ്പിയെകാണാതെ കഴിച്ചുകൂട്ടണമെന്നു കരുതി നമ്പൂതിരിപ്പാട്ടു തുടരത്തുടരെ പ്രദക്ഷിണം വച്ചുകൊണ്ടിരുന്നു. ഈശ്വരനാമങ്ങളെ ഉച്ചരിക്കുകയല്ലാതെ ഇതരചിന്തയിൽ മനസ്സു പോയില്ല

മതില്ക്കകത്തു അധികം ജനങ്ങൾ ഇല്ലായിരുന്നു. ശ്രീപത്മനാഭക്ഷേത്രത്തിൽ ഇരുട്ടടഞ്ഞ ഇടപ്പാതകൾ ധാരാളമുണ്ട്- ഗണപതിക്കോവിലിന്റേയും നാലമ്പലത്തിന്റേയും മദ്ധ്യത്തിൽ നാലടി വീതിയിൽ വെളിച്ചം കണ്ടിട്ടില്ലാത്തതായ ഇടനാഴിയിൽ എന്തോ 'കുശുകുശ'ശബ്ദംകേട്ടു. ശബ്ദം എന്താണെന്ന് ഉണ്ണിനമ്പൂതിരി വിവരമായി അറിഞ്ഞില്ല. അദ്ദേഹത്തിന് അറിയണമെന്നുള്ള ജിജ്ഞാസയും ഇല്ലായിരുന്നു. എന്നാൽ ശബ്ദം ക്ഷണംപ്രതി ഉയൎന്നുകൊണ്ടുവന്നപ്പോൾ താൻ ചെവിഓക്കാൻ നിർബന്ധിതനായി. അപ്പോൾ ഒരു പുരുഷന്റേയും പെൺകുട്ടിയുടേയും വൎത്തമാനം വ്യക്തമായിക്കേട്ടു. തിരുവനന്തപുരത്തെ നാടോടി പദങ്ങളെ സംബന്ധിച്ച് അത്ര പരിജ്ഞാനമില്ലാത്തതിനാൽ ചിലതെല്ലാം മനസ്സിലായില്ല. എങ്കിലും സശ്രദ്ധനായി ശ്രവിച്ചപ്പോൾ അടിയിൽ കുറിച്ചിരിക്കുന്ന ഭാഗം ഏതാണ്ടൊക്കെ ഗ്രഹിച്ചു.

പുരുഷൻ അപ്പീ, നിന്റെ സ്ഥിതി അറിയാതെ ഞെളിയരുതു. അങ്ങുന്നു നിന്നെ തിമ്മാതനത്തി വെക്കുമെന്നെന്നോടു പറഞ്ഞയച്ചിരിക്കുണു. ഒരോപെണ്ണുങ്ങ തപെതുചെയ്താ കിട്ടാത്ത പാക്യം നെനക്കു കിട്ടാൻപോണു. എന്റെക്കൂടെ വാ, അങ്ങുന്നു കാത്തോണ്ടിരിക്കുണു.

പെൺകുട്ടി—അണ്ണൻ ഇങ്ങനെ ബുദ്ധിമുട്ടിക്കരുതു്. വരുന്നില്ലെന്നു പറഞ്ഞില്ലേ? നൂറുവട്ടം കുമ്പിടാം. എനിക്കു് ആ ഭാഗ്യം വേണ്ടാ.

പുരുഷൻ—എന്തിരു? അപ്പി എന്തിരുപറഞ്ഞു? നെലയറിയാതെ തുള്ളിയാൽ അനുപം എന്തിരെന്നു തിരിയുമോ?

പെൺകുട്ടി—അണ്ണനു ദേഷ്യം മൂക്കത്താണെന്നു തോന്നുന്നല്ലോ. തമ്പിഅങ്ങത്തെ സേവിച്ചു സമ്പാദിച്ചതാണോ? തമ്പിയല്ല തമ്പുരാൻ പട്ടംകച്ചയിടാൻപോണെന്നു പറഞ്ഞാലും ഞാൻ വരികയില്ല. അണ്ണൻ വന്നവഴിയേ പോണം.

പുരുഷൻ—എൻെറപ്പിള്ള നല്ല പുത്തിചാലി. 'പട്ടികൊരച്ചാ പടിതൊറക്കുമോ?' എൻറപ്പി നടന്നാട്ടെ. ഇല്ലെങ്കി തൂക്കിക്കൊണ്ടുപോം. പപ്പണൻ തിന്നുന്ന ചോറിനു ഇതുടിനടക്കുല്ലുന്നു വരുമോ?

പെൺകുട്ടി—എനിക്കു് ആൺതുണയില്ലെന്നുവച്ചു്ല്ല. സാഹസത്തിന് അണ്ണൻ തുടങ്ങുന്നതു്? ജാനകിയുടെ ശവം തൂക്കാൻ പ്‌ടാകക്കാർ വരുമ്പോൾ അണ്ണൻകൂടെ വന്നാൽമതി. ഇപ്പോൾ ബുദ്ധിമുട്ടണ്ടാ, പോകണം.

പുരുഷൻ—ച്ചീ! എട്ടെ! എന്തിരുപറഞ്ഞു? മൂന്നരപ്പണം ചമ്പളംപററി വെളക്കെട്ടെക്കിണപ്പിള്ളക്കു്, നാക്കു് ഇത്ര നീളമോ? വെളക്കെണ്ണ മോട്ടിച്ചെന്നുപറഞ്ഞു നിന്നെ വലിച്ചെഴച്ചോണ്ടു പോയാ നീ എന്തിരുകാണിക്കും? കട്ടിക്കാപ്പുവേണെങ്കിവാ, കഴുതേ. ഇല്ലെങ്കിൽ ഇങ്ങനെ പറഞ്ഞുകൊണ്ടു പപ്പൻപിള്ള കൈക്കേൽ പിടിച്ചു വലിച്ചതും, ജാനകി 'അയ്യോ! അയ്യേ!' അമ്മേ! എന്നുച്ചത്തിൽ നിലവിളിച്ചതും തുപ്പൻ നമ്പൂതിരി എലിയെക്കണ്ട പൂച്ചപോലെ ഇടപാതയിൽ ചാടിവീണതും ക്ഷണത്തിൽ കഴിഞ്ഞു.

തു: ന.—(ആത്മഗതം) ഹംസദൂതിന്നു സ്ഥലവും സന്ദർഭവും ഇതുതന്നെ ഒരുഭാഗത്തു മുറജപം നടക്കുന്നു. മറുവശത്തു രുഗ്മിണീസ്വയംവരത്തിൻെറ ചടങ്ങുകൾ ആവർത്തിക്കുന്നു. ഇതുപോലെയുള്ള ചോരകൃത്യങ്ങളിൽ പത്മനാഭൻെറ ദൃഷ്ടിപതിയാത്തതെന്താണാവോ? തക്ഷകൻെറ സേനാധിപതിക്കു കോയിപ്പണ്ടാലയോടല്ലാതെ സാധുക്കളോടും വൈരം ഉണ്ടോ? രാക്ഷസാവതാരത്തിന് എന്തുതന്നെ ആയിക്കൂടാ?

യാദൃച്ഛികമായി നമ്പൂതിരിപ്പാട്ടിലെക്കണ്ടയുടനെ പപ്പൻപിള്ള ചവിട്ടുകൊണ്ട അട്ടപോലെ ചുരുണ്ടു 'ശീ' എന്നു ചിററിക്കൊണ്ടു മറഞ്ഞുപോയി.

നമ്പൂതിരി കുട്ടിയുടെ മുഖത്തുനോക്കി. രണ്ടുപേരും പതുങ്ങിക്കഴിച്ചു. ഒന്നുരണ്ടുനിമിഷം ചെന്നശേഷം പെൺകുട്ടിയുടെ മുഖം ഗ്രഹണത്തിൽ നിന്നു മോചിച്ച ചന്ദ്രബിംബംപോലെ പ്രകാശിച്ചു. ഉണ്ണി 'പൊന്നുംകുടത്തിനു പൊട്ടുവേണോ'? എന്നു മനസ്സിൽധ്യാനിക്കുകയും ശകുന്തളയെ കണ്ടമാത്രയിൽ ദുഷ്ഷന്താൻ ചൊല്ലിയ ശ്ലോകം ഉള്ളിലോർക്കുകയും ചെയ്തിട്ടു 'കുട്ടി, ഒട്ടുംപരിഭ്രമിക്കണ്ട; പോകാം' എന്നു സമാധാനം പറഞ്ഞു കുട്ടിയെ യാത്രയയച്ചു. ജാനകിക്കുട്ടി ശകുന്തളയെ അനുവർത്തിക്കുംവണ്ണം തിരിഞ്ഞുതിരിഞ്ഞുനോക്കി കടാക്ഷപാതങ്ങൾ ലോഭംകൂടാതെ പൊഴിച്ചുകൊണ്ടു് അവിടംവിട്ടുപോയി.

അദ്ധ്യായം ൧.

“ആയ്യംകണ്ടാത്തട്ടുകങ്ങംകുറിവരകവിസംഘങ്ങൾതട്ടിത്തകൎപ്പും-
നായിക്കൊണ്ടെത്തിയെന്നാൽപൊരുതുവിരുതുതിർത്തൊട്ടെതിർ-
ത്തിട്ടുമൊട്ടും
കായക്ലേശംജനിക്കാത്തൊരുകവിമണിവഞ്ചീശപരിപ്രാണനാഥൻ
കോയിപ്പണ്ടാലപാത്താൽകവികുലപ്പതനാളീമനാംഭിമനാണ്..”

മലയാളസാഹിത്യനഭോമണ്ഡലത്തിൽ വലിപ്പത്തിലും പ്രകാശത്തിലും ഒന്നാംതരം നക്ഷത്രമാണ കേരളവൎമ്മവലിയകോയിത്തമ്പുരാൻ. അദ്ദേഹത്തിന ‘കേരളകാളിദാസൻ’ എന്ന സാഹിത്യപട്ടം സഹൃദയന്മാർ നല്കിയിട്ടുണ്ട്.

പ്രകൃതചരിത്രകാലത്ത് അദ്ദേഹം പറയത്തക്കവിധം കവിലോകത്തിൽ അറിയപ്പെട്ടിരുന്നില്ല. വയസ്സുമുപ്പതേയുള്ളു. നവയൌവനം. കൊഴുത്തുതിളയ്ക്കുന്നരക്തം സൎവ്വനാഡികളിലൂടേ അതിവേഗത്തിൽ ചാടിക്കുതിച്ചു പ്രവഹിക്കുന്നകാലം. കായികാഭ്യാസപ്രദശൎനത്തിൽ ഉല്പതിഷ്ണുവായിരിക്കുന്നകാലം. കുതിരസ്സവാരിയിൽ ഭ്രമമുള്ളകാലം, കൂട്ടരോടൊത്തുചേൎന്നു വനഭോജനങ്ങൾക്കായി അക്ഷീണസഞ്ചാരം ചെയ്തുകൊണ്ടിരിക്കുന്നകാലം. വേളിമലയിൽ വേട്ടയാടുന്നകാലം. മുഷിവില്ലാതെ ചതുരംഗംകളിക്കുന്നകാലം. നേരംപോക്കുകൾ പറയുന്നകാലം. പ്രവൎത്തിക്കുന്നകാലം. പൂണെല്ലുവളയാത്തകാലം. അകാൎയ്യത്തിൽ ആചാൎയ്യനെപ്പോലും കീഴ്വണങ്ങാത്തകാലം രാജകീയമായും സാമുദായികമായും പരിഷ്കാരസൂൎയ്യനെ കണ്ണിമയ്ക്കാതെ നിരീക്ഷിക്കുന്നകാലം. പരിഷ്കാരപദ്ധതികളിൽ കായക്ലേശമില്ലാതെ പരിഭ്രമിക്കുന്നകാലം. തേവാരത്തുകോയിക്കൽകൊട്ടാരത്തിലെ ലീലാരണ്യത്തിൽ മഹാരാജ്ഞിയുമായി ഒളിച്ചുകളിക്കുന്നകാലം. ദാമ്പത്യസൗഖ്യത്തിൽ മധുചന്ദ്രൻ എപ്പോഴും ഉച്ചമാണെന്നു സൎവ്വാത്മനാ വിശ്വസിക്കുന്നകാലം. പ്രണയകലഹങ്ങളിൽ ആസക്തിയുള്ളകാലം. മഹാരാജ്ഞിയെ പ്രേമബിംബമായി ആരാധിക്കുന്നകാലം. പ്രണയാധിക്യത്താൽ സംശയബിന്ദുക്കൾ മഹാസമുദ്രമെന്നു ഭയപ്പെടുന്ന കാലം. നിമിഷമെന്നാലും വിരഹദുഃഖം അനുഭവിക്കത്തക്ക സന്ധിബലം ഇല്ലാത്ത കാലം.

ഇങ്ങനെയുള്ള താരുണ്യാവസ്ഥയിൽ മഹാകവിമണിമഞ്ചത്തിൽ ഉപവേശിക്കുവാൻ അദ്ദേഹത്തിന ദുർമ്മോഹം തോന്നിയില്ല. സംഗീതസാഹിത്യവിചക്ഷണനെന്ന ജരാനരയില്ലാത്ത യശഃകായം

ധരിച്ചിരിക്കുന്ന നമ്മുടെ പൊന്നുതമ്പുരാൻ ശ്രീ ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു കഥാപുരുഷനായിരിക്കുന്ന ബാലകവിയെ യഥാകാലം മനഃപൂർവ്വം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അനുലോമപ്രതിലോമപാഠങ്ങളിൽ അർത്ഥവ്യത്യാസത്തോടുകൂടി രണ്ടുമണിക്കൂറിടയിൽ കല്പനയനുസരിച്ചു ശ്ലോകം എഴുതിക്കൊടുത്തതിനു തിരുമനസ്സുകൊണ്ടു കോയിപ്പണ്ടാലയെ അനുമോദിക്കയും, പട്ടും വളയും സമ്മാനിക്കയും ചെയ്യാതിരുന്നില്ല. അനന്യസാമാന്യമായ സഹൃദയത്വംകൊണ്ടു സാർവ്വഭൌമനായിത്തീർന്നിട്ടുള്ള ശ്രീ വിശാഖംതിരുനാൾ യുവരാജാവും കഥാനായകന്റെ സാഹിത്യപരിശ്രമം സഫലമാക്കുവാൻ യഥാർഹം സഹായിച്ചുവന്നു. 'മഹച്ചരിതസംഗ്രഹം' തുല്യംചാർത്തിയപ്പോൾ അവിടുന്നു കോയിത്തമ്പുരാന്റെ സഹകരണം നന്ദിപൂർവം സ്വീകരിച്ചിട്ടുണ്ട്. "അക്ബർ" ആഖ്യായിക തർജ്ജമചെയ്യുന്നതിനു കോയിപ്പണ്ടാലയോടു കല്പിച്ചതും, ഗുണദോഷിച്ചതും, അവിടുന്നായിരുന്നു.

മഹാരാജാവു തിരുമനസ്സിലെ പ്രോത്സാഹനശക്തിയുടെ ഫലമാണു കഥാനായകനു ലഭിച്ചിട്ടുള്ള 'കാളിദാസ' ബിരുദ്. എന്നാൽ തിരുമനസ്സിലേക്കു ശാണോല്ലേഖനം ചെയ്യാനല്ലാതെ മണിയുടെ തേജസ്സു കണ്ടാനന്ദിപ്പാൻ ഭാഗ്യം ഉണ്ടായിരുന്നില്ല. പാലാഴിമഥനത്തിൽ അദ്ദേഹം പ്രധാനഭാഗം വഹിച്ചുവെങ്കിലും അമൃതം കാണുന്നതിനു മുൻപുതന്നെ വാസുകി വിഷം കക്കിയതുകണ്ടു ഭയന്നു രംഗംവിട്ടോടേണ്ടിവന്നു. സൌഗന്ധികപുഷ്പത്തിനായി കവിഭീമൻ, കിന്നരസേനയെ ജയിച്ച വർത്തമാനം ഉപദേഷ്ടാവായ മഹാരാജാവിനറിവാൻ സംഗതിയായില്ല. യശഃകവാടത്തിനെ ലക്ഷ്യമാക്കിക്കൊണ്ടു കോയിത്തമ്പുരാൻ എത്ര കാലം ദുർഗ്ഗമമായ വക്രപഥങ്ങളിൽ സഞ്ചരിച്ചുവെന്നൂഹിപ്പാൻപോലും പൊന്നുതമ്പുരാനു കാലമില്ലാതായി. സുകുമാരകവിയുടെ 'യത്നാനുരൂപം ഹി ഫലംക്രിയാണാം' എന്ന സിദ്ധാന്തത്തെ കോയിപ്പണ്ടാലയ്ക്കു ഇരുചെവിയിലും ഉപദേശിച്ചും വച്ച് മഹാരാജാവു വിരമിക്കയാണുണ്ടായത്. മഹാരഥന്മാർ സൽകർമ്മനിരതരാകുന്നതു ഫലപ്രാപ്തി കരുതിയിട്ടാണോ? വലിയ കൊട്ടാരത്തിലെ ആജ്ഞാവൈഭവം നിമിത്തം സൽകവിത്വം തേടിപ്പുറപ്പെടുവാൻ ബദ്ധകങ്കണനായിരിക്കുന്ന നായകന്റെ ഗതിയെ തുടരുകതന്നെ.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നിട്ടു കുറേ ദിവസമായി. കോയിത്തമ്പുരാൻ പള്ളിമെത്തയിൽ ചിത്തകാലുഷ്യത്തോടുകൂടി ശയിക്കുന്നു. ശരീരസുഖം തോന്നുന്നില്ല. തല പുകയുന്നുണ്ട്. ദുഃഖസമ്മിശ്രങ്ങളായ ചിന്താശകലങ്ങൾ കു

ശവക്കുടിയിൽ പാനതട്ടംപോലെ ഹൃദയരംഗത്തിൽ രൂപവൽക്കരിച്ചുകൊണ്ടിരിക്കുന്നു.

"ഓഹോ! ചക്രവാളത്തിന്റെ ഈശാനകോണിൽ ഇരുണ്ടുകാണുന്ന ചെറിയ മറുക് എന്താണ്? മഴക്കാറിന്റെ ലാഞ്ഛനം. അതുകൊണ്ട് ആപൽശങ്ക ലവലേശമില്ല. പക്ഷേ, ചാന്തുപൊട്ടുപോലിരുന്നതു ക്ഷണംപ്രതി ഘനത്തിൽപരന്ന് ആകാശം മൂടാൻ ഭാവിക്കുന്നുവല്ലോ. പതുക്കെ തലോടിക്കൊണ്ടിരുന്ന കാററും അലറിക്കൊണ്ടു വീശിത്തുടങ്ങുന്നു. ഇടിയും മിന്നലും ഭയങ്കരം. ജലാശയത്തിൽ അലയും, പൊങ്ങിമറിയുന്നു. മഹാവൃഷ്ടിയും നിർദ്ദയമായി ചൊരിയുവാൻ ആരംഭിച്ചുവോ? കായലിൽ പാട്ടും പാടി കളിച്ചുരസിച്ചുകൊണ്ടിരുന്ന ഓടങ്ങളുടേയും വഞ്ചികളുടേയും അഭയം എവിടെയാണ്? അഹോ! നോക്കുക. അവയെല്ലാം ഓളപ്പാത്തിയിൽ മുങ്ങിപ്പൊങ്ങി വലയുന്നല്ലോ. എന്തു ചെയ്യട്ടെ? ആദിയിലുണ്ടായിരുന്ന കർണ്ണാമൃതമായ സംഗീതമെല്ലാം ഇപ്പോൾ മരണവേദനയിലുള്ള കൂട്ടവിളിയായി. തോണികൾ ഓരോന്നായി കാണാതാകുന്നു! രോദനവും അടങ്ങുന്നു! ക്രമശഃസർവ്വവും നിശ്ശബ്ദം! കാററും കോളും വന്നവഴിയേ പോയി. തടാകം പ്രശാന്തമായി. ഒരു സുന്ദരരൂപം ആഴിഗർഭത്തിലേക്കു താഴുന്നു! ചന്ദ്രാംഗദ! സർപ്പഗണങ്ങൾ ഇതാ നിനക്കു സ്വാഗതം പറവാൻ തെയ്യാറായി നില്ക്കുന്നു! തക്ഷകരാജധാനിയിൽ നിനക്കു പരമാനന്ദംതന്നെ. എന്നാൽ ഈ കഥ ഇത്രത്തോളം കണ്ടുനിന്നു പറഞ്ഞുകേൾപ്പിച്ച എനിക്കോ—?അഹോ! എന്താണ് അശരീരി? 'ദുഷ്ടാ! നിഷ്ഠുരന്നേ! എന്റെ കഥ ആലോചിപ്പാൻ നിനക്കു ദയതോന്നാത്തതെന്ത്? നിനക്ക് അരനിമിഷം ഭാര്യയെ വിട്ടു താമസിപ്പാൻ മനസ്സുവരുമോ? നിന്നെപ്പോലെയുള്ളവർക്ക് അതും സാധിച്ചേക്കാം. ഭാര്യയോട് സ്നേഹം ഉണ്ടെങ്കിലല്ലേ മററുള്ളവരുടെദുഃഖം അറിയുകയുള്ളൂ? പ്രേമഭാജനമെന്നു പുറമേ നടിച്ചതുകൊണ്ടായോ? ശ്ലോകത്തിൽ കുറച്ചതുകൊണ്ടായോ? ലീലാരണ്യത്തിലെ സംഭവത്തെക്കുറിച്ചു നിനക്കു പശ്ചാത്താപമുണ്ടോ? അകാരണമായി സ്വന്ത പട്ടമഹിഷിയെ പരിഭ്രമിപ്പിച്ച നിഷ്ഠുരന് എന്റെ അവസ്ഥയിൽ പരിതാപം തോന്നുന്നതെങ്ങനെ? എന്റെ ഭർത്താവു നിന്നെപ്പോലെ കഠിനഹൃദയനല്ല. ചന്ദ്രാംഗദനു പരമാനന്ദമാണത്രെ. മഹാപാപി! ചുഴന്നു നോക്കു. അദ്ദേഹം വഹ്നിയിൽ വരളുന്നതു കണ്ടാലും നീ വിശ്വസിക്കുമെന്നു തോന്നുന്നില്ല. നീ എന്റെ തിരുമംഗല്യം പറിക്കാനല്ലേ തുടങ്ങിയതു? തല്ക്കാലം നിന്റെ ആഗ്രഹം സാധിക്കയും ചെയ്തു. പക്ഷെ, എനിക്ക് ശീലാവതിയുടെ സത്യനിഷ്ഠയുണ്ടെങ്കിൽ എന്റെ ശാപവും ഫലിക്കാതിരിക്കയില്ല. പരീക്ഷിക്കാമല്ലോ. നിന്റെ പട്ട

മഹർഷികളും എന്റെ അവസ്ഥ വന്നു സംഭവിക്കട്ടെ! എന്റെ കോപാഗ്നിയിൽ ജനിച്ച ക്രൂരസൃഷ്ടികൾ നിന്റെ അധഃപതനത്തിനു കാരണമായിത്തീരട്ടെ! ആഹാ! ഇതെന്താശ്ചര്യം? എന്റെ ഭർത്തൃനിന്ദയ്ക്കു ശക്തിയുണ്ട്. ഇത്രയും പറയുന്നതിനു മുൻപുതന്നെ നിന്റെ മുറവും എന്റെ സൈന്യം വളഞ്ഞുകഴിഞ്ഞു! ലീലാരണ്യത്തിൽ കേട്ട ശബ്ദം എന്റെ ശാപത്തിന്റെ പ്രതിധ്വനിയെന്ന് ഉറച്ചുകൊള്ളുകയേ വേണ്ടൂ. പക്ഷിമിഥുനം എന്റെ പാടിയാളിയുടെ മായാവേഷമാണ്. ബന്ധകംകൊണ്ട് എന്നെ ബന്ധിപ്പിക്കാൻ നിന്നാൽ സാധിക്കയില്ല. അയ്യോ! ഇതെന്തൊരു വിലാപമാണ്? സീമന്തിനിയുടെ ശബ്ദമല്ലേ കേട്ടതു്? അതെ, തെററില്ല. എന്നെ ശപിക്കയാണു ചെയ്തതു്. ശാപം ഫലിക്കാതിരിക്കില്ല. ഞാൻ ചെയ്തിട്ടുള്ള അപരാധം മനസ്സിലായി. വളരെ അന്ധാളിപ്പു പററി. ശാപമോക്ഷത്തിനപേക്ഷിക്കട്ടെ. ദേവീ! എന്റെ അറിവില്ലായ്മകൊണ്ടു ചെയ്തുപോയതു ക്ഷമിക്കണെ! തല്ക്കാലം ഞാൻ വാമനനാണ്. വാഗ്ദേവതയേ പൂജിച്ചു പ്രത്യക്ഷമാക്കാൻ ഞാൻ തപസ്സുചെയ്യുന്നുണ്ട്. എന്റെ അത്യാഗ്രഹം കൊണ്ടു് ഇപ്പോൾ എന്തൊക്കെയോ കാട്ടിക്കൂട്ടി വച്ചിട്ടുള്ളതു ഭംഗിയായിട്ടില്ലെന്ന് എനിക്കുതന്നെ അറിയാം. വൈദഗ്ദ്ധ്യംകൊണ്ടും നിരൂപണശക്തികൊണ്ടും പ്രഥമഗണനീയനായ മഹാരാജാവു് തിരുമനസ്സുകൊണ്ടു് എന്റെ ബാലിശകൃതികളോടു് ആഭിമുഖ്യം കാണിക്കാത്തതു് അവയുടെ ആസ്വാദ്യതക്കുറവിനാൽത്തന്നെ. ഉത്തമബന്ധുവായ വിശാഖന്റെ അഭിപ്രായത്തിലും എന്റെ പരിശ്രമഫലങ്ങൾ അപൂർണ്ണങ്ങളാണ്. അതിനാൽ ചന്ദ്രാംഗദന്റെ കഥ വിസ്തരിപ്പാൻ തുടങ്ങിയതു സാഹസമായിപ്പോയി. ശാപമോക്ഷം ഉണ്ടെങ്കിൽ പറഞ്ഞുതരു. 'ഇല്ലില്ല. മഹാരാജാവിന്റെ അഭിപ്രായം വകവയ്ക്കാനില്ല. എന്നെ സംബന്ധിച്ചിടത്തോളം നിന്റെ കവിതയിൽ സാരള്യക്കുറവു കാണുന്നില്ല. ശ്രീ വിദ്യാദേവിയുടെ പ്രസാദം നിനക്കു മേൽക്കുമേൽ ഉണ്ടാവാൻ പോകുന്നു. നിന്റെ സരസമായ വാങ്മാധുര്യത്താൽ തക്ഷകനെ സമ്മതിപ്പിച്ചു് എന്റെ ഭർത്താവിനെ കൊണ്ടുവന്നു തരുന്ന കാലത്തു നിനക്കു ശാപമോക്ഷം വരും' ഇങ്ങനെയാണോ എന്റെ ദുഃഖം തീരാൻ പോകുന്നതു്".

അമ്മാവൻ കോയിത്തമ്പുരാന്റെ 'സോമവാരമാഹാത്മ്യം' താൻ അല്പം പൂരിപ്പിച്ചിട്ടുള്ളതിനെ എടുത്തു വായിച്ചുകൊണ്ടിരുന്നപ്പോൾ മേൽ കണ്ടവിധം ഒരു വിചാരം ദിവാസ്വപ്നംപോലെ ഉള്ളിൽ കടന്നുകൂടി. ഝടിതിയിൽ എണീററു. തന്റെ ഏകാന്തതയെ ഭഞ്ജിക്കുന്നതിനു് 'ടിക്, ടിക്' എന്നടിക്കുന്ന നാഴികമണിയുടെ ശബ്ദമേ മുറിയിൽ കേൾപ്പാനുണ്ടായിരുന്നുള്ളു. കുസാ

ലയിൽ പോയിരുന്ന പുസ്തകത്തിൻെറ ശേഷംഭാഗം എഴുതുവാൻ ആരംഭിച്ചു. അപ്പോഴാണു തൻെറ ശക്തിക്ഷയം മനസ്സിലായതു്. ബുദ്ധിക്കശേഷം ഓട്ടമില്ലാതായി. ആശയങ്ങൾ ഭാഷാരൂപങ്ങളായി വെളിയേ പുറപ്പെടുന്നതിനു ലജ്ജകാണിച്ചുതുടങ്ങി. എഴുതുമ്പോൾ കൈയും വിറയ്ക്കുന്നുണ്ടു്. പേനയിൽ മഷി ശരിയായി ഒഴുകുന്നില്ല. മനസ്സിനും ഉറപ്പില്ലാതായി. നാലുമണി കഴിഞ്ഞുമരം പോയിക്കഴിഞ്ഞു വെന്നു തീർച്ചയാക്കി. മനസ്സിനെ പോയവഴിയേ അടിച്ചുകൊണ്ടു മുറിയിൽ നാലുപാടും നടന്നുനോക്കി. ഒന്നുകൊണ്ടും സമാധാനം വന്നില്ല.

കോയിപ്പണ്ടാലയുടെ മനോവ്യഥയ്ക്കു കാരണം എന്തായിരിക്കുമോ? ഉന്തിയരശ്ശടിയറവു പറഞ്ഞതുപ്പോൾ യാദൃച്ഛികമായി മഹാരാജ്ഞി ഉപയോഗിച്ച പദങ്ങൾ വികടസരസ്വതിയുടെ ദുഷ്പ്രേരണയാലായിരുന്നുള്ള ദുശ്ശങ്കയായിരിക്കുമോ? അങ്ങനെയാണെങ്കിൽ അവ എത്രത്തോളം തൻെറ ഭാവിയെ സംബന്ധിക്കുന്നതാണെന്നറിവാനുള്ള ഉൽകണ്ഠയായിരിക്കുമോ? ഇയ്യിടയ്ക്കു മഹാരാജ്ഞിയെ കൂടക്കൂടെ കാണ്മാൻ സാധിക്കായ്കയാലുള്ള മനോവേദനയായിരിക്കുമോ? യുവരാജാവിൻെറ സംസർഗ്ഗത്താൽ തനിക്കാപത്തു സംഭവിച്ചേക്കാമെന്നുള്ള ഭീതിയാണോ? ലീലാരണ്യത്തിലെ സംഭവമോർത്തു പശ്ചാത്താപം തോന്നുന്നുണ്ടായിരിക്കുമോ? സന്താനമില്ലെന്നുള്ള കുണ്ഠിതമാണോ? പത്മവിലാസത്തിൽനിന്നു വലിയകൊട്ടാരത്തിലേക്കും അവിടുന്നു റസിഡൻസിയിലേക്കും അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരിക്കുന്ന എഴുത്തുകുത്തുകൾ രാജ്യക്ഷേമാനുകൂലമാണോയെന്നു പര്യവേഷണം ചെയ്കയായിരിക്കുമോ? ഏതാണു് അദ്ദേഹത്തിൻെറ അസ്വാസ്ഥ്യഹേതുവെന്നറിഞ്ഞുകൂടാ.

വളരെനേരം നടന്നു കഴിച്ചപ്പോൾ അച്ഛൻനമ്പൂതിരി പതിവുപോലെ വന്നുകയറി.

അ: ന — ഇന്നെന്താണു് ഒരു വിശേഷം കാണുന്നതു്? നല്ല സുഖം തോന്നുന്നില്ലേ?

കോ: ത: എൻെറ തലയ്ക്കു് ഒരു ഭാരം തോന്നുന്നുണ്ടു്. അതു് അത്ര പറയാനില്ല. എന്നാൽ ഇന്നു് അല്പമൊരു വിശേഷമുണ്ടായി.

അ: ന.—എനിക്കും ഒരു വിശേഷസംഗതി പറയാനിണ്ടു്. അവിടുന്നു പറവാൻവന്നതു് എന്താണു്?

കോ: ത: — ഒരു സ്വപ്നംകണ്ടുവെന്നു ശങ്ക. എന്നാൽ ഞാൻ ഉറങ്ങിയതായി ഓർമ്മയുമില്ല.

അ: ന:— ഉറങ്ങാതെ സ്വപ്നംകാണുകേ?

കോ: ത:—ദിവാസ്വപ്നം എന്നൊരുവകയുണ്ടെന്നു മനഃശാസ്ത്രവേദികൾ പറഞ്ഞുവരാറുണ്ട്.

അ: ന:—എന്താ സ്വപ്നം?

കോ: ത: – അമ്മാവന്റെ 'സോമവാരമാഹാത്മ്യം' വളരെക്കാലത്തിനു മുൻപ് ഞാൻ അസാരം പൂരിപ്പിക്കയുണ്ടായി. അതു–

അ: ന: – (തടഞ്ഞിട്ട്) ഒേ, ഒേ! നില്ക്കട്ടെ. ദുഃഖഘട്ടത്തിൽ ദണ്ഡകം അവസാനിപ്പിച്ചിട്ടില്ലേ?

കോ: ത:— അവിടുന്ന് എങ്ങനെയറിഞ്ഞു? ആശ്ചര്യം!

അ: ന: —ഈ കത്തു വായിച്ചുനോക്കുക.

കൊയിപ്പള്ളിലാല എഴുത്തുവാങ്ങി ഇപ്രകാരം വായിച്ചു.

തക്ഷകസംഘം,
൧൦൨-൩-൯൭.

ശ്രീ.

ദണ്ഡകം! സീമന്തിനിയുടെ ശാപം ഓമ്മയുണ്ടോ? സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടാ.

എന്ന്, ഇരവിയൻതമ്പി,
തക്ഷകഭടനായകൻ.

കോ: ത: — ഇരവിയൻതമ്പി! തക്ഷകസംഘം!! തക്ഷകഭടനായകൻ!!!

അ: ന:—എന്താണാലോചിക്കുന്നത്?

കോ: ത:—എന്താ ആലോചിക്കാനുള്ളത്?

അ: ന: – ഛെ! അങ്ങനെ വിഷാദിക്കരുത്. നിവൃത്തിമാർഗ്ഗം ആലോചിക്കാം.

കോ: ത: — ഞാൻ നോക്കീട്ടൊന്നും കാണുന്നില്ല. രാജധാനിയിൽ തക്ഷകസൈന്യം നിറഞ്ഞുകഴിഞ്ഞാൽ പിന്നെ അടിയറവു സമ്മതിക്കുകയേ നിവൃത്തിയുള്ളു. മഹാരാജ്ഞി അറിയാതെ പറഞ്ഞുപോയ വാക്കുകൾ ഇനി വേദവാക്യമായി വിശ്വസിക്കണം.

"ശ്രീമത്ത്വത്താൽമദമൊടുജഗൽപ്രാണനേത്തിന്നുനന്നായ്-
സ്സാമത്ഥ്യത്തോടഹിഭയമുദിപ്പിച്ചുഭൂമീപതിക്കും.

കേമത്വംപൂണ്ടു" പുളച്ചുനടക്കുന്ന അസുരസപ്പ്ങ്ങളെ ജയി

ക്കാമെന്നു മോഹിക്കേണ്ട. മഹാരാജാവിനേയും കുററംപറഞ്ഞാലാ യില്ല ഈ സൈന്യത്തെക്കണ്ടാൽ ആൎക്കും ഭയം തോന്നുന്നതു സഹജമാണ്.

അ: ന:—ഇരവിയൻതമ്പിക്ക് എന്തോ പൈശാചികശക്തി യിണ്ട്.

കോ: ത: – എന്നു ഞാൻ വിശ്വസിക്കുന്നില്ല.

അ: ന:—പിന്നെ അയാൾ 'ദണ്ഡക'മിണ്ടെന്നു മനസ്സിലാ ക്കിയതെങ്ങനെയാണ്?

കോ: ത:—ചാരന്മാരുടെ ചോരകൃത്യത്താലായിരിക്കണം. എ ന്റെ നോട്ടുപുസ്തകം ഇത്രനാളും എവിടെയോ ഒളിച്ചുകിടന്നിരുന്നു. എനിക്കുതന്നെ ഓൎമ്മയുണ്ടായിരുന്നില്ല. അതു് ഇന്നെന്റെ മേശ യിൽ വരുവാൻ സംഗതിയെന്തു്? ആരോ പരിശോധിച്ചിട്ടു തിരി യെക്കൊണ്ടുവന്നു വച്ചിരിക്കണം. സംഗതിയുടെ ഗൌരവം നോ ക്കുമ്പോൾ ഇവിടെയുള്ള പട്ടക്കാരന്മാരും തസ്കരസംഘത്തിൽ ചേ ൎന്നവരെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. എന്താചെയ്ക? ഒരു ത്തരേയും വിശ്വസിച്ചുകൂടാത്ത നിലയായി. ഒരു നല്ലപയ്യനെ ത്തുണയ്ക്കു കിട്ടിയാൽ വേണ്ടില്ല. അവിടുന്ന് ഒന്നന്വേഷിക്കാമോ?

അ: ന:—എനിക്കു പരിചയമുള്ള ഒരു സമൎത്ഥൻചെക്കനി ണ്ടായിരുന്നു. അവനിപ്പോൾ എവിടെയാണെന്ന് അറിഞ്ഞുകൂടാ. ആട്ടെ, നോക്കട്ടെ.

കോ: ത:—ഈ കത്തു് അവിടുത്തെക്കൈയിൽ വന്നതെ ങ്ങനെ?

അ: ന:—നമ്മൾ കളിയിൽ മടങ്ങിയ ദിവസം ഓൎക്കുന്നില്ലേ?

കോ: ത: —ആ ദിവസം മറന്നുപോകുകയൊ? നല്ലശിക്ഷ: എന്റെവരുംകാലത്തെ അനുഭവങ്ങളെ കുറിക്കുന്നതെല്ലാം അന്ന ത്തെ അശരീരികളും ശകുനങ്ങളുമാണ്. അന്നു ജയിച്ചിരുന്നുവെ ങ്കിൽ എന്റെ ആപത്തു് ഒഴിഞ്ഞുപോയേക്കുമെന്ന് ആശിച്ചിട്ടുണ്ടാ യിരുന്നു. അവിടുന്ന് ആനയെട്ടത്തടിയറവുപറഞ്ഞപ്പോൾ എന്റെ സന്തോഷത്തിന്നതിരില്ലായിരുന്നു. ആഗ്രഹം സാധിച്ചുവെന്നു തോ ന്നി. പിന്നീടു കാററു മാറിവീണപ്പോൾ—എന്റെ കുണ്ഠിതം ആരറിഞ്ഞു? രാജ്ഞിയെ അറിയിക്കാതെ ഒരുവിധം കഴിച്ചുകൂട്ടി യതുതന്നെ ഭാഗ്യമായി. എന്റെ ദുഃഖം രാജ്ഞിയെ ധരിപ്പിച്ചു വൈപരക്കേടുണ്ടാക്കിയതുകൊണ്ടു ലാഭമെന്തുള്ളൂ? എന്റെ ആശ അങ്ങനെതന്നെ അസ്തമിച്ചുപോയി. അനന്തരം നടന്നതു് ഓൎമ്മി ക്കുക. രാജ്ഞിയുടെ നാവിൽകൂടി പുറപ്പെട്ട ദിവ്യവചനം.

എന്റെ രാജാവു് ഇവിടെ ഇരിക്കുന്നേടത്തോളംകാലം കോയിപ്പണ്ടാലയ്ക്കു ബന്ധനം" എന്നല്ലെ എന്റെ വാത്സല്യഭാജനമായ മഹാരാജ്ഞി ഉപസംഹരിച്ചതു്?

അ: ന:—ഓർമ്മയുണ്ടു്. മഹാരാജ്ഞിക്കു് അരമനരഹസ്യങ്ങൾ അല്ലെങ്കിൽ രാഷ്ട്രീയരഹസ്യങ്ങൾ വല്ലതും അറിയാമോ? തല്ക്കാലം നടന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ അവിടത്തെ സൂത്രത്തിൽ ധരിപ്പിക്കയായിരിക്കുമോ?

കോ: ത:—ആയില്യംതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തു സേതുലക്ഷ്മീഭായിത്തമ്പുരാട്ടിക്കു ഭരണതന്ത്രരഹസ്യങ്ങളിൽ അംശഭാഗിനിയാവാൻ പ്രത്യേക അവകാശമുണ്ടു്. വലിയകൊട്ടാരത്തിൽ അതു കല്പിച്ചനുവദിക്കയും ചെയ്തിട്ടുണ്ടു്. രാജകീയചിന്തകളിൽ രാജ്ഞിയുടെ വ്യാപ്തി അഗണ്യമല്ല. രാജ്ഞിയില്ലാതെ ഭരണയന്ത്രം ചലിക്കുന്നതല്ല. രാജ്ഞിയുടെ ബുദ്ധിഗുണത്തെ അനുസ്മരിച്ചും അനുമോദിച്ചും രാജ്യകാര്യാലോചനകളിൽ അവിടുത്തെ ഉപദേശങ്ങൾ വലിയകൊട്ടാരത്തിൽ സസന്തോഷം കൃതജ്ഞതാപൂർവ്വം സ്വീകരിക്കാറുണ്ടു്. രാജ്ഞി എന്നോടുപോലും ഭരണരഹസ്യങ്ങൾ വെളിപ്പെടുത്തുകയില്ലെന്നു മഹാരാജാവു തിരുമനസ്സിലേക്കു പൂർണ്ണവിശ്വാസമുണ്ടു്. അതുകൊണ്ടാണു രാജ്ഞിക്കു് ഇത്രത്തോളം പ്രാധാന്യം അവിടുന്നു കല്പിച്ചുകൊടുത്തിട്ടുള്ളതു്. എന്നാൽ—

അ: ന:—എന്നാൽ—?

കോ: ത:—എന്നെ സംബന്ധിച്ചുള്ള സംഗതി—എന്നെ ആപൽക്കൂപത്തിലേക്കു കെട്ടിവലിക്കുന്ന രാജരഹസ്യം—എന്റെ അധഃപതനത്തിനുള്ള കാരണം—എന്റെ അപമാനഹേതു—എന്റെ പ്രണയപാശം അറുത്തു മുറിപ്പാനുള്ള നിർദ്ദയസംരംഭം—എന്റെ ഐഹികസൌഖ്യം പാടേ വെട്ടിയെറിയുന്ന ക്രൂരമായ വന്മഴു ഹാ! നിഷ്ഠുരനായ ദുർദ്ദൈവമേ! എന്റെ ഉത്തമജന്മം ഒടുക്കുവാനുള്ള ദണ്ഡപാശങ്ങൾ—!!

അ: ന:—അ വൂ—ഊ!! ആപത്തിനെ അങ്ങിട്ടുപോയി ക്ഷണിച്ചുവരുത്തണ്ട. വരുമ്പോൾ അതിന്റെശേഷം അപ്പോൾ—മാനം വീഴാതിരിപ്പാൻ മുട്ടിടുകേ! അതും ബാഷ്പധാരകൊണ്ടു്! ചാപല്യം കളയൂ. പ്രതിവിധിയില്ലാതെ സ്ഥൂലദൃഷ്ടിയിൽ ഒരു സംഗതിയിണ്ടോ? കഴിഞ്ഞതെല്ലാം മറക്കൂ. ഈ വർത്തമാനം തുടന്നാൽ ആധി വർദ്ധിക്കയേയുള്ളൂ. കരു നിരത്തു കളിക്കാം.

കോ: ത: (കണ്ണും മുഖവും തുടച്ചുകൊണ്ടു) ഹോയി! എനിക്കു വ്യസനമില്ല. നാം തമ്മിൽ ഇനി വളരെക്കാലത്തേക്കു കണ്ടു സം

സാരിപ്പാൻ ഭാഗ്യംവരുമെന്നു തോന്നുന്നില്ല. എന്റെ ഭ്രതോദയം തെററുകയില്ല. പിരിയുന്നതിനുമുൻപിൽ ഈ ഹ്രസ്വമനസ്സിൽ സംക്രമിച്ചിരിക്കുന്ന ആധികളേയും ഭീതികളേയും ആശങ്കകളേയും ആശകളേയും ആശയങ്ങളേയും ആദർശങ്ങളേയും പറഞ്ഞുതീർക്കുവാൻ അനുവദിക്കുക.

അ: ന:—അവിടുത്തെ ആധിയും ഭീതിയും എല്ലാം നിദാനരഹിതമാണ്. മനസ്സീന്ന് കളയൂ.

കോ: ത:—അതിന് ശ്രമിക്കാതിരിക്കുന്നില്ല. അതു പോകട്ടെ, ഞാൻ പറയുന്നതു് അല്പം ശ്രദ്ധിക്കുക.

അ: ന:—തന്റേടം വിടാതെ പറഞ്ഞാലേ ഞാൻ കേൾക്കൂ.

കോ: ത:—നോക്കാം. അല്പാല്പം ക്ഷോഭം കണ്ടാലും ക്ഷമിക്കുക.

അ: ന:—ക്ഷോഭം സഹജമാണ്. മുഖക്ഷോഭം പുരുഷത്വമല്ല. ക്ഷത്രിയന്ന് തീരെ മൌഢ്യം; അതുതന്നെ.

കോ: ത:—ഇവിടുന്നടുത്തുള്ളപ്പോൾ ധൈര്യംതന്നെ.

അ: ന:—എന്നാൽ പറഞ്ഞുകൊള്ളുക.

കോ: ത:—ഞാൻ എവിടെയാണു നിർത്തിയതു്? ഓർമ്മയില്ല.

അ. ന:—അവിടുത്തെ ബന്ധിപ്പാൻ പോകുന്ന പാശങ്ങളെക്കുറിക്കുന്ന പ്രകൃതം.

കോ: ത:—ശരി. കേട്ടുകൊള്ളുക ശാന്തശീലനായ രാജാവ്—ഭൂതാനുകമ്പ നിറഞ്ഞുതുളുമ്പുന്ന രാജാവ്—സത്യസന്ധനായ രാജാവ്—മിത്രവാത്സല്യമുള്ള രാജാവ്—ഭക്തവത്സലനായ രാജാവ്—ഈശ്വരഭക്തിപരവശനായ രാജാവ്—ശ്രീപത്മനാഭദാസനായ രാജാവ്—പ്രജാക്ഷേമതല്പരനായ രാജാവ്—ഭരണനിപുണനായ രാജാവ്—രാഷ്ട്രീയപൌരുഷമേറിയ രാജാവ്—രാഷ്ട്രീയധർമ്മം അറിഞ്ഞ രാജാവ്—ദുസ്സേവകഗണം ഇല്ലാത്ത രാജാവ്—ഏഷണികേൾക്കാത്ത രാജാവ്—ദുഷ്ടജനനിഗ്രഹംചെയ്യുന്ന രാജാവ്—വിദ്യാവൃദ്ധനായ രാജാവ്—വിദ്വജ്ജനപൂജിതനായ രാജാവ്—സാഹിത്യകുശലനായ രാജാവ്—രസജ്ഞനായ രാജാവ്—കലാവല്ലഭനായ രാജാവ്—ഭ്രാതൃസ്നേഹമൂർത്തിയായ രാജാവ്—രാജകുടുംബത്തിന്റെ മാനാഭിമാനകർത്താവായ രാജാവ്—രാജ്ഞിയുടെ ശ്രേയഃകാംക്ഷിയായ രാജാവ്—മഹാരാജ്ഞിയുടെ മാതുലനാ

യ രാജാവ് — ഭാഗിനേയിയുടെ ഭത്താവായ കോയിപ്പണ്ടാല ഞാൻ; എന്റെ സാഹിത്യസംരംഭങ്ങളിൽ ആഭിമുഖ്യമില്ലെങ്കിലും പ്രോത്സാഹനേച്ഛുവായ രാജാവ് — സവ്വഗുണസമ്പന്നനായ മഹാരാജാവ് - ശ്രീ ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് —

അ: ന: — കഷ്ടം! കഷ്ടം!!

കോ: ത. — അങ്ങനെയുള്ള മഹാരാജാവ് എന്റെ മഹാരാജ്ഞിയെ സകല സംഗതികളിലും വിശ്വസിക്കുന്നുണ്ടെന്നുവരികിലും എന്റെ വിഷയത്തിൽ വിശ്വസിക്കുന്നില്ല. വിശ്വസിക്കുകയുമില്ല. എന്നെസ്സംബന്ധിച്ചുള്ള പരമരഹസ്യം രണ്ടാമനറിഞ്ഞുകൂടാ- തിരുമനസ്സിലെ ഹൃദയത്തിൽതന്നെ ഗർഭസ്ഥമാണ്. ഞാൻ മുമ്പു പറഞ്ഞതിന് ക്രിയവയ്ക്കട്ടെ. എന്റെ ഉത്തമജന്മം ഒടുക്കുവാനുള്ള ദണ്ഡപാശങ്ങൾ മഹാരാജ്ഞിയുടെ കണ്ണിൽ കാണിക്കുകയില്ല, കാതിൽ കേൾപ്പിക്കുകയില്ല; മററു വിധേന ധരിപ്പിക്കുകയില്ല. രാജ്ഞി അറിയുവാൻ ശ്രമിച്ചാലും സാധിക്കുകയുമില്ല.

അ: ന: — പിന്നെ അറംഭവിക്കാവുന്ന വാക്കുകൾ എങ്ങനെ ഉത്ഭവിച്ചു?

കോ: ത: — പ്രകൃതത്തിന്റെ വിശേഷം! അങ്കസ്മാൽ. അതുകൊണ്ടാണ് അതിനെ 'അശരീരി' എന്നു പറഞ്ഞത്. ഇനിയും ധാരാളം ദുസ്സ്വപ്നങ്ങളും, അറങ്ങളും, ഗൌളിശബ്ദങ്ങളും ജ്യോതിഷഫലങ്ങളും, എന്റെ മേൽ കററം സ്ഥാപിക്കുന്നതിനു പററിയ തെളിവുകളും രേഖകളുമായി വലിയകൊട്ടാരത്തിൽ ശേഖരിച്ചു വച്ചിട്ടുണ്ട്.

അ: ന: — ഇതിനെല്ലാം ഒരു കത്താവു വേണമല്ലോ?

കോ: ത: — കത്താവും ക്രിയയും എല്ലാം ഒരു ദുരാത്മാവേയുള്ളു ഇരവിയൻതമ്പി!

അ: ന: - തമ്പിക്ക് കൊട്ടാരത്തിലെന്നല്ല, കോട്ടയ്ക്കകത്തുകൂടി പ്രവേശനമില്ല; അയാളെ കണ്ടിട്ടില്ല; സംസാരിച്ചിട്ടില്ല; ഓമ്മിച്ചിട്ടില്ല; തിരുമനസ്സിലേ ബദ്ധശത്രുവാണ്; ഇങ്ങനെയാണല്ലോ മഹാരാജാവുതന്നെ എന്നോടരുളിച്ചെയ്തിട്ടുള്ളത്.

കോ: ത: — വാസ്തവംതന്നെ. ഞാനും വിശ്വസിക്കുന്നു. എന്നാൽ തമ്പിയുടെയും ചാരന്മാരുടേയും ഏഷണിസ്വരൂപം — അല്ല; വികൃതിവിരൂപങ്ങൾ അനംഗപ്രകൃതികളായി വായുമണ്ഡലത്തിൽകൂടി മഹാരാജാവിന്റെ ആസ്ഥാനമണ്ഡപത്തിലേക്കു നിത്യം പ്ര

യാണംചെയ്തുകൊണ്ടിരിക്കുന്നു. ചങ്ങലയുടെ ഇടയിലുള്ള ഒന്നുരണ്ടു കണ്ണികൾ ലഭിക്കാത്തതുകൊണ്ടു പൂൎത്തിയാക്കുവാൻ പ്രയാസം. അതിന്റെ ഫലം ഇപ്പോഴേക്കും കുപ്രസിദ്ധമായിത്തീൎന്നുകഴിഞ്ഞതല്ലൊ.

അ: ന:—അഹിഭയത്തെക്കുറിച്ച് ഇവിടുത്തേക്കു കൂടുതൽ വിവരങ്ങൾ അറിയാമോ?

കോ: ത:—പണ്ഡിതകേസരികൾ എത്രതന്നെ ശ്രമിച്ചാലും 'അഹിഭയം' എന്താണെന്നു വ്യാഖ്യാനിപ്പാൻ പ്രയാസം; അശക്യം. അതിന്റെ വാച്യാൎത്ഥം, വ്യംഗ്യാൎത്ഥം, ഭാവം, ധ്വനി, പരിഭാഷ മുതലായതു വിശദീകരിപ്പാൻ തിരുമനസ്സുകൊണ്ടുതന്നെ വേണം. അദ്ദേഹമല്ലേ അനുഭവസ്ഥൻ? അദ്ദേഹമല്ലേ അതിനെ നനച്ചുവളൎത്തി പരിപുഷ്ടിപിടിപ്പിച്ചിട്ടുള്ളതു്? ഒരുകാലത്തു് അദ്ദേഹത്തിന് ആഖ്യാനം എഴുതി പ്രസിദ്ധംചെയ്വാൻ മനസ്സുവന്നാൽ അന്നു വെളിവായേക്കാം. അതുവരെ പരമരഹസ്യമായിരിക്കുകതന്നെ ചെയ്യും. അഹിഭയത്തെപ്പററി ആലോചിച്ചുകൊണ്ടിരുന്നാൽ യാതൊരു പ്രയോജനവുമുണ്ടാവാനില്ല. ഇരവിയൻതമ്പിയെ അവിടുന്നു കണ്ടുവോ? എഴുത്തു് ആരുതന്നു?

അ: ന:—അതിനായിട്ടാണു ചതുരംഗം കളിച്ചദിവസം അവിടത്തെ ഓൎമ്മിപ്പിച്ചതു്. അന്നു് ഉണ്ണി തനിച്ചു ജയഭേരി അടിച്ചുകൊണ്ടു് ഇവിടന്നു് ഇറങ്ങി ഓടിയില്ലേ? വഴിയിൽ തമ്പിയെ കണ്ടുമുട്ടി. തക്ഷകസംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ ചിലതെല്ലാം അയാൾ ഉണ്ണിയോടു പറകയുണ്ടായി. ഒടുവിൽ എന്റെ വിലാസത്തിൽ ഒരു കത്തും കൊടുത്തു. അതിൽ അടക്കംചെയ്തിരുന്നതാണു് ഇക്കത്തു്.

കോ: ത:—എന്റെ നേരേ അവൻ വന്നാൽ ഒരു തോട്ടയുടെ ചെലവുമാത്രം. ഭയംകൊണ്ടാണു നേരേ വരാത്തതു്. വലിയകൊട്ടാരത്തിൽ വിവരങ്ങൾ അറിയിക്കുന്ന വിധവും ഏകദേശം ഇങ്ങനെയാണെന്നു് ഊഹിക്കാൻ ന്യായമുണ്ടു്.

അ: ന:—ഉള്ളതുതന്നെ. ഒരു നറുക്കെഴുതി തപ്പാൽപെട്ടിയിൽ ഇട്ടാൽ തീൎന്നു.

കോ: ത:—അവൻ ഉണ്ണിയോടു് എന്തെല്ലാം പറഞ്ഞു?

അ: ന:—അതു വിസ്തരിച്ചു പറവാൻ മകൻതന്നെസമൎത്ഥൻ. ഇങ്ങിട്ടിന്നുതന്നെ പറഞ്ഞയയ്ക്കാം?

കോ: ത:—ഉണ്ണി എന്താണ് അവിടുത്തേക്കുടെ വരാത്തതു്? പതിവല്ലം തെററിച്ചതെന്തു്?

അ: ന:—ഉണ്ണിക്കും ഇവിടത്തെപ്പോലെതന്നെ മനോവ്യാധി അല്പം ഉണ്ടായിട്ടിണ്ടു്. വിവരം ചോദിച്ചിട്ടു പറയിണില്ല. ഞാൻ പോരുമ്പോൾ അയാൾ ഉറക്കമാണ്. വിശ്രമിക്കട്ടെയെന്നു വിചാരിച്ചു വിളിപ്പാൻ പോയില്ല.

കോ: ത:—കൊട്ടാരത്തിൽ എപ്പോൾ പോകും?

അ: ന:—നാളെ മുഖംകാണിക്കണമെന്നു നിശ്ചയിച്ചിട്ടിണ്ടു്.

കോ: ത:—എന്റെ കാൎയ്യം അറിയിക്കുമോ? തെളിവുകൾ ശേഖരിക്കുന്നതു് എന്തിനാണെന്നു ചോദിക്കുമോ?

അ: ന:—ക്ഷമാ! സംശയിക്കേ! ഇവിടുന്നു മഹാരാജാവിനെ കാണാറില്ലേ? അത്തുഷ്ടിയുടെ സ്വഭാവം പ്രത്യക്ഷത്തിൽ എന്തെങ്കിലും കാണിക്കാറിണ്ടോ?

കോ: ത:—കുറേദിവസമായിട്ടു് ഞാൻ മുഖം കാണിക്കാറില്ല. മുന്നവസരങ്ങളിൽ എനിക്കിഷ്ടാഭംഗകരമായി തിരുമനസ്സുകൊണ്ടു് ഒന്നും അരുളിചെയ്തിട്ടുമില്ല, ഭാവിച്ചിട്ടുമില്ല. ഉള്ളിൽ വല്ലതുമുണ്ടെങ്കിൽ വെളിയിൽ കാണിക്കാതെ കഴിപ്പാൻ സാമൎത്ഥ്യം നന്നായുള്ള ധീരാത്മാവല്ലേ? എത്ര ചുഴന്നാലും തോല്ക്കുകയേയുള്ളു. എന്നാൽ, സ്വച്ഛന്ദസഹവാസം ഉണ്ടായിരുന്ന കാലത്തു് ഒരു സംഗതിനടന്നു. സന്ദൎഭവശാൽ അതിപ്പോൾ ഓൎമ്മിക്കുന്നുണ്ടു്.

അ: ന:—എന്താണ്?

കോ: ത:—'സോമവാരമാഹാത്മ്യം' ഞാൻ പൂരിപ്പിച്ച ഭാഗം കാണിച്ചപ്പോൾ ഹാസ്യരസത്തിൽ അദ്ദേഹം മുദ്രസ്മിതം ചെയ്തു. നല്ല ഓൎമ്മയുണ്ടു്. അതിപ്പോൾ എനിക്കു വ്യാഖ്യാനിപ്പാൻ മനസ്സുവരുന്നു.

അ: ന:—അതിൽ വ്യാഖ്യാനിക്കത്തക്ക വിധം എന്തിരുണ്ടു്?

കോ: ത:—എന്നെനോക്കിച്ചിരിച്ചതിനും പുറമേ ഒരു ചോദ്യവും ചോദിച്ചു.

അ. ന:—അരുചിതോന്നത്തക്ക വിധത്തിലാണോ ചോദിച്ചതു്? എന്തുപറഞ്ഞു?

കോ: ത:—"വേഗത്തിൽ ശേഷംഭാഗവും എഴുതിത്തീൎക്കണേ. അല്ലെങ്കിൽ അമംഗളമാണേ. പൂൎത്തിയാവുന്നതിനുമുമ്പിൽ എ

ന്നെ കാണിക്കണമെന്നു തോന്നിയതെന്താണ്? ഇങ്ങനെയാണ് അരുളിച്ചെയ്തതു്.

അ: ന.--ചിരിച്ചതെപ്പോഴാണ്?

കോ: ത: —ദണ്ഡകത്തിന്റെ ഒട്ടുവിലത്തെപ്പാദംവളരെനേരം നോക്കിക്കിണ്ടിരുന്നതിന്റെ ശേഷം.

അ: ന: കവിത നന്നായെന്നുതോന്നി സന്തോഷിച്ചിട്ടായിരിക്കും.

കോ: ത:—അതു ജാതിയിൽ അങ്ങനെ ചെയ്യാറു പതിവില്ല. "ഈ ഭാഗം നന്നായില്ല, മാററി എഴുതണം. ആ പദം അധികമാണ്; എടുത്തുകളയണം. അപ്രയുക്തപ്രയോഗങ്ങൾ ധാരാളം കാണുന്നുണ്ടല്ലോ; അവയെ കഴിയുന്നതും ഒഴിക്കണം. ആകപ്പാടേ തരക്കേടില്ല. കുറച്ചുപോയാൽ നന്നാകയുംചെയ്യും" ഈ തരത്തിൽ ഗുണദോഷിക്കുന്നതാണു സാധാരണ പതിവു്.

അ: ന:—ദണ്ഡകത്തെക്കുറിച്ചു് അഭിപ്രായപ്രകടനം ഉണ്ടായില്ലേ?

കോ ത:—"കവിത ഭംഗിയായി. ചിലടത്തെല്ലാം അമ്മാവനെ അതിശയിക്കുന്നു. ദണ്ഡകം ഇങ്ങനെ അവസാനിപ്പിച്ചതിൽ അത്ഭുതം നന്നായുണ്ടു്. എന്റെ കാലത്തു പൂർത്തിയാക്കിക്കാണ്മാൻ ഇടയാകുമോ? ഉള്ളിലുള്ള സംശയംകൊണ്ടാണു നിഷ്കൃഷിക്കുന്നതു്. അമാന്തിക്കരുതു്" ഇപ്രകാരം പറഞ്ഞു വളരെ പ്രസാദിച്ചു സമ്മാനവും തന്നു് അയയ്ക്കുകയുംചെയ്തു. എന്നാലും എനിക്കു തീരെ സുഖംതോന്നിയില്ല. കവിതയ്ക്കു ദോഷംപറയുന്ന കാലമെല്ലാം ഇതിനേക്കാൾ പരമാനന്ദമായിരുന്നു.

അ: ന: തിരുമനസ്സിലെ ഇച്ഛാനുസരണം കഥ മുഴുവനാക്കാഞ്ഞതെന്തു്?

കോ: ത:—വേട്ടഭ്രാന്തിലും കുതിരസ്സവാരിയിലും അന്ധാളിച്ചുപോയി. ഇപ്പോൾ ശക്തിയുമില്ല.

അ: ന:—ഞാൻ ഈവകയൊന്നും വിശ്വസിക്കുന്നില്ലേ.

കോ: ത: എനിക്കും വിശ്വാസമില്ല. എങ്കിലും മററുള്ളവർക്കു പറവാൻ കാരണമായി.

അ: ന:—രഹസ്യം വെളിയിൽ കൊണ്ടുവരാതെ ഉദ്ദേശം സാധിക്കുന്നതിനു മഹാരാജാവിന്നു സഹായവുമായി.

കോ: ത: എന്റെ കഷ്ടകാലം!

അ: ന—ആയുസ്സുള്ളകാലത്തോളമാശയുമുണ്ട്. ആശ കൈവിടുന്നതിന്നു കാലമായിട്ടില്ല. മഹാരാജാവിനെ മുഖത്തോടു മുഖം കണ്ടു, കാൎയ്യം ഗ്രഹിക്കാൻനോക്കട്ടെ. എന്നോടു അദ്ദേഹം സത്യാവസ്ഥപറയാണ്ടിരിക്കില്ല. അതുവരെ സ്വസ്ഥമായിട്ടിരിക്കുക.

കോ: ത ഈശ്വരോരക്ഷതു! ഫലിച്ചാൽ നന്ന്.

അ: ന—അങ്ങനെ വികല്പംവേണ്ട. നിവൃത്തിയില്ലാപക്ഷം മഹാരാജാവു സാഹസത്തിന്നു പുറപ്പെടില്ല. ധൈൎയ്യമായിരുന്നോളുക.

കോ: ത—ഇരവിയൻതമ്പിയുടെ കാലപൎയ്യന്തം സാഹസത്തിന്മേൽ സാഹസമാണുണ്ടാവാൻപോകുന്നത്.

അ: ന—ഇരവിയൻ തമ്പിയുടെ സംഘത്തെപ്പററി അവിടുന്നു അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ?

കോ: ത—ഉണ്ട്. കുടുംബങ്ങൾ നശിപ്പിക്കണം. സമുദായം ദൂഷിപ്പിക്കണം. പ്രാണഹാനിവരുത്തണം. ധ്വംസനങ്ങൾ നടത്തണം. ഇവ സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളാണ്.

അ: ന—ഇവരുടെ സങ്കേതം അറിയാമോ?

കോ: ത—അതും മററു വിവരങ്ങളും അതിഗൂഢങ്ങളാണ്. തലവെട്ടിവേദമെന്ന് ഇവിടുന്നു കേട്ടിട്ടില്ലേ?

അ. ന—ഉവ്വ്. തലവെട്ടിവേദക്കാർ ശക്തിപൂജ ചെയ്യുന്നവരല്ലേ?

കോ: ത—അതെ. തക്ഷകസംഘക്കാർ തലവെട്ടിവേദക്കാരുടെ പരിഷ്കരിച്ച പതിപ്പാണ്. കൌളം, നഗ്നനൎത്തം, മിശ്രഭോഗം, ഇതെല്ലാം സംഘശാലയിലെ നിത്യാനുഷ്ഠാനങ്ങൾ.

അ: ന—ഔ! മതി മതി! മഹാപാപം; കേൾക്കണ്ട. ഇവൎക്കെപ്പോൾ നാശംസംഭവിക്കുമോ?

കോ: ത മഹാരാജ്ഞിയുടെ പാതിവ്രത്യനിഷ്ഠയിൽ കുമാരസ്വാമി പ്രത്യക്ഷമാകുമ്പോൾ.

അ: ന—ആശ്ചൎയ്യം! ആശ്ചൎയ്യം!! ഇതും ഇരവിയൻതമ്പി ഉണ്ണിയോടുപറയാതിരുന്നില്ല.

കോ: ത—അത്ഭുതമില്ല. ഞാൻ ഒരുസംഗതി മനസ്സിൽവിചാരിക്കുന്നതിന്നുമുമ്പേ ഇരവിയൻതമ്പി അറിയാതിരിക്കയില്ല. അവന്റെ സംഘപ്രവൎത്തനസാമൎത്ഥ്യം അപാരമാണ്. പരിഷ്കൃത

സമ്പ്രദായത്തിലുള്ള ചാരപദ്ധതികൾ ഇവർ വശാക്കിയിട്ടുണ്ട്. കോയിപ്പണ്ടാലയോടു ശുണ്ഠിപിടിക്കയല്ലാതെ മഹാരാജാവു് ഇൗവക സംഗതികൾ ഒന്നും ഗ്രഹിക്കുന്നേയില്ല

അ: ന — ഇമ്മാതിരി അനീതികൾ നിത്തുന്നതിന് അവിടുത്തേക്കു പൊതുജനക്ഷോഭം ഉണ്ടാക്കി ശക്തിമത്തായ പൌരജനാഭിപ്രായം രൂപവൽക്കരിക്കരുതേ.

കോ: ത — ശ്രീവിശാഖൻെറ ഉപദേശപ്രകാരം നവീനരാജ്യഭരണസിദ്ധാന്തങ്ങളെ ആസ്പദമാക്കി പത്രലേഖനങ്ങൾ എത്രയെത്ര പരസ്യം ചെയ്തിട്ടുണ്ട്. അതിൻെറ ഫലവും എൻെറ നേരേ തിരിഞ്ഞു പായുകയാണുണ്ടായതു്. എൻെറ ലേഖനങ്ങളെല്ലാം രാജവിദ്വേഷകമാണുപോലും! സ്വപക്ഷഭയം ഉണ്ടാക്കിത്തീക്കുന്നവയാണത്രെ! അതു് അഹിഭയത്തിൻെറ പൎയ്യായമാണെന്നു് അരമനയിൽനിന്നും കണ്ടുപിടിച്ചതു് ഇരവിയൻ തമ്പിയാണോ എന്നു ചോദിക്കാനുണ്ടോ? കാൎയ്യം ഇത്രത്തോളം വലുതായസ്ഥിതിക്കു് എനിക്കു ഭയം ശ്രീ വിശാഖനല്ലാതെ മററാരുമില്ല. അവിടുത്തെ യത്നങ്ങൾ നിഷ്ഫലമാകാതിരിപ്പാൻ കണക്കില്ല. എൻെറ കമ്മഫലം ഞാൻതന്നെ വേണ്ടേ അനുഭവിപ്പാൻ?

അ: ന — അപ്പോൾ പ്രകൃതവിഷയത്തെക്കുറിച്ചു വലിയകൊട്ടാരത്തിൽ സംസാരിക്കണ്ടേ?

കോ: ത — എന്തിനാണു്? വേണ്ട.

അ. ന — മഹാരാജ്ഞിയുടെ ദുഃഖത്തെപ്പോലും വകവയ്ക്കാതിരിക്കുമോ?

കോ: ത — മഹാരാജാവിനു് ആ തരത്തിലുള്ള ധമ്മബുദ്ധിയെല്ലാം പണ്ടേയ്ക്കുപണ്ടേ അസ്തമിച്ചുപോയി. ക്രൂരമ്മേൽ കുരുവെന്നമട്ടിൽ ഒരു സംഗതിയിൽ രാജ്ഞിയെ തിരുമനസ്സുകൊണ്ടു കരുണയില്ലാതെ അതികഠിനമായി നിർബ്ബന്ധിക്കയും ചെയ്തു. എല്ലാമോക്കുമ്പോൾ എൻെറ ബുദ്ധി ക്ഷയിച്ചുപോകുന്നു.

അ: ന — ഏതായാലും മനഃക്ലേശംകൊണ്ടു സാദ്ധ്യമില്ലല്ലോ-ശാന്തമായിരിക്കുക. ദിവാൻജിയുംമററും എന്താണു് അഭിപ്രായപ്പെടുന്നതു്?

കോ: ത — മഹാരാജാവിൻെറ അഭിപ്രായത്തോടു് എല്ലാവൎക്കും വിമുഖതയാണു്. കോപം നന്നല്ലെന്നു ദിവാൻജി എപ്പോഴും ഗുണദോഷിക്കുന്നുണ്ടു്. ത്രിവിക്രമൻ തമ്പി ഉദ്യോഗംതന്നെ രാജി

വയ്യാൻ ഭാവമുണ്ടെന്നാണ പ്രസ്താവം. എല്ലാവക്കും എന്റെ കാൎയ്യത്തിൽ വളരെ മനസ്താപമുണ്ട്.

അ: ന—ത്രിവിക്രമൻതമ്പിആരാണ്?

കോ ത—പോലീസു മേലുദ്യോഗസ്ഥൻ. അയാൾക്ക് ഈ അനിഷ്ടകൃത്യം കഴികയില്ലെന്നു മഹാരാജാവിനോടു നേരെ അറിയിച്ചതായി കേട്ടു. തിരുമനസ്സിലേക്ക് ഒന്നുകൊണ്ടും ഇളക്കമില്ല.

അ: ന—അപ്പോൾ തമ്പിമാരിലും സജ്ജനങ്ങൾ ഇണ്ടല്ലേ?

കോ: ത—ഇരവിയൻതമ്പി തമ്പിയല്ല. തക്ഷകന്മാർ അയാൾക്കുകൊടുത്തിട്ടുള്ള സ്ഥാനപ്പേരുമാത്രമാണ്. അവൻ ഇവിടത്തേക്കു കത്തയപ്പാൻ കാരണമെന്ത്? താല്പൎയ്യമെന്താണ്?

അ: ന— ഇതാ, കണ്ണുകൊണ്ടു കണ്ടു തൃപ്തിപ്പെട്ടുകൊള്ളുക. എനിക്കും എന്തൊ ആപത്തു ആശംസിച്ചിട്ടുണ്ട്. എന്നാൽ ഇവനെ ഭയപ്പെടുന്നവനാണോ ഞാൻ? ഇവനും ഇവന്റെ സൈന്യവും ഒന്നായിട്ടൊരുമ്പെട്ടുവന്നാൽ എന്റെ ബ്രഹ്മസ്വത്തിന്നപ്പുറം നൂറുയോജന ദൂരത്തിൽ നില്പാനേ സാധിക്കയുള്ളു. അവന്റെ കപടങ്ങൾ ഞാൻ വിശ്വസിക്കേ?

കോയിത്തമ്പുരാൻ കത്തുവാങ്ങി ഇങ്ങനെ വായിച്ചു.

തക്ഷകസംഘം
൧൦൨-൩-൭൧.

ശ്രീ

ബ്രഹ്മശ്രീ അച്ഛൻനമ്പൂതിരിക്ക്.

ഇതിൽ അടക്കംചെയ്തിരിക്കുന്നതു കോയിത്തമ്പുരാൻ തിരുമേനിക്കു കൊടുക്കണം. നിങ്ങൾ അന്വേഷിക്കുന്ന ഉരുപ്പടികൾ ഇവിടെയില്ല. ആലപ്പുഴയാണ്. ഉരുപ്പടികൾ ഈ ഭാഷയിൽ തീൎത്ത വകയിൽ രൂപാ ആഞ്ഞൂറുബാക്കിയുള്ളതും ഭീമസേനൻചെയ്ത അപരാധത്തിനു വേറേ ഒരായിരവും ഉടൻ എത്തിച്ചുതരണം. അല്ലാത്തപക്ഷം—തക്ഷകസൈന്യം ഉണ്ടെന്നു വിശ്വസിച്ചുകൊള്ളുക. അന്തൎജ്ജനത്തിനു വിധവത വഹിക്കാം. ശേഷംവിവരം മകനോടു ചോദിച്ചാൽമതി.

എന്ന്, വിധേയൻ

ഇരവിയൻതമ്പി.

അ: ന—(ചിരിച്ചുകൊണ്ടു) എന്താ ശരിയല്ലേ? അവിടത്തെ പിന്നാലെ ഞാനുമിണ്ട്. പക്ഷേ, അവിടുന്നു തിരിച്ചുവന്നേക്കും.

എനിക്കു അതുകൂടി സാധിക്കില്ലെന്നല്ലേ കത്തിന്റെസാരം?

കോ: ത—നല്ല നേരംപോക്കുതന്നെ. എന്റെകഥാകാലത്തു എത്രപേരാണു വിധവത വഹിപ്പാൻ പോകുന്നതു്.

അ: ന—എന്റെ മേൽ, ഒരു തരിമണ്ണു് നുള്ളിയിടുവാൻ ഈ നരകീടങ്ങൾക്കു ധൈൎയ്യം വരില്ല കരുത്തേടത്തുമനയ്ക്കലെ പൂൎവ്വാൎജ്ജിതസുകൃതം അക്ഷയമാണു്. ഇവരുടെ കപടവിദ്യ കണ്ടുപിടിക്കാതെ ഞാൻ അടങ്ങില്ല.

കോ: ത—അവിടുത്തേക്കു് ഇവനോട്ടു് ഇടപാടുണ്ടായതെങ്ങനെയാണു്?

അ: ന—അതു് എന്റെ ഒരു ചെറിയ രഹസ്യമാണു്. അതിപ്പോൾ ഇവിടുത്തെയോടു പറഞ്ഞാൽ അല്പം മുൻപേ തോന്നിയ സന്തോഷം നശിച്ചു ദുഃഖഭാരം വലുതാകും. അതുകൊണ്ടു പറകില്ല. നല്ലകാലം വരുമ്പോൾ അറിഞ്ഞാൽമതി.

കോ: ത—വേണ്ടാ തമ്പിയുടെചാരചക്ഷുസ്സ് എനിക്കാവശ്യമില്ല. കത്തുകിട്ടിയ ഉടനേ എനിക്കു തരാഞ്ഞതെന്താണു്?

അ: ന കാൎയ്യമില്ലാതെ കള്ളക്കത്തുകാണിച്ചു അവിടുത്തെ ദുഃഖിപ്പിക്കണ്ടെന്നു വിചാരിച്ചു. സീമന്തിനിയുടെ കഥ എടുത്തിട്ടപ്പോൾപിന്നെ മറച്ചുവെയ്ക്കേണ്ട ആവശ്യം നേരിട്ടില്ല: വൎത്തമാനം വളരെ ദീൎഘിച്ചു. ഇന്നത്തെ കളിമുടങ്ങി. ഇവിടുന്നു സവാരി പുറപ്പെടുന്നില്ലേ?

കോ: ത—ഇന്നു സവാരിക്കു സുഖം തോന്നുന്നില്ല. ഇരിക്കുക. ബദ്ധപ്പാടില്ലല്ലോ. വൎത്തമാനം പറയാം. അല്ല, മുഷിഞ്ഞെങ്കിൽ കളിക്കാം.

അ: ന എന്തുകഥയാണു്? മുഷിയേ? പക്ഷേ, ഇരിപ്പാൻ തരയില്ല. നേരത്തെ ജപത്തിനു പോണം. ഉണ്ണിയോടും ചിലതെല്ലാം പറവാനിണ്ടു്. ദുഃഖിക്കരുതേ.

കോ: ത—എന്നാൽ ബുദ്ധിമുട്ടിക്കുന്നില്ല. നാളെ കുറച്ചു നേരത്തെ വരണം. അമാന്തിച്ചുകൂടാ. ബാല്യക്കാരനെ അന്വേഷിപ്പാനും മറക്കരുതേ.

അ: ന—ക്ഷ? മറക്കേ.

കോയിത്തമ്പുരാൻ പിന്നെയും ഏകനായി ശേഷിച്ചു. വിവിധവിഷയങ്ങളിൽ മനസ്സ് ഓടിത്തുടങ്ങി. തക്ഷകസംഘത്തി

ന്റെ ഭീഷണിയെല്ലാം തുച്ഛമായിക്കരുതി. ജനസാമാന്യത്തിന്റെ അന്ധവിശ്വാസം വർദ്ധിപ്പിക്കാനോ എന്നു തോന്നുമാറു ചില്ലറച്ചില്ലറ പ്രകൃതങ്ങൾ തനിക്കു പ്രതികൂലമായി ഒന്നിച്ചുകൂടുന്നതിനെ ഓർത്തു് അത്ഭുതപരവശനായി, വാസ്തവകാരണം ഗ്രഹിക്കാതെ വല്ലാതെ കുഴങ്ങി. ഒടുവിൽ ആധിപെരുത്തു വലുതായ മനോരാജ്യത്തിൽ ഏവംവിധേന വിഹരിക്കുവാൻതുടങ്ങി.

“അപരിഹാര്യമായ ആപത്തിനെ നിരോധിപ്പാൻ മനുഷ്യന്റെ എളിയ ബുദ്ധിക്കു വൈഭവം മതിയാകുന്നില്ല. അരിഷ്ടം വന്നാൽ സഹിപ്പാൻ ദൃഢതയില്ലെന്നുള്ളതും പരമാർത്ഥസംഗതിയാണു്. അല്ലെങ്കിൽ മരിക്കുന്നതെന്തിനു്? ഇപ്പോഴോ അഥവാ, കാലാന്തരത്തിലോ അററുപോകുന്ന ചെറിയ പട്ടുനൂലിലാണു്, നാസികാദ്വാരങ്ങളിൽ കൂടി വന്നു പോയിക്കൊണ്ടിരിക്കുന്ന ശ്വാസോച്ഛ്വാസം തൂങ്ങുന്നതും മറിയുന്നതും. വിവിധപര്യായശബ്ദങ്ങളോടുകൂടി അപ്രത്യക്ഷമായും അലംഘനീയമായുമുള്ള ഒരു ശക്തിയുടെ ചൈതന്യമാകുന്ന അച്ചുതണ്ടിൽ ജീവരാശികൾ കാററാടിപോലെ ഭ്രമണം ചെയ്യുന്നു. മനുഷ്യനു്, മററു സൃഷ്ടികളെ അപേക്ഷിച്ചു് ഏതാണ്ടൊരു സ്വാതന്ത്ര്യബുദ്ധിയുണ്ടു്. എന്നാൽ, മനുഷ്യലോകം ഒരു ക്ലിപ്തമായ പരിധിക്കുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. അച്ചുതണ്ടു വിട്ടു പരിധിയെ അതിക്രമിക്കുന്നതിനു, കുടിലു തൊട്ടു കൊട്ടാരംവരെ “ജഗജില്ലി”കൾപോലും അസ്വതന്ത്രന്മാരാണു്. “അലംഘനീയാ കമലാസനാജ്ഞാ” എന്ന ഭീമനിയമം യുഗജഗൽപരിവർത്തങ്ങളിൽ ആഴിയാതെ മുറിയാതെ ചരാചരങ്ങളെ നിയന്ത്രണം ചെയ്തുവരുന്നു.

“എന്നെ വലിച്ചുകൊണ്ടിരിക്കുന്ന കടിഞ്ഞാൺ എന്താണു്? സംസാരബന്ധമെന്നു തത്വജ്ഞാനികൾ പറയുന്നു. എന്നെ ഓടിച്ചുകൊണ്ടിരിക്കുന്ന സാരഥിയാരാണു്? ജഗൽസ്വരൂപിയായി ലോകനിയന്താവായിരിക്കുന്ന ഈശ്വരൻ എന്നറിയപ്പെട്ടിരിക്കുന്നു. ഇതിലൊക്കെ എനിക്കു പൂർണ്ണമായ അർത്ഥം ലഭിക്കുന്നില്ല. ഇതെല്ലാം അന്ധവിശ്വാസത്താൽ നിർമ്മിതങ്ങളായ സംജ്ഞകളായിരിക്കുമൊ? എന്തൊ?

“പ്രകൃതിശാസ്ത്രപദ്ധതിയിൽ ഒരു പരിശോധനകഴിച്ചു നോക്കിയാലോ? ആദിശക്തിയുടെ അവസ്ഥാന്തരങ്ങളാൽ വൈദ്യുതാണുക്കൾ ഉണ്ടാകുന്നു. വൈദ്യുതാണുക്കളുടെ സമ്മേളനഫലം പരമാണുക്കളാണത്രെ! പരമാണുക്കളുടെ സംയോഗത്തിൽ അണുക്കൾ ഉത്ഭവിക്കുന്നു. അണുക്കളുടെ സംഘടനനിമിത്തം ഈ കാണാവുന്ന മായാപ്രപഞ്ചം പ്രത്യക്ഷീഭവിക്കുന്നു; ചരാചരങ്ങൾ ജ

നിക്കുന്നു. ജ്യോതിസ്സുകൾ പ്രകാശിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ മൂലശക്തി ഒന്നുണ്ട്. ആ ശക്തിയുടെ പിന്നിലും അതിന്റെ പിന്നിലും എല്ലാം എന്തുണ്ടെന്ന്, മനുഷ്യസ്വരൂപത്തിനും പ്രേതസ്വരൂപത്തിനും ബാഹ്യദൃഷ്ടിക്കും ആഭ്യന്തരമായ സൂക്ഷ്മദൃഷ്ടിക്കും ഏതുജ്ഞാനശക്തി പ്രയോഗത്താലും അനുഭവഗോചരമായിത്തീൎന്നിട്ടില്ല. വിവിധപ്രപഞ്ചങ്ങൾക്കും അസ്ഥിഭാരമായി നില്ക്കുന്നതു മേൽ പ്രസ്താവിച്ച അചിന്ത്യരചനാരൂപമായ ആദിശക്തിതന്നെയാകുന്നു. പ്രപഞ്ചം ജനിക്കുന്നു. വളരുന്നു. പ്രായംചെന്നുവാൎദ്ധക്യത്തിൽ എത്തുന്നു, മരിക്കുന്നു, ജീൎണ്ണിക്കുന്നു. വന്ന സ്ഥലത്തേക്കു പിന്നെയും ലയിക്കുന്നു. ചുരുക്കത്തിൽ പ്രപഞ്ചം ശക്തിയിലേക്കും ശക്തി പ്രപഞ്ചത്തിലേക്കും പരിവൎത്തനം ചെയ്തുകൊണ്ടിരിക്കുന്നു. മൂലശക്തിയെ മതസിദ്ധാന്തങ്ങൾ ഈശ്വരൻഎന്നോ ഈശ്വരിയെന്നോ നാമകരണം ചെയ്തിരിക്കുന്നു.

“പ്രപഞ്ചത്തിന്റെ പരിവൎത്തനഘട്ടങ്ങൾ സാലോക്യം, സാമീപ്യം, സാരൂപ്യം, സായുജ്യം മുതലായ ശബ്ദങ്ങൾ അറിയപ്പെട്ടുവരുന്നു. സാലോക്യഘട്ടത്തിൽ ആയില്യംതിരുനാൾ, കോയിത്തമ്പുരാൻ, മഹാരാജ്ഞി, ഇരവിയൻതമ്പി, അച്ഛൻനമ്പൂതിരി, മകൻ തുപ്പനുണ്ണി തുടങ്ങിയ ചേതനങ്ങളും, വലിയകൊട്ടാരം, പത്മവിലാസം, മുറജപപ്പുര, അവൽപ്പൊതി, സഹസ്രനാമക്കവണി, ആദിയായിട്ടുള്ള അചേതനങ്ങളും, രാജ്യഭരണം, പള്ളിക്കെട്ട്, മുറജപം, തക്ഷകസംഘം, അഹിഭയം മുതലായ ചേഷ്ടകളും, വികാരങ്ങളും അടങ്ങിയിരിക്കുന്നു. ഋഷി, സന്യാസി, സ്വാമി, സാധു, വൈരാഗി, ഗോസായിപ്രഭൃതികൾ സാമീപ്യലോകത്തെ നിവാസികളാണ്. മുപ്പത്തുമുക്കോടി ദേവകളുടെ നില സാരൂപ്യലോകത്തിലാണുപോലും! പരബ്രഹ്മത്തിൽ ലയിച്ചാൽ സായുജ്യമായത്രേ! പരബ്രഹ്മമോ? ആഹാ! ആക്ഷേപമെന്ത്? മൂലശക്തിയുടെ പൎയ്യായശബ്ദം.

രസച്ചരട് മുറുകിത്തുടങ്ങി. ശാസ്ത്രപംക്തികളിൽ ബുദ്ധി അഹോ! ഓടുന്നതു കാൎന്നവിൻ! അത്യാപത്തിൽ ബുദ്ധിഭ്രമിച്ചാൽ ശേഷംപേൎക്കു കണ്ടുരസിപ്പാനുള്ള കാഴ്ചതന്നെ! വലിയകൊട്ടാരത്തിലെ ആസ്ഥാനമണ്ഡപത്തിൽ—കാവ്യനാടകതൎക്കാലങ്കാരശാസ്ത്രജ്ഞന്മാരുടെ വിദ്വജ്ജനസഭയിൽ-വാദ്ധ്യാൻ വൈദികന്മാരുടെ ജലജപമദ്ധ്യത്തിൽ-തക്ഷകസംഘത്തിന്റെ നൎത്തനരംഗത്തിൽ-കോയിപ്പണ്ടാലയെന്നൊരു വൈദ്യുതാണു സന്താനത്തിന്റെ വേദാന്തതത്വങ്ങളെ അനുസ്മരിക്കുന്നുണ്ടോ? ഇല്ലെങ്കിലും കൊള്ളാം ഉണ്ടെങ്കിലും കൊള്ളാം. നിങ്ങളുടെപാട് നിങ്ങൾക്ക്. എന്നാൽ ഞങ്ങൾ

ക്കൊ? തിരുമേനിയുടെ സങ്കടാവസ്ഥയിൽ അനുതാപം തോന്നുന്നുണ്ട്. അതിനാൽ ശ്രദ്ധിച്ചേ കഴിയൂ. സ്വല്പം നിസ്സംബന്ധമായിരുന്നാൽ വേണ്ടില്ല. വന്ദനം!

ശക്തിയുടെ പരിണാമം പ്രപഞ്ചം. പ്രപഞ്ചത്തിന്റെ പരിണാമം ശക്തി! ശരി; മനസ്സിലായി. പച്ചവെള്ളംപോലെ തിരിച്ചു ചൊല്ലുവാൻതക്കവണ്ണം പാഠമായി. ശേഷം? ഇതിനെക്കാൾ വളരെ എളുപ്പം മനസ്സിലാവുന്ന ഒരു ചെറിയ പ്രമേയമേയുള്ളു. കേട്ടുകൊള്ളുക"

"ശക്തിയിൽനിന്നുൽഭവിച്ചിട്ടുള്ള മായാപ്രകൃതികൾക്കു തമ്മിൽതമ്മിൽ ഗുണവ്യത്യാസം വരുവാൻ കാരണമെന്തു? ഇരവിയൻതമ്പിയും അച്ഛൻനമ്പൂതിരിയും മൂലശക്തിയുടെ മക്കളാണെന്നു എങ്ങനെ വിശ്വസിക്കും? ഇതാണു പ്രമേയം. സ്ഥാപിക്കാൻ ക്ഷണസാധ്യമാണ്.

"ശബ്ദം, ഉഷ്ണം, വെളിച്ചം വിദ്യുച്ഛക്തി ഇവയെല്ലാം ഒരേ ശക്തിയുടെ അവസ്ഥാഭേദങ്ങളാണ്. ഇവയുടെ അണുക്കൾ അല്ലെങ്കിൽ കണികകൾ എപ്പോഴും ശക്തിമത്തായി ചലിച്ചുകൊണ്ടിരിക്കുന്നു. ഓരോ കണികയ്ക്കും അവസ്ഥാഭേദമനുസരിച്ചു ചലനവ്യത്യാസവുമുണ്ട്. മതനിയമങ്ങളിൽ ഈ ചലനത്തിനു ജീവൻ എന്നുപേർ.

പ്രകൃതിശാസ്ത്രത്തിൽ ഇതിനെ ആകർഷണശക്തി എന്നു വിളിക്കുന്നു. വൈദ്യുതാണുക്കളാവട്ടെ, പരമാണുക്കളാവട്ടെ, അണുക്കളാവട്ടെ എല്ലാം പരസ്പരം ആകർഷിച്ചുകൊണ്ടാണിരിക്കുന്നതു്. ഒരു വസ്തുവും ചലനമില്ലാതെ കാണുന്നില്ല. പരസ്പരാകർഷണശക്തി ഏതു നിയമമനുസരിച്ചാണു പ്രവർത്തിക്കുന്നതെന്നു പ്രകൃതിശാസ്ത്രജ്ഞനായ ഐസക് ന്യൂട്ടൻ കണ്ടുപിടിച്ചിട്ടുണ്ട്. അണുക്കൾ കൂടിച്ചേരുന്നതും ആകർഷണശക്തിയുടെ ബലാബലംപോലെയാണ്. അതിനാൽ പ്രപഞ്ചവസ്തുക്കളിൽ സ്വഭാവവ്യത്യാസം അവശ്യം ഉണ്ടായേതീരൂ. ലോകത്തിൽ ചേതനങ്ങൾക്കു് അചേതനങ്ങളെക്കാൾ അധികം ആകർഷണശക്തിയുണ്ട്. ഒരുത്തൻ മററവനെക്കാൾ അധികം ചലനശക്തി അപഹരിക്കുന്നു. തൽഫലമായി അവനു രണ്ടാമനെക്കാൾ ബലവും അധികമായിക്കാണുന്നു. ഒരുവനു മാനസികശക്തി ധാരാളമുണ്ടായിരിക്കും. ഇനിയൊരുത്തനു്, ദേഹബലമായിരിക്കും അധികം പുഷ്ടിയെ പ്രാപിച്ചിട്ടുള്ളതു്. ഒരമ്മയുടെ മക്കൾക്കുപോലും തരത്തിലും ഗുണത്തിലും വ്യത്യാസങ്ങൾ പലതും കാണുന്നതിന്റെ കാരണം ഇതാണു്. ഇതെല്ലാം പ്രകൃതിയുടെ ചാപല്യമാണെന്നു ഒരഭിപ്രായമുണ്ട്. അതത്ര ശരി

യാണെന്നു് എനിക്കു തോന്നുന്നില്ല. ഇരവിയൻതമ്പിയും അപ്പൻ നമ്പൂതിരിയും ഭിന്നസൃഷ്ടികളായിരിക്കുന്നതിന്റെ കാരണം ഇപ്പോൾ മനസ്സിലായോ. തമ്പി തക്ഷകാവതാരമെന്നു നടിക്കുന്നതിൽ അർത്ഥം വളരെയുണ്ട്. അവന്റെ ആകർഷണശക്തി അല്ലെങ്കിൽ ജീവൻ അത്രയ്ക്കു നീചമാണു്. അഹോ! അറിവുള്ളവർ അവന്റെ വഴിമാറിപ്പോകുവിൻ! അവന്റെ വിഷവായു ഏൽക്കാതിരിപ്പാൻ പൊന്നുതമ്പുരാനെ പത്മനാഭൻ തുണയ്ക്കട്ടെ!

"എന്നാൽ വിവിധസ്വഭാവങ്ങളേയും ഭരിക്കുന്ന നിയമം ഒന്നേയുള്ളൂ. ആകർഷണശക്തിതന്നെ നീർക്കോലി തവളയെ വിഴുങ്ങുന്നു. ഗരുഡൻ നീർക്കോലിയെ ജീർണ്ണിപ്പിക്കുന്നു. ഇങ്ങനെ അന്തമില്ലാതെ പോയിപ്പോയി സർവ്വവും മൂലശക്തിയിൽ വീണ്ടും ലയിക്കുന്നു. ഇപ്പഴോ പിന്നെയോ എന്ന ഒരു ചോദ്യത്തിനു മാത്രമേ നമുക്കവകാശമുള്ളൂ. 'ഇല്ല, ഞാൻ ചിരഞ്ജീവി' എന്നു മുഷ്ക്കു കാണിപ്പാൻ ഒരു വസ്തുവിനുമാത്രമേ സാധിക്കയുള്ളൂ. പരബ്രഹ്മത്തിനു്.

"ഭൂമി, അതിലുള്ള വസ്തുക്കളെ ആകർഷിക്കുന്നു. സൂര്യൻ ഭൂമിയെ ആകർഷിക്കുന്നു. സൂര്യമണ്ഡലം നക്ഷത്രലോകത്തിലേക്കു് ആകർഷിക്കപ്പെട്ടു സദാ പാഞ്ഞുകൊണ്ടിരിക്കുന്നു. സ്ഥിരപ്രതിഷ്ഠയുള്ളതായി ഏതൊരു വസ്തുവുണ്ടു്? മഹാരാജാവുതിരുമനസ്സിലെ മുൻകോപത്തിൽ ഈ വിഷയം നല്ലം ഓർമ്മവച്ചാൽ കോയിപ്പണ്ടാലയ്ക്കു തെല്ലു മനസ്സമാധാനം ഉണ്ടായേക്കാം."

"ഒരുകാലത്തു കോയിത്തമ്പുരാൻ മണ്ണോടുമണ്ണായി ചേരണം നിശ്ചയം. ആയില്യംതിരുനാളിനൊ? പ്രകൃതിനിയമം മാറുവാൻ ശക്തിയുണ്ടോ? പ്രകൃതവിഷയം ശാസ്ത്രദ്വാരാ, ഒന്നുകൂടി ഗാഢമായിപ്പരിശോധിക്കുന്നതിലൊരുരസം സ്വല്പമല്ലിപ്പൊഴുംമേ!'

"ഭൂമിയിൽ ജനസംഖ്യ വർദ്ധിച്ചു വരുന്നു. ഇപ്പോൾതന്നെ ദാരിദ്ര്യദേവത, ഒട്ടധികം ജനങ്ങളെ കാലപുരിയിലേക്കു ക്ഷണിക്കുന്നുണ്ടു്. അപ്പോൾ ഭാവിയിലെ കഷ്ടാവസ്ഥ എന്തായിരിക്കും? രണ്ടുശതവർഷത്തിനകം ജനങ്ങൾക്കു പാർക്കാൻ സ്ഥലമില്ല; ഭക്ഷിപ്പാൻ ആഹാരസാധനങ്ങളില്ല; എന്ന നിലയാകും. പെരുച്ചാഴികളെപ്പോലെ മാളങ്ങൾ തേടിത്തുടങ്ങും. അന്യോന്യംകായബലത്തിന്റെ താരതമ്യംപോലെ കൊന്നുഭക്ഷിച്ചുതുടങ്ങും. അനവധി യുദ്ധങ്ങളും കലാപങ്ങളും ഏല്പെട്ടും. സർവ്വവും നശിക്കും. പരബ്രഹ്മത്തിൽ ലയിക്കും.

"ആയില്യംതിരുനാൾ ഭൂമിശാസ്ത്രം പഠിച്ചിട്ടുണ്ടായിരിക്കുമോ.

എന്തൊ? കോട്ടയം ശങ്കരമേനവന്റെ പാഠപദ്ധതിയിൽ ഗണാഷ്ട
കം, വാക്യം പദ്ദല്ലയറിന്റെ കൂടെ ഭൂമിശാസ്ത്രവും ഉണ്ടായിരുന്നിരി
ക്കണം. മേനവൻ ഭൂമിശാസ്ത്രത്തിൽ സമൎത്ഥനായിരുന്നുവെന്നുകേ
ട്ടിട്ടുണ്ട്. രാജാ സർ. ടി മാധവരായരുടെ അദ്ധ്യാപനക്രമം അപൂ
ൎണ്ണമായിരുന്നേക്കാം. അതുകൊണ്ടല്ലേ അദ്ദേഹത്തിനെ വിശാഖ
ന വിട്ടുകൊടുത്തിട്ട് ആദിഗുരുവായ മേനവന്റെ അടുക്കൽ തന്നെ
മഹാരാജാവു തിരുമനസ്സുകൊണ്ടു ശിഷ്യപ്പെട്ടതു്? അതിനാൽ അ
ദ്ദേഹത്തിനു് ഭൂമിശാസ്ത്രം അറിവാൻ വയ്യാതെ വരില്ല. അഥവാ
അപ്പോൾ അന്ധാളിച്ചുപോയിരുന്നേക്കാമെങ്കിലും പിന്നീടു സ്വപ്ര
യത്നത്താൽ വ്യുല്പത്തിസമ്പാദിച്ചിരിക്കണം. അല്ലെങ്കിൽ സൎവ്വതോ
മുഖപണ്ഡിതനാകുന്നതെങ്ങനെ? വൈദുഷ്യത്തിൽ അദ്ദേഹത്തെ
തോല്പിക്കുവാൻ മലയാളത്തിൽ ഇപ്പോൾ ആരുണ്ടു്? ഒരുവേള ഭൂമി
ശാസ്ത്രപഠനം അദ്ദേഹം നിസ്സാരമാക്കിയെന്നു വന്നേക്കാം. എന്നാൽ
തന്നെയെന്താണ്? വിദ്യാൎത്ഥികളെ നോക്കുക. ഒരുത്തരെങ്കിലും ഭൂ
മിശാസ്ത്രം നേരേ പഠിക്കുന്നവരുണ്ടോ? മഹാരാജാവിനു ഭൂമിശാസ്ത്രം
അറിഞ്ഞില്ലെങ്കിൽ കുറവൊന്നും വരാനില്ല. അദ്ദേഹത്തിന്റെ
വിദ്വത്വം അന്യൂനമായിത്തന്നെയിരിക്കുന്നതാണ്. ഭൂമിശാസ്ത്രപഠ
നം അഗണ്യമാക്കുവാൻ തക്കവണ്ണം അത്രയ്ക്കു തുച്ഛമല്ലെന്നു എ
ന്റെ ബുദ്ധിക്ഷയിച്ചിരിക്കുന്ന ഇക്കാലത്തു ഞാൻ പറഞ്ഞാലും
ആരും വിശ്വസിക്കുകയില്ല. പിന്നെയല്ലേ, വിദ്വച്ഛിരോമണിയാ
യിരിക്കുന്ന തിരുമനസ്സുകൊണ്ടു്? ഞങ്ങൾക്കുതമ്മിൽ സ്വരച്ചേർച്ച
ഈ സമയത്തു എത്രയുണ്ടെന്നു മഹാജനങ്ങൾക്കറിയാവുന്ന വിഷ
യം. ഞാൻ പറയുന്നതു അദ്ദേഹം കൈക്കൊള്ളണമെന്നു ശഠിപ്പാ
ൻ ന്യായമുണ്ടോ? പോരെങ്കിൽ എന്റെ എളപ്പവും അദ്ദേഹത്തി
ന്റെ വലിപ്പവും നോക്കുക. എന്നേക്കാൾ പതിന്നാലു വയസ്സി
ന്—ഒന്നോരണ്ടല്ല—പതിന്നാലിനു മൂപ്പുണ്ടു്. തന്നെക്കാൾ മൂപ്പുള്ള
വരെ ബഹുമാനിക്കണം; ആദരിക്കണം; അനുസരിക്കണം. ഈ നി
യമത്തെ ലംഘിക്കുന്നവൻ ഗുരുത്വമില്ലാത്തവനാണ്. അതു ഞാൻ
ചെയ്യുയില്ല. എന്റേയും അദ്ദേഹത്തിന്റേയും നിലയെന്തു? തോ
ക്കും താങ്ങി നേരംപോക്കുംപറഞ്ഞു് പുലിവേട്ടയാടി വേളിമലയിൽ
ഞാൻ കാളകളിക്കുന്ന സമയത്തു, അദ്ദേഹമാകട്ടെ എന്തുചെയ്യുന്നു
വെന്നു് നോക്കുവിൻ! പണ്ഡിതസഭയെ അലങ്കരിച്ചുകൊണ്ടു
ആസ്ഥാനമണ്ഡപത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നു! സഹൃദയഹൃദ
യാഹ്ലാദകത്വം ജനിപ്പിക്കുംവണ്ണം കാവ്യാലങ്കാരങ്ങളെ ഉപന്യസി
ക്കുന്നു! സംഗീതശാസ്ത്രത്തിൽ പുതിയപ്രസ്ഥാനങ്ങൾ കണ്ടുപിടിക്കു
ന്നു! മഹാരാജ്ഞിയുടെ സംഗീതപാടവത്തെ പ്രശംസിക്കുന്നു! പഴയ
ജ്യോതിശ്ശാസ്ത്രത്തിൽ പലപിഴകളും ഉണ്ടെന്നു ശാസ്ത്രജ്ഞന്മാരോടു്

ഊർജ്ജിതമായ വാദപ്രതിവാദങ്ങൾ നടത്തുന്നു! തിരുമനസ്സിലെ അത്യഗാധമായ പാണ്ഡിത്യംകണ്ടു് ഓരോരുത്തരും തിരുമുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു! ആ ജ്ഞാനസരണം കവടിസഞ്ചികൾ അഴിക്കുന്നു! കവടി നിരത്തുന്നു! പുതിയ ഗ്രഹനിലകളെ പരിശോധിക്കുന്നു! കവടി മലരുന്നതെ അത്യാശയോടെ പ്രതീക്ഷിക്കുന്നു! ജാതകപ്പൊരുത്തം പററുന്നില്ലെന്നു് അച്ചട്ടായ ഫലം കവടി വിളിച്ചു പറയുന്നു! വിരഹംവരുമെന്നു തിരുമനസ്സുകൊണ്ടു് അനന്തരഫലവും നിശ്ചയിക്കുന്നു! എന്റെ വനയാത്രയിൽ ധരിപ്പാൻ വേളിമലയിൽ സ്വപ്രയത്നത്താൽ പുലിത്തോൽ തെയ്യാറാക്കുന്നതു തിരുമനസ്സിലെ ദീർഘദൃഷ്ടിയിൽ കാണുന്നു! ഇങ്ങനെയെല്ലാം ഗുരുതരവിഷയങ്ങളിൽ നിയുക്തനായിരിക്കുമ്പോൾ ഞാൻ ഓടിക്കിതച്ചു രാജസദസ്സിൽ ചെന്നിട്ടു "മഹാരാജാവെ! അവിടുത്തേക്കു വലിയ അന്ധാളിപ്പുപററി; ഭയപ്പെടേണ്ടാ; അഗ്നിപർവ്വതം അനന്തശയനത്തിൽ കണികാണ്മാനില്ല; പൊട്ടുകയില്ല; വൃഥാതെററിദ്ധരിക്കരുതു്; ഇതാ ഭൂമിശാസ്ത്രം നോക്കുക. പസിഫിക്കു സമുദ്രത്തിലാണു് അഗ്നിപർവ്വതങ്ങൾ അധികമുള്ളതു്. പിന്നെ ഇററലിയിലും നവീനഭൂഖണ്ഡത്തിലും മാത്രമേയുള്ളു. വെറുതേ സ്വപ്നംകണ്ടു കരയണ്ടാ" എന്നു് എന്റെ ശുദ്ധഗതിയിൽ പറഞ്ഞുവെന്നിരിക്കട്ടെ. സഭയിൽ വിഡ്ഢിയാവുന്നതു നിശ്ചയം. രാജാവും ചിരിക്കും സദസ്യരും ചിരിക്കും. എന്നോട്ടു് അനുകമ്പതോന്നുന്ന വസ്തു ഭൂമിശാസ്ത്രം ഒന്നേയുള്ളു. ശാസ്ത്രത്തിനു് ഹാസ്യവും കോപവും കാണുകയില്ല. വിശ്വസിക്കുന്നവരെ വഞ്ചിക്കുകയില്ല. യഥാർത്ഥമായ ജ്ഞാനയോഗം അഭ്യസിക്കണമെങ്കിൽ ശാസ്ത്രങ്ങളോടു അനുയാത്രചെയ്യിൻ! നിസ്സപത്നമായ സുഖാനുജീവിതം അപ്പോൾ മാത്രമേ ലഭ്യമാകുകയുള്ളു. എന്റെ ഭൂമിശാസ്ത്രഗതിയെ പിൻതുടരട്ടെ.

ഭൂമിയുടെ ഭ്രമണവേഗം കുറേശ്ശക്കുറേശ്ശ കുറഞ്ഞല്ലേവരുന്നതു്? ഇപ്പോൾ ഇരുപത്തുനാലുമണിക്കൂർ ചേർന്നാൽ ദിവസമായി. മേലിൽ അഹോരാത്രദൈർഘ്യം ഹനുമാന്റെ വാലുപോലെ വളർന്നുവരും. എത്രനേരം ഊണുകഴിച്ചാൽ പകലുകഴിയും? വരബലമില്ലാതെ 'ആബാലവൃദ്ധ'ത്തിനു് കുംഭകർണ്ണന്റേതിനെക്കാൾ ദീർഘമായ നിദ്രാസൌഖ്യം അനുഭവിപ്പാൻ ഭാഗ്യംവരികയില്ലെ? പക്ഷേ, പകൽ കഴിഞ്ഞിട്ടുവേണ്ടെ രാത്രിയാവാൻ? ആയിരം മണിക്കൂറിടയുള്ള ഒരു പകൽ കഴിച്ചുകൂട്ടാൻ വൈഷമ്യമുണ്ടോയെന്നു് ഊഹിച്ചുകൊൾക. ഭക്ഷണസാധനങ്ങൾ എവിടുന്നുണ്ടാകും? ഇതു രണ്ടാമത്തെ നാശകാരണം.

"ഭ്രമണവേഗം കൊണ്ടു് ഭൂഗർഭത്തിൽ സംഭരിച്ചിട്ടുള്ള താപശക്തി കുറഞ്ഞുവരുന്നുവെന്നല്ലേ ഭൂഗർഭശാസ്ത്രത്തിന്റെ മൂലസിദ്ധാ

ന്നം? അതിനാൽ ശൈത്യമേഖല ധ്രുവമേഖലയായും, ഉഷ്ണമേഖല ശൈത്യമേഖലയായും, കാലാന്തരത്തിൽ സർവ്വവും ധ്രുവമേഖലയായും പരിണമിക്കുമെന്നുള്ള അനുമാനം വിശ്വാസയോഗ്യമാണ്. ഇതു മൂന്നാമത്തെ നാശകാരണം.

“ഭൂഗോളം ധ്രുവന്റെ ഏകചക്രാധിപത്യത്തിൽ എത്തുമ്പോൾ ‘ഞാനും തെങ്ങുകേറുന്നവനും മാത്രം’ എന്ന ഒരു ദുരാഗ്രഹിയുടെ അതിമോഹം ഏകദേശം സഫലമാകുന്നതാണ്. ജീവജാലങ്ങൾ ഒക്കവേ നശിച്ചുപോകും.

“കലാശഘട്ടം പ്രളയമാണ്. എങ്ങനെസംഭവിക്കുന്നുവെന്നു കേട്ടുകൊള്ളുവിൻ. ഭൂതലം ആകപ്പാടെ ‘ഹിമാലയം’ ആയിക്കഴിഞ്ഞാൽ വായുമണ്ഡലം ദ്രാവകാവസ്ഥയിൽ എത്തുന്നു. ഒരു ധ്രുവകോടിയിൽനിന്നു മറേറതുവരെ ഭീമമായ ജലാശയം. ഈ അവസ്ഥയും അധികനാൾ നില്ക്കുകയില്ല. വെള്ളം തണുത്തുതണുത്തു കട്ടിയാകുന്നു. പിന്നെയും ഹിമാചലമായിത്തീരുന്നു. ഭൂമിദേവി മരിക്കുന്നു.

“ബാല്യം, കൌമാരം, യൌവ്വനം, വാർദ്ധക്യം, മരണം, എന്നിപ്രകാരമുള്ള അവസ്ഥകൾ എനിക്കും, കായബലം, മനോധൈര്യം ബുദ്ധിവൈഭവം മുതലായവയോടും രാജലക്ഷ്മീപ്രതാപത്തോടും കൂടിയിരിക്കുന്ന ആയില്യം തിരുനാളിനും വന്നുസംഭവിക്കുന്നതുപോലെ, ഞങ്ങളെ ചുമക്കുന്ന ധാത്രിക്കും കൃതത്രേതദ്വാപരകലിപ്രളയാവസ്ഥകൾ ഉണ്ടാകുന്നവിധം അറിഞ്ഞുവല്ലൊ.

“ഭൂമിദേവിയുടെ ശവസംസ്കാരാനന്തരം--? അതാണ് ഇതിലേറെ രസകരമായ ചരിത്രം. ശ്രദ്ധിക്കുവിൻ!

“നക്ഷത്രലോകത്തെപ്പററി അധികമായ വിവരങ്ങൾ ഇപ്പോളറിഞ്ഞിട്ടില്ല. അറിഞ്ഞിടത്തോളം സംഗതികൾ എന്റെ അനുമാനത്തിനു ധാരാളം മതിയാകുന്നവയാണ്. നക്ഷത്രങ്ങളെ നോക്കുക. പലനിറത്തിൽ കാണുന്നില്ലെ? ഊർജ്ജസ്വലത എല്ലാത്തിനും ഒന്നുപോലെ ആയിരുന്നെങ്കിൽ ഈ വ്യത്യാസം വരുന്നതല്ലല്ലൊ. ഇരുമ്പു ചുട്ടുപഴുപ്പിക്കുമ്പോൾ അരുണവർണ്ണത്തിൽതുടങ്ങി ചൂടേറുംതോറും രജതവർണ്ണത്തിൽ അവസാനിക്കുന്നില്ലെ? ഇതുപോലെ നക്ഷത്രങ്ങളും അതതിനുള്ള അഗ്നിതാപത്തിന്റെ തീവ്രതയനുസരിച്ചു വർണ്ണവ്യത്യാസങ്ങളോടുകൂടി കാണപ്പെടുന്നു. തീക്കട്ടയായിരിക്കുന്ന തിരുവാതിര ആറി അന്ധകാരപടലത്തിൽ മറയുന്നതിനു മററു നക്ഷത്രങ്ങളെ അപേക്ഷിച്ചു കാലം വളരെ വേണ്ട. നിഷ്പ്രഭത്വത്തെ പ്രാപിച്ചിരിക്കുന്ന നക്ഷത്രങ്ങളെ സൌകര്യത്തിനു വേണ്ടി

തിമിരതാരങ്ങൾ എന്നു വിളിച്ചുകൊള്ളട്ടെ. ആകാശത്തിൽ ഇപ്പോൾ പ്രകാശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെക്കാൾ എത്രയോ അസംഖ്യം തിമിരതാരങ്ങൾ അന്തരിക്ഷത്തിൽ വികീർണ്ണങ്ങളായി കിടക്കുന്നുണ്ട്. ഉദാഹരണമായി, നാം അധിവസിക്കുന്ന ഭൂമിയും, മരണാവസ്ഥയടഞ്ഞിരിക്കുന്ന ചന്ദ്രനും തിമിരതാരങ്ങളാണ്. തിമിരതാരങ്ങൾ പരസ്പരാകർഷണത്താൽ ത്വരയോടേ സർവ്വതഃ പാഞ്ഞുകൊണ്ടിരിക്കുന്നു. ഈ പാച്ചലിൽ സംഘട്ടനം ഉണ്ടാകാതിരിക്കാൻ തരമില്ല. തിമിരതാരഗോളങ്ങൾ കൂട്ടിമുട്ടി ശിഥിലമായിപ്പോകുന്നു. പൊട്ടിച്ചിതറി അന്തരീക്ഷത്തിൽ പറക്കുന്നു. കാലാന്തരത്തിൽ ഭൂഗോളങ്ങളായിത്തീരുന്നു. നിവാസയോഗ്യമായി ഭവിക്കുന്നു.

"കാലചക്രഭ്രമണത്തിൽ ഈദൃശങ്ങളായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കവേ അണുപ്രമാണത്തിലുള്ള കോയിത്തമ്പുരാൻ സൂചിമുനയിൽ ഇരുന്നു ദുഃഖിക്കുന്നതിനു യാതൊരുവിധം കാരണവും കാണുന്നില്ല. 'ദുർദ്ദൈവം' എന്ന അന്ധചിന്തയിൽ നിമഗ്നനാകുന്നതു് എന്റെ കെല്പില്ലായ്മയാൽതന്നെ."

"ഭുജംഗർക്ഷജന്നു് അഹിഭയം സാമാന്യത്തിലധികം. അതിനു കോയിപ്പണ്ടാല എന്തു പിഴച്ചു? തക്ഷകസൈന്യത്തിന്റെ ആഗമനമല്ലേ കാരണം? അപരാധം യാതൊന്നും ഞാൻ ചെയ്തിട്ടില്ല. എന്റെ പേരിൽ രാജദ്രോഹകുറ്റം സ്ഥാപിക്കുന്നതെങ്ങനെയാണ്? ശ്രീ വിശാഖൻ എന്നെ നന്നാക്കിക്കൊണ്ടുവരുവാൻ യത്നിച്ചുവെന്നാൽ വലിയകൊട്ടാരത്തിലേക്കു ചേതമെന്തു്? എന്റെ സാഹിത്യസംരംഭങ്ങളിൽ പണ്ഡിതാഗ്രേസരനായ യുവരാജാവു് എനിക്കു പറഞ്ഞുതരുന്ന ഗുണദോഷങ്ങൾ സ്വപക്ഷഭയഹേതുവായി വ്യാഖ്യാനിച്ചാൽ പ്രതിശാന്തിയില്ല. ചെന്നായുടേയും ആട്ടിൻകുട്ടിയുടേയും കഥപോലെയായി. കലഹശീലന്മാർക്കു കലഹിക്കുന്നതിനു പ്രത്യേകം കാരണം വേണ്ടെന്നാണു സന്മാർഗ്ഗപാഠം. മിന്നാമിനുങ്ങിന്റെ ആസനം കണ്ടപ്പോഴേ അഗ്നിബാധയുണ്ടായിക്കഴിഞ്ഞുവെന്നാണു വലിയകൊട്ടാരത്തിലെ മനഃസ്ഥിതി. അയ്യോ! രാജ്യതന്ത്രജ്ഞന്മാരു! ഇവരുടെ നിർദ്ധാരണശക്തി ശ്ലാഘനീയമെന്നു പറഞ്ഞാൽ പോരാ!

"വജ്രം ഖണ്ഡിക്കാൻ വജ്രം വേണം. എന്നാൽ പഴംമുറിക്കുന്നതിനു വജ്രായുധം തേടണമോ? കോഴിമുട്ട ഉടയ്ക്കാൻ കുറുവടി വേണോ? നിസ്സാരനായിരിക്കുന്ന കോയിപ്പണ്ടാല—സർക്കാർശമ്പളത്തിലിരിക്കുന്ന കോയിപ്പണ്ടാല—കൊട്ടാരത്തിലെ ആശ്രിതന്റെ നിലയിൽ കഴിച്ചുകൂട്ടുന്ന കോയിപ്പണ്ടാല—സാഹിത്യപീഠാരോഹ

ണത്തിനു മഹാരാജാവിന്റെ പ്രോത്സാഹനത്തെ കാംക്ഷിച്ചുകൊണ്ടിരിക്കുന്ന കോയിപ്പണ്ടാല—ആയില്യംതിരുനാളിന്റെ പ്രൈവഡ്ഗുണങ്ങളെ അപേക്ഷിച്ചു തുലോം അശക്തനായ കോയിപ്പണ്ടാല – ആ കോയിപ്പണ്ടാലയേ അകററുവാൻ ഇത്രത്തോളം ഭഗീരഥപ്രയത്നം ആവശ്യമുണ്ടോ? വരാൻ പറഞ്ഞാൽ വരണം; പോവാൻ പറഞ്ഞാൽ പോണം. ഇതാണ് എന്റെ നില. ഇതിനു 'സ്വപക്ഷഭയം' എന്ന ദുർമ്മൂർത്തിയെ സേവിച്ചു പ്രത്യക്ഷമാക്കത്തക്ക കാര്യമുണ്ടോ?"

"പതിനേഴാം ശതവർഷത്തിൽ ഫ്രഞ്ചുരാജാവായ ലൂയി പതിന്നാലാമന്റെ കാലത്തു കഴുത്തുവരെ ഇരുമ്പുതൊപ്പിയിട്ടുമൂടി ഒരു പുണ്യാത്മാവിനെ മരണപര്യന്തം രഹസ്യമായി തടവിൽപാർപ്പിച്ച ചരിത്രം ഓർക്കുന്നുണ്ട്. തടവിൽ കിടന്നു മരിച്ചിട്ടും ആദിയിൽ കല്പിച്ചണിയിച്ചിരുന്ന 'ആഭരണമംഗല്യ'ത്തോടുകൂടിയാണ് ആ നിർഭാഗ്യശിരോമണിയെ ശവകുടീരത്തിൽ അടക്കംചെയ്തതു്. 'ഇത്രാന്തിയതി വന്നു; ഇത്രാന്തിയതി മരിച്ചു; ആഭരണത്തിലുള്ള മോഹം കൊണ്ടു തലയും മുഖവും ആരും കണ്ടിട്ടില്ല.' ഇതായിരുന്നു അയാളുടെ ശവകുടീരലിഖിതം. അയാൾ ആരായിരുന്നുവെന്നോ, കുററം എന്തായിരുന്നുവെന്നോ അറിവാൻ ചരിത്രകാരന്മാർ അന്വേഷണം നടത്തിയതിന്റെ ഫലമായി ലഭിച്ചിട്ടുള്ള വിവരങ്ങൾ ഇന്നും ഊഹാപോഹങ്ങൾക്കധീനമായവ മാത്രമാണ്. അന്തശ്ഛിദ്രനിവാരണാർത്ഥമായി ലൂയിമഹാരാജാവിന്റെ ഇരട്ടപെററ സഹോദരനെ, മാതാവും മന്ത്രിയും കൂടിയാലോചനനടത്തി അയഉഷ്ണീഷം ധരിപ്പിച്ചു് ഏകാന്തഭരണാധികാരം നല്കിയെന്നാണ് ഇപ്പോഴത്തെ ഏററവും വിശ്വാസയോഗ്യമായ ഐതിഹ്യം. മാതൃവാത്സല്യം! ഭരണനയത്തിന്റെ പരമോദ്ദേശം, സമസ്തസൃഷ്ടികളോടുള്ള ഭ്രാതാനുകമ്പ, ഇതിനെല്ലാം മാതൃകാപാഠമാണു പ്രകൃതചരിത്രം! ഇവിടെയും അനുകരിപ്പാൻ ഭാവമുണ്ടോ? പക്ഷെ, ഇരുപതാംശതാബ്ദത്തിൽ നിഷ്കളുഷമായ അനന്തശയനം കൊട്ടാരത്തിന്—അവ്യഭിചരിതമായ വഞ്ചിരാജലക്ഷ്മിക്കു—സാർവ്വഭൌമനായ ശ്രീപത്മനാഭദാസന്—ഫ്രാൻസിലെ റാണിമാതാവിന്റെ ദുർന്നയം ആദരണീയമാണോ? ഭരണയന്ത്രം അത്രയ്ക്കു തുരുമ്പിച്ചുപോയോ? മഹാജനങ്ങൾ തീർച്ചയാക്കിക്കൊള്ളട്ടെ! ഇനിയും ഞാൻ ദിവാസ്വപ്നം കാണുകയായിരിക്കുമോ?"

"വരാൻപോകുന്ന ഭാഗ്യത്തിൽ അധികം സുഖമനുഭവിക്കുന്നഘട്ടം പ്രതീക്ഷാകാലമാണ്. ആപൽകാലങ്ങളിലും ദുസ്സഹമായ വ്യഥയനുഭവിക്കുന്ന സന്ധി സാക്ഷാൽ ആപത്തിനെ മുനഗമി

ക്കന്ന. അതുകൊണ്ട് എന്റെ ആപത്തു വന്നു പിടികൂടുന്നതു വരെയുള്ള ശല്യമേയുള്ളു. വന്നുകഴിഞ്ഞാൽ സമാധാനമായി.

"ഏതായാലും മഹാരാജ്ഞിയെ ഒന്നുകൂടി കണ്ടാൽ കൊള്ളാമെന്നുണ്ട്. സാധിക്കുമോ?"

"ആരവിടെ?"

(പട്ടക്കാരൻ ഓടിവന്ന് ഓച്ഛാനിച്ചിട്ട്) എറാൻ? "കിട്ടാ, മഹാരാജ്ഞിയെ കാണണമെന്നു പറയു- സമയം അറിഞ്ഞിട്ടു വരൂ.

പട്ടക്കാരൻ: —എറാൻ.

കോ: ത: — ആവൂ! മനസ്സല്പം അയഞ്ഞു. സമാധാനമായി ഒന്നു മയങ്ങിയാലോ?

"കാട്ടുപോത്തുകൾ വിഷാണഘട്ടിതസരോജലേഷു വിഹരിക്കയാം
കൂട്ടമായിഹരിണങ്ങൾ ചന്തതണലിൽകിടന്നയവിറക്കയാം,
വിട്ടുപേടിചെറുപൊയ്കയിൽകിടികൾമുങ്ങിമുസ്തകൾകിളയ്ക്കയാം
കെട്ടയച്ചുമമചാപയഷ്ടിയിതുമൊട്ടുവിശ്രമമെടുക്കയാം".

കോയിത്തമ്പുരാൻ പള്ളിക്കുറുപ്പായി.

അദ്ധ്യായം ൯.

ബുദ്ധിയില്ല.

"ജനനിപലതുമേവമോതിയിട്ടും
മലമകളാൾക്കുകുലുക്കമുള്ളിലില്ല;
തനതുപിടിവിടാത്തസന്മനസ്സും
ചരിവതിലെജ്ജലവുംതിരിപ്പതുണ്ടോ?"

"ഇതെന്തൊരു പിടിപ്പുകേട്! ധനം; പൌരുഷം; ആജ്ഞാബലം; ശൃംഗാരമോടി; ഇതെല്ലാം എനിക്കു ധാരാളം. എന്റെ ചെറുവിരലിനു യോഗ്യതയുള്ളവർ ഇവിടെയുമില്ല; അടുത്തരാജ്യത്തുമില്ല. എന്റെ ശബ്ദം കേട്ടാൽ നടുങ്ങാത്തവരില്ല. പ്രൌഢി കണ്ടാൽ പഞ്ചപുച്ഛം അടക്കാത്തവരില്ല. ശാസന ലംഘിക്കുന്നവരില്ല. മഹാരാജാവിനുപോലും എന്നെ ഭയമാണ്. പെണ്ണുങ്ങളോ? ഏതു ജാതിയിലുള്ളവരായിക്കൊള്ളട്ടെ. എന്നെക്കണ്ടയുടനേ മയങ്ങാത്തവരുണ്ടോ? കാമദേവനുകൂടെ എന്നോട്ട് അസൂയ തോന്നാതില്ല.

എനിക്കുള്ള ജനസ്വാധീനം മറെറാരുത്തനു വരുമോ? ഒന്നു നാക്കു മടക്കിയാൽ തിരുവനന്തപുരംപട്ടണം മുഴവൻ എടുത്തു സമുദ്രത്തിലെറിയുവാൻ തയാറുള്ളവരല്ലേ എന്നെ ആശ്രയിച്ചുനില്ക്കുന്നവർ ആബാലവൃദ്ധം? കേസരിയോഗത്തോടുകൂടിയാണു് എന്റെ ജനനം. എന്നേക്കണ്ടാൽ കള്ളന്നും ഓടിയൊളിക്കും. നഖശിഖാന്തം ഞാൻ ഔദാര്യംതന്നെ. എന്റെ എടമായതിൽപിന്നെ തിരുവനന്തപുരത്തു ക്ഷാമമുണ്ടോ? സാധുക്കൾ—സ്ത്രീകൾ, പുകഴ്ത്തുന്നതു കേട്ടാൽ ചെവി കുളിക്കാതിരിക്കുമോ? എന്റെ ധർമ്മത്തിന്റെ മിടുക്കു കൊണ്ടു പത്തുപോകുമ്പോൾ നൂറുവരുന്നുമുണ്ടു്. മുറജപം പേഷ്കാർ എന്റെ ഉള്ളംകൈയ്യിലാണു്. ഉപ്പുതൊട്ടു കർപ്പൂരം വരെ എന്റെ നോട്ടത്തിലല്ലേ? ഞാൻ വെച്ചതുശട്ടം. എനിക്കു വളരെ ചെലവുള്ള ഇക്കാലത്തു മുറജപം വന്നതും ഭാഗ്യമായി. രണ്ടുമൂന്നുലക്ഷം ഇപ്പൊഴേ കൈയിലായി. ഇനി ലക്ഷദീപത്തിനു മുമ്പു് എത്രലക്ഷം വരാൻപോണു? ഉദ്യോഗസ്ഥന്മാർ കൊണ്ടുവന്നു കാഴ്ചവയ്ക്കുന്നതും മററു പലയിനങ്ങളിൽ വരുന്നതുമെല്ലാം ചേർത്താൽ എന്റെ പ്രഭുത്വത്തിനു് എത്രകാലത്താണു് അഴിവു വരുന്നതു്? എനിക്കു കൊട്ടാരത്തിൽ സേവയുണ്ടെന്നു് എന്റെ നാക്കിൽനിന്നു വന്നിട്ടില്ല. എന്നാലും ജനങ്ങൾ വിശ്വസിച്ചിരിക്കുന്നതു നോക്കണം. അതു് എന്റെ യോഗബലമല്ലേ? ‘നിലയ്ക്കുനിന്നാൽ മലയ്ക്കുസമം’ സംശയമില്ല.

“ഞാൻ കാലെടുത്തു വെയ്ക്കുന്നതിനു മുമ്പു സംഘമുണ്ടോ? സഭയുണ്ടോ?; സമ്മേളനമുണ്ടോ? ഞാൻ ക്ലേശിച്ചില്ലെങ്കിൽ എന്റെ തക്ഷകസംഘം ഈ നിലയിൽ സ്തുത്യർഹമാംവണ്ണം പ്രവൎത്തിച്ചു വരുമോ? എന്റെ സംഘത്തിന്റെ കീർത്തിധാവള്യം ദ്വീപാന്തരങ്ങളിൽപോലും പരന്നിട്ടില്ലേ? പൌരജനബോധം ഉദ്ദീപിപ്പിക്കുന്നതിനു എന്റെ നേതൃത്വത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള സംഘത്തിനല്ലാതെ മറേറതു സ്ഥാപനത്തിനു സാധിച്ചിട്ടുണ്ടു? സമുദായ പരിഷ്കാരം, ധനവൎദ്ധനം, രാജ്യഭരണനയോപായം, സാഹിത്യപോഷണം, സ്ത്രീവിദ്യാഭ്യാസം, ഇങ്ങനെ പലേ പ്രവൎത്തനവ്യക്തികളാൽ ബലഭൂയിഷ്ഠമായ സ്ഥാപനമല്ലേ തക്ഷകസംഘം?

“എന്നാൽ സംഘനടപടികളിൽ ചില രഹസ്യങ്ങളുണ്ടു്. അവ വെളിപ്പെടുത്തിക്കൂടാ. വിശ്വാസവഞ്ചന ചെയ്യുന്ന സഭാംഗങ്ങളുടെ തല വെട്ടിക്കളയും അതിനാൽ തലവെട്ടിവേദത്തിന്റെ ഉപശാഖയാണു തക്ഷകസംഘമെന്നു ജനബോധമുണ്ടു്. എന്തെങ്കിലും ഒരു സ്ഥാപനത്തിന്റെ ശക്തി ഉജ്ജ്വലിപ്പിക്കുന്നതിനു രഹസ്യങ്ങൾ അത്യാവശ്യമാണു്. അല്ലെങ്കിൽ ആരും വകവെയ്ക്കുകയി

ല്ല. എനിക്കു മൂർത്തിസേവയുണ്ടെന്നു പറഞ്ഞുവരുന്നതു് എന്റെ സംഘപരിപാലനക്രമത്തിന്റെ സാമർത്ഥ്യംകൊണ്ടല്ലേ?

"കോയിപ്പണ്ടാലയെ സംബന്ധിച്ച സകല ശ്രദ്ധവത്തമാനങ്ങളും വലിയകൊട്ടാരത്തിൽ അറിയിച്ചതു് ആരാണു്? എന്റെ സംഘം. എന്റെയും അനുചരന്മാരുടേയും അപാരമായ ചാരവൈഭവം തട്ടിപ്പാൻ പത്തു കോയിപ്പണ്ടാല വന്നാൽ പററുമോ? വലിയകൊട്ടാരത്തിൽ അഹിഭയം വർദ്ധിക്കാതെ കോയിപ്പണ്ടാലയോടു രാഗദ്വേഷം മുഴുക്കുന്നതെങ്ങനെ? കോയിപ്പണ്ടാലയുടെ ഉദ്യോഗകാലാവധി വിരലുകൊണ്ടെണ്ണാനുള്ളതേയുള്ളു".

"മഹാരാജാവിന്റെ സ്വാന്തരഹസ്യങ്ങൾ ഒന്നുപോലും കോയിപ്പണ്ടാല അറിഞ്ഞിട്ടില്ല പ്രജാസമൂഹത്തിനും അറിഞ്ഞുകൂടാ എനിക്കറിയാം. പക്ഷെ, അതു സംഘത്തിന്റെ രഹസ്യമായതുകൊണ്ടു പരസ്യപ്പെടുത്തിക്കൂടാ. സംഘനിയമം, അദ്ധ്യക്ഷനോടുതന്നെ ദാക്ഷിണ്യം കാണിക്കയില്ല മരിക്കാൻ ഒരുക്കമൊണ്ടെങ്കിൽ പറയാം; വിരോധമില്ല. എന്നാൽ എന്റെ താരുണ്യപ്രതാപത്തിൽ മരിക്കണമെന്നാഗ്രഹമില്ല".

"കോയിപ്പണ്ടാലയോടു ദ്വേഷം നന്നായുണ്ടെങ്കിലും, അദ്ദേഹത്തെ ഓടിക്കുന്നതിനു മതിയായ കാരണം വേണമല്ലോ. മഹാരാജാവു വല്ലാതെ പരുങ്ങുന്നു. സർവ്വജനസമ്മതനായ പൊന്നുതമ്പുരാൻ സാഹസത്തിനു പുറപ്പെടുമ്പോൾ മഹാജനങ്ങളോടു് എന്തു സമാധാനം പറയേണ്ടതു്? ഒന്നും പറവാനില്ലെങ്കിൽ അദ്ദേഹത്തിന്റെ സൽക്കീർത്തി നശിച്ചുപോകുകയില്ലേ? രാജകുടുംബത്തിനു് അപമാനം സിദ്ധിക്കുകയില്ലേ? മേൽക്കോയ്മ പഴിക്കുകയില്ലേ?

"സാധാരണ ഒരുവനോടാണോ പൊന്നുതമ്പുരാന്റെ കോപം സഫലമാക്കേണ്ടതു്? പ്രതിബന്ധങ്ങൾ ചില്ലറയാണോ? എന്തു കഥ? കോയിപ്പണ്ടാലയെ എനിക്കു കാണേണ്ടാ; തേവാരത്തുകോയിക്കൽ കൊട്ടാരത്തിൽ അദ്ദേഹം കയറിക്കൂടാ; തിരുവനന്തപുരത്തു തന്നെ ഇരിക്കരുതു്; അദ്ദേഹത്തെ എവിടെയെങ്കിലും കൊണ്ടുപോയി തള്ളട്ടെ'; എന്നു് അമൃതേത്തുംകഴിഞ്ഞു പള്ളിക്കുറിപ്പിനു പോകുന്ന വഴിക്കു് അച്യുതൻപിള്ളയെ വിളിച്ചുപറയാൻ തക്ക വിഷയമാണോ കോയിപ്പണ്ടാല? തെരുവിൽ പോകുന്ന ഭിക്ഷക്കാരനാണെങ്കിൽ ഇക്കാലത്തൊരുപക്ഷേ സാധിച്ചേക്കും. കുറേക്കാലം ചെന്നാൽ അതും നടക്കുകയില്ല. എന്റെ യത്നഫലമായ പൊതുജനഭരണം വന്നേക്കും. വിചാരണയില്ലാതെ, രാജാവായലും ഒരുത്ത

ഹർ

ന്റെമേൽ—അസംഗതിയാണെന്നിരിക്കട്ടെ എന്നാലും, കുററാരോപണം ചെയ്യാൻ സാധിക്കയില്ലെന്നു വരുന്നകാലം സമീപിച്ചിരിക്കുന്നു.

“കോയിപ്പണ്ടാല ആരാണ്? രാജകുടുംബത്തിലെ ഒരംഗം. മഹാരാജാവുതിരുമനസ്സിലെ ഭാഗിനേയിയുടെ ഭർത്താവ്. ശ്രീമൂലം തിരുനാൾ കൊച്ചുതമ്പുരാന്റെ അച്ഛന്റെ സ്വന്തം അനന്തരവൻ. ലക്ഷ്മീപുരത്തുകൊട്ടാരത്തിലെ വിദ്വാന്മാരുടെ വംശപരമ്പരയിൽ പെട്ട മാന്യപുരുഷൻ. വടക്കേക്കൊട്ടാരത്തിലെ യുവരാജാവായ ശ്രീ വിശാഖന്റെ മിത്രം. മഹാരാജാവിനോളമില്ലെങ്കിലും സർവ്വജനപൂജിതനായ വിദ്വാൻ. മഹാരാജാവിനും അത്യന്തം പ്രീതിബഹുമാനമുള്ള മഹാരാജ്ഞിയുടെ പ്രേമനിക്ഷേപം. ഈച്ച എറുമ്പു പോലെ ഊതിക്കളവാൽ നല്ല സാധനമല്ലേ? മേൽക്കോയ്മ വേഗം സമ്മതിക്കയില്ലേ? മഹാജനങ്ങൾ പൊന്നുതമ്പുരാന്റെ ഭരണനയം അഭിനന്ദിക്കയില്ലേ? കഴുത്തിൽ കയറിടാതെ മഹാരാജ്ഞി അടങ്ങിപ്പാർക്കയില്ലേ? അയ്യോ! മൂഢത്വം! ശ്രദ്ധാഗതി!

“കോയിപ്പണ്ടാലയുടെ തൽക്കാലാവസ്ഥയെന്താണ്? മാർത്താണ്ഡവർമ്മമഹാരാജാവു വളരെ കൌതുകത്തോടും വാത്സല്യത്തോടുകൂടി പള്ളിക്കെട്ടു കഴിപ്പിച്ചതിന്റെശേഷം, ദമ്പതിമാർ നളനും ദമയന്തിയുമായി പതിനേഴുസംവത്സരം സുഖിച്ചിരുന്നു കഴിഞ്ഞിരിക്കുന്നു. അന്യോന്യം പ്രേമസർവ്വസ്വമായിത്തീർന്നിരിക്കുന്നു. സമുദായ നിബന്ധനകൾ എങ്ങനെയിരുന്നാലും അമ്മാമനെക്കാൾ ഭർത്താവിനെ അനുസരിക്കുന്ന കാലം വന്നുകഴിഞ്ഞിരിക്കുന്നു. ഭർത്താവ് എന്തുപറഞ്ഞാലും കേൾക്കാൻ ഒരുക്കമാണ്. മഹാരാജ്ഞി. ഭർത്താവിന് വിരോധമായി അമ്മാമൻ എന്തുപറഞ്ഞാലും നിഷേധിക്കുവാൻ തയ്യാറാണ് മഹാരാജ്ഞി. ഭർത്താവിനെ ആപത്തിൽ നിന്നു രക്ഷിപ്പാൻ എന്തുചെയ്യാനും മടിയില്ലാത്ത പുണ്യവതിയാണ് മഹാരാജ്ഞി. അങ്ങനെയുള്ള ധൈര്യശാലിനിയായ മഹാരാജ്ഞിയെ ശരണം പ്രാപിച്ചിരിക്കുന്ന ഭാഗ്യശാലിയായ കോയിപ്പണ്ടാലയെ ഒതുക്കുവാൻ മഹാരാജാവിന് ദുർമ്മോഹം ചില്ലറയല്ല. ഈ കോയിപ്പണ്ടാലയെ തള്ളിവിട്ടിട്ടു തൽസ്ഥാനത്തിൽ ഇനിയൊരു കോയിപ്പണ്ടാലയെ പ്രതിഷ്ഠിക്കുന്നതിന് മഹാരാജാവു തിരുമനസ്സിലെ കാരണവസ്ഥാനത്തിനും രാജസ്ഥാനത്തിനും ലോകാനുഭവത്തിനും വൈഭവം ഉണ്ടുപോലും! ആശ്ചര്യം! രണ്ടാമത്, കോയിപ്പണ്ടാലയും മഹാരാജാവും ഈ ദീർഘകാലമെല്ലാം അന്യോന്യം വർത്തിച്ചു വന്നതെങ്ങനെയാണ്? വളരെ സ്വച്ഛതയിൽ. കോയിപ്പണ്ടാലയുടെ സാഹിത്യസംരംഭങ്ങളുടെ ഗുണദോഷ വി

വേചനം ചെയ്തിട്ടുള്ളതു മഹാരാജാവല്ലാതെ മററാരുമല്ല. കോയിത്തമ്പുരാനെ ഈ നിലയിൽ ആക്കിവെച്ചതും മഹാരാജാവുതന്നെ. അല്ലെങ്കിൽ അദ്ദേഹത്തിന്ന് ഈ ജന്മം കവിതയുണ്ടാകുമോ? കോയിപ്പണ്ടാലയുടെ സാഹിത്യസാഹ്യമാണ മഹാരാജാവു് എന്നു വേണം പറവാൻ. ഓരോ കവിതയും വെട്ടിത്തിരുത്തി സഭ്യമാക്കാൻ മഹാരാജാവു് എത്ര യത്നിച്ചിട്ടുണ്ടു്! കോയിത്തമ്പുരാന്റെ കൃതി നന്നായില്ലെങ്കിൽ മഹാരാജാവിന്റെ ജന്മം നിഷ്ഫലമായിപ്പോയി എന്നായിരുന്നു ഇത്രകാലത്തേയും വിചാരം. കാശിനുകൊള്ളാത്ത കവനങ്ങൾ എടുത്തുവെച്ചു കുത്തിക്കീറി "ഞാൻ എത്ര പഠിപ്പിച്ചിട്ടും നന്നാവുന്നില്ലല്ലോ! ഇനി എന്തുചെയ്യട്ടെ?" എന്നുപറഞ്ഞു് തിരുമനസ്സുകൊണ്ടു് കണ്ണുനീർ വാർക്കുന്നതു ഞാൻതന്നെ ഒളിച്ചുനിന്നു കണ്ടിട്ടുണ്ടു. നന്നാകുമെന്ന ആശയോടേ പല പരീക്ഷകളും നടത്തിയിട്ടുണ്ടു. സമ്മാനങ്ങൾ കല്പിച്ചു നല്കിയിട്ടുണ്ടു്. എന്തായാലും കോയിപ്പണ്ടാല നന്നാകുന്നില്ലെന്നായിരുന്നു തിരുമനസ്സിലേ കണ്ടിതം. ഒടുവിൽ സിദ്ധൌഷധം ഒന്നുകൂടി പ്രയോഗിച്ചുനോക്കി കോയിപ്പണ്ടാലയെ ഭാഷാക്കമ്മിററി അഗ്രാസനരാക്കി. എന്നെപ്പോലെയുള്ള പലേ മാന്യന്മാരുടേയും ന്യായമായ അവകാശങ്ങളെ ഗണിക്കാതെയാണ കോയിപ്പണ്ടാലയെ പ്രോത്സാഹിപ്പിച്ചതു്. ഈയുള്ളവനെ ഇങ്ങനെ അലക്ഷ്യമാക്കിയതുകൊണ്ടു മഹാരാജാവിനെ ഈ സന്ദർഭത്തിൽ സഹായിച്ചുകൂടാത്തതാണു്. എങ്കിലും എന്റെ മനസ്സു സമ്മതിക്കുന്നില്ല. വിഷമഘട്ടങ്ങളിൽ മററുള്ളവരെ യഥായോഗ്യം സഹായിക്കുന്നതു നമ്മുടെ സ്വഭാവമായിപ്പോയി. ഇത്ര വാത്സല്യത്തോടുകൂടി രക്ഷിച്ചുവന്ന മഹാരാജാവിനു് ഒരു ദിവസം പള്ളിക്കുറിപ്പുണർന്നപ്പോൾ കോയിപ്പണ്ടാലയോടു ബദ്ധവൈരം തോന്നി; "കൈക്കൊട്ടിപ്പുറത്താക്കി" എന്നു പറഞ്ഞുവെന്നിരിക്കട്ടെ. ആരുവിശ്വസിക്കും? വാസ്തവമെന്നു് ഒരുവിധം ധരിച്ചാലും 'മഹാരാജാവിനു്, എന്താടോ ബുദ്ധിഭ്രമമുണ്ടോ? അനുജന്റെ സുഖക്കേടുപകർന്നോ?' എന്നു ചോദിക്കാത്തവരുണ്ടോ? വിശ്വാസയോഗ്യമല്ലെങ്കിലും ദുർഭാഗ്യവശാൽ ഇതൊരു അപ്രിയമായ സത്യമാണു്. മഹാരാജാവിന്നു കോയിപ്പണ്ടാലയെ ഉത്തരധ്രുവത്തിലേക്കു തള്ളിയാലും കോപം ശമിക്കയില്ല. ബുദ്ധിഭ്രമമില്ലെങ്കിൽ തക്കതായകാരണം ഉണ്ടായിരിക്കണമല്ലോ. അതു പറവാൻ കഴിവില്ലാതെയാണ തിരുമനസ്സുകൊണ്ടു കുഴങ്ങുന്നതു്. മൂന്നാമതു, തിരുമനസ്സിലേ കോപംമുഴുവനും ഭക്ഷിച്ചുതീർക്കാൻ തിരുമനസ്സുതന്നെ വേണം. അജിൎണ്ണക്കോളുണ്ടായേക്കുമെന്നുപറഞ്ഞാലും ആരും കേൾക്കുകയില്ല. രാജ്യത്തു് ഉദ്യോഗസ്ഥന്മാരാകട്ടെ, പ്രജാസാമാന്യമാകട്ടെ തിരുമനസ്സിലെ കോപത്തിൽ പങ്കുകൊള്ളുകയില്ല. 'അയ്യോ! മഹാപാപം! കോയി

പ്പുണ്ടാലയെ ദ്വേഷിക്കാമോ? അദ്ദേഹം അപരാധമൊന്നും ചെയ്തിട്ടില്ല. ഈ പാപകർമ്മത്തിൽ ഞങ്ങൾ ചേരുന്നില്ല. നിഷ്കരുണം അവിടുന്നുതന്നെയായിക്കൊള്ളണം. അതിന്റെ പാപമോ പുണ്യമോ ഞങ്ങൾക്കാവശ്യമില്ല. അവിടുന്നുതന്നെ എടുത്തുകൊള്ളണം' എന്നാണ് രാജ്യമാസകലം മുറവിളികൂട്ടുന്നത്. നാലാമത്തു, മേൽകോയ്മയ്ക്കു ശരിയായ സമാധാനം കൊടുപ്പാൻ കഴങ്ങിയാൽ ആപത്താണ്. 'അതു രാജരഹസ്യം; പറവാൻ തരമില്ല' എന്നുതട്ടിത്തിരിച്ചു ബ്രിട്ടീഷുകോയ്മയെ മടക്കാൻ തരമില്ല. 'പ്രജകളുടെ സ്വാതന്ത്ര്യം പരിശുദ്ധമാണ്; കാരണമില്ലാതെ അതിനെ നിരോധിച്ചുകൂടാ' ഇതാണ് ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ മൂലാദർശം.

"ഒരുഭാഗത്തു കോയിപ്പുണ്ടാലയോടു പിടിച്ചാൽ നില്ക്കുകയില്ലാത്ത കോപം; മറുവശത്തു അടക്കാൻവയ്യാത്ത കഠിനമായ പ്രതിബന്ധങ്ങൾ; രണ്ടിനുംമദ്ധ്യേ ധർമ്മസങ്കടത്തിൽ ഉഴലുന്ന മഹാരാജാവിനു സാഹായ്യം ആരുണ്ട്? ഇരവിയൻതമ്പിയും കൂട്ടരും തക്ഷകസംഘത്തിന്റെ അസാധാരണമായ ബുദ്ധിവൈഭവത്തെ ആലംബനമായിക്കരുതിയാലേ തിരുമനസ്സിലെ പ്രതീക്ഷ സഫലമാകയുള്ളു. എന്നെ ഒന്നു മുഖം കാണിപ്പാനെങ്കിലും കല്പിച്ചനുവദിക്കരുതേ; സംഘത്തിന്റെ സഹായം നന്ദിപൂർവ്വം സ്വീകരിച്ചിരിക്കുന്നുവെന്നെങ്കിലും തിരുവെഴുത്തുമൂലമായിട്ടോ സർവ്വാധികാര്യക്കാർ വശേനയോ കൃതജ്ഞത പ്രദർശിപ്പിക്കയെങ്കിലും ചെയ്യരുതേ; ചെയ്യുന്നില്ല. ഈ ധീരകൃത്യത്തിൽ ബഹുമതിമുഴുവനും തനിക്കുതന്നെ വേണം എന്ന അത്യാശയിലോ മുഴുകിയിരിക്കുന്നതു? ആ കപടവിദ്യ, ഇരവിയൻതമ്പി സമ്മതിക്കുകയില്ല. കോയിപ്പുണ്ടാലയോടുള്ള മഹായുദ്ധത്തിൽ സൈന്യാധിപൻ ഇരവിയൻതമ്പിയും പടയാളി, മഹാരാജാവു തിരുമനസ്സുകൊണ്ടുമായിരുന്നുവെന്നു ചരിത്രകാരന്മാർ സശിരഃകമ്പം സമ്മതിക്കാതിരിക്കയില്ല. ഈ വിഷയത്തിൽ നേതൃത്വം ഞാൻ കോയിപ്പുണ്ടാലയുടെ പ്രതിയോഗിയായിരിക്കുന്നേടത്തോളം കാലം അദ്ദേഹത്തിനു ലഭിക്കുകയില്ല.

"മഹാരാജാവു് എന്റെ വിരോധിയായിരുന്നിട്ടും ഈ കാര്യത്തിൽ അദ്ദേഹത്തെ സഹായിപ്പാൻ പുറപ്പെട്ടതെന്താണെന്നു് എല്ലാവരും അത്ഭുതപ്പെട്ടുമായിരിക്കും അതിനു പല കാരണങ്ങളുമുണ്ടു്. ഒന്നു്; 'ശത്രുക്കളെ സ്നേഹിക്ക', ആയിപ്പോയ എന്റെമതവും; രണ്ടു്;—രാജാവു് എന്നെ ദ്രോഹിച്ചാലും ഞാൻ അങ്ങോട്ടങ്ങനെ ചെയ്യാമോ? സ്വതസ്സിദ്ധമായ രാജഭക്തിക്കു വിരുദ്ധമായി ഒരു സംഗതിയിലും ഏർപ്പെട്ടുപോകരുതെന്നാണ് സംഘത്തിന്റെ മൂലപ്രമാണം; മൂന്നു; മഹാരാജാവിനെക്കാൾ എനിക്കു ബദ്ധശത്രു കോ

യിപ്പണ്ടാലയാണ്. സംഗതിയെന്താണെന്ന് ഇപ്പോൾ പ്രസ്താവിക്കുന്നതെന്തിന്? വരുംസംഭവങ്ങളെ കണ്ടറിയേണ്ടതാണു. ഒന്നിപ്പോൾ നേരേ പറയുന്നതുകൊണ്ടു തരക്കേടില്ല. കോയിപ്പണ്ടാലതന്നെ അറിഞ്ഞിട്ടുള്ള വിഷയം. സാഹിത്യലോകത്തിൽ ഇപ്പോൾ അദ്ദേഹത്തെക്കാൾ യോഗ്യത എനിക്കുതന്നെയാണെന്നു സർവസമ്മതമാണ്. എന്റെ 'ശൃംഗാരലഹരി' അദ്ദേഹത്തിന്റെ 'ശൃംഗാരമഞ്ജരിഭാണ'ത്തെക്കാൾ വിലമതിക്കാവുന്നതാണെന്നു സഹൃദയന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് 'ഇന്നലെ പെയ്ത മഴയിൽ ഇന്നുകുരുത്ത തകര'യായ കോയിത്തമ്പുരാൻ അതിനെ ഖണ്ഡനംചെയ്വാൻ പുറപ്പെടാമോ? ചമൽക്കാരപൂർണ്ണമായ എന്റെ കൃതിക്ക് ഈ ഹ്രസ്വബുദ്ധി, ദോഷം കല്പിക്കാമോ? കാവ്യനിരൂപണശക്തി അപാരമെന്ന് അഹമ്മതി നടിച്ചാലായോ? 'വായിൽതോന്നിയതെല്ലാം കോതയ്ക്കുപാട്ടായി എന്തൊക്കെയോ പത്രങ്ങളിൽ പരസ്യംചെയ്തു. അതെല്ലാം തനിക്കുതന്നെ 'ആകാശകോടാലി' ആയിത്തീരാൻ പോകുന്നു.

“കോയിപ്പണ്ടാലയെ ഇറുക്കുവാൻ തക്ഷകസംഘം ശേഖരിച്ച് അച്യുതൻപിള്ളയെ ഏല്പിച്ചിട്ടുള്ള തെളിവുകൾ അസംഖ്യങ്ങളാണ്. അപ്രധാനങ്ങളായ നാലഞ്ചെണ്ണം കോയിത്തമ്പുരാനുതന്നെ ബോദ്ധ്യമായിട്ടുണ്ട്. അവമാത്രം മതിയായ പായിന്റുകളാണെന്ന് അദ്ദേഹംതന്നെ സമ്മതിച്ചതായി സംഘത്തിലെ കാര്യദർശി ഇവിടെ അറിയിച്ചിരിക്കുന്നു. റിക്കാർട്ടുകളുടെ അനുക്രമണികയായി അവയെ ചേർത്താൽ മഹാരാജാവിന് ഒരു നോട്ടത്തിൽ മനസ്സിലാകുന്നതാണ്. ഒന്ന്; സീമന്തിനിയുടെ ശാപം. രണ്ട്; ലീലാരണ്യത്തിലെ അശരീരി. മൂന്ന്; സ്വപക്ഷഭയജനകമായ പത്രലേഖനങ്ങൾ. നാല്; സൽകവിത്വത്തിലേക്കു വിദ്വാന്റെ പ്രയാണവും മഹാരാജാവിന്റെ പ്രോത്സാഹനവും. ഇവിടെ ഒരു ടിപ്പണി അത്യാവശ്യമാണ്. ഒരുദാഹരണം പറഞ്ഞാൽ മതിയാകും. ശേഷം വഴിയേ തിരുമനസ്സിലേക്ക് അറിയാറാകും. 'താമസസ്ത്രീകലോച്ചം' എന്ന പദം എങ്ങനെയാണു പരിഭാഷപ്പെടുത്തുന്നത്? 'താമസം' 'രാജസം' 'സാത്വികം' ഇങ്ങനെ ഗുണങ്ങൾ ത്രിവിധം പ്രോക്തം. അധമഗുണമാണ്, തമോഗുണം. തമോഗുണസ്ത്രീയുടെ കല ഉച്ചമായിരിക്കുന്നവർ ആരോ, അവർ എന്നാണ് എന്റെ പരിഭാഷ. ഇതു മഹാരാജാവിനെ ഉദ്ദേശിച്ചായിരുന്നാൽ ഈ പദപ്രയോഗകർത്താവിനെ ഉടനെ ആമം വെച്ചാലും ആരും കുറ്റം പറയുകയില്ല. മഹാരാജാവിന്റെ ക്ഷമാശീലംകൊണ്ടു വീരചങ്ങലയാണ് അപ്പോൾ സമ്മാനിച്ചത്. പക്ഷേ, 'അനാഘസ്ഥാ

മസശ്രീകലോച്ചം’ എന്ന ഭംഗിയായ വിശേഷണത്തോടുക്രടി പ്രയോഗിച്ചപ്പോൾ ശുദ്ധമനസ്സായ തിരുമനസ്സുകൊണ്ടു പ്രസാദിച്ചിരിക്കും. അനഘമായാലും തമോഗുണം തമോഗുണമല്ലെന്നു വരുമോ? വ്യാഖ്യാനം ഇത്രയും മതി. അഞ്ചു്; വലിയകൊട്ടാരത്തിലെ പ്രശ്നഫലം. ആറു്; തിരുവിതാംകൂർ രാജകുടുംബത്തിലെ സന്തതിക്കുറവിനെ ഉദ്ദേശിച്ചു ചില അത്യാവശ്യങ്ങൾ. ഇങ്ങനെ കാരണങ്ങൾ പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല. അച്യുതൻപിള്ള തക്കംനോക്കി തിരുമനസ്സുണർത്തിക്കൊള്ളും. ഇത്രയും പറയത്തക്ക കാരണങ്ങൾ ഉള്ള സ്ഥിതിക്കു വലിയ തമ്പുരാനെ കുററംപറയുവാൻ ആൎക്കാണു ധൈൎയ്യം വരുന്നതു്? കോയിപ്പണ്ടാലയെ നാടുകടത്തി എന്നു വന്നാൽ ഇനിമേൽ തിരുമനസ്സിലെ യശശ്ചന്ദ്രിക വിളങ്ങാത്തമാകുമെന്നു ശങ്കിപ്പാനില്ല. തിരുമനസ്സിലെ ഉചിതമായ പ്രവൃത്തിയെ എല്ലാവരും അഭിനന്ദിക്കുകയേയുള്ളു. ഒരുപദ്രവം തീൎന്നുവെന്നു സന്തോഷിക്കും. ഞാനും എന്റെ തക്ഷകസംഘവും മേല്ക്കുമേൽ അഭിവൃദ്ധിയെ പ്രാപിക്കയും ചെയ്യും.

“തെററുകൾ പലതും ചെയ്തു, ഇനിപിടിച്ചാൽ നില്ക്കുകയില്ല. ശിക്ഷയ്ക്കു് അർഹനായി, എന്നിങ്ങനെ കോയിപ്പണ്ടാല തന്നെ ഏററുകഴിഞ്ഞു. പിന്നെ വിശേഷാൽ തെളിവെന്തിനു്? ‘ദിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലോ’ എന്നു് ഇന്നലെയല്ലേ ചുമരിൽ എഴുതിവച്ചതു്? അതു കഴിഞ്ഞു ഇശി തതപ്ഝതൊനവും ഉപന്യസിച്ചു. അപ്പോൾ അച്ഛൻനമ്പൂതിരി കൂടെയുണ്ടായിരുന്നു. എന്നെക്കണ്ടാൽ വെടിവെച്ചുകളയുമത്രെ? ആകട്ടെ, പരീക്ഷിക്കാമല്ലോ. മഹാരാജ്ഞിയോടു യാത്ര ചോദിപ്പാൻ ഉടനെ പട്ടക്കാരനെ അയയ്ക്കുകയും ചെയ്തു. ഒരു സന്ദേശവും എഴുതി മേശയിൽ വച്ചു പൂട്ടി. അതിന്റെ പ്രതി ഒന്നു സംഘത്തിലും വേറൊന്നു വലിയ കൊട്ടാരത്തിലും പറന്നെത്തുകയും ചെയ്തു. മഹാരാജാവിനു തൃപ്തിയാവാൻ ആ തുണ്ടു കടലാസു മതി. ആരാതെന്താണെന്നു വെളിപ്പെടുത്തുവാൻ തിരുമേനിതന്നെയാണു യോഗ്യപുരുഷൻ. തക്ഷകസംഘത്തിന്റെ ആക്ഷീണപരിശ്രമം ആരെപ്പോഴെങ്കിലും അഭിനന്ദിച്ചാൽ ഈയുള്ളവൻ കൃതാൎത്ഥനായി.

“പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കു സേവകന്മാരില്ല. സേവകനിലയിൽ കൊട്ടാരത്തിന്റെ പരിസരപ്രദേശങ്ങളിൽപോലും അന്യജനങ്ങളെ അടുപ്പിക്കയില്ല. വാസ്തവം തന്നെ. അതുകൊണ്ടു് എന്നെപ്പോലെയുള്ള മാന്യന്മാൎക്കു സമീപത്തിൽ ചെല്ലുന്നതിനു സാധിക്കയില്ല. ഗുണദോഷിക്കുന്നതിനു സന്ദൎഭമില്ല. അങ്ങിനെ ചെയ്യാതിരുന്നതിനാൽ കോപാഗ്നി ഇത്രനാളും ഉരുട്ടിഉരുട്ടിവിഴുങ്ങിക്കൊണ്ടിരിക്കേണ്ടിവന്നു. അതിന്റെ തരക്കേടു തിരുമേനിക്കു ത

ന്നെ. ദേഹം ക്ഷീണിച്ചതു് എന്റേതല്ല, തിരുമേനിയുടേതാണു്. ഊണിന്നാസ്ഥ എനിക്കു കുറഞ്ഞിട്ടില്ല; തിരുമനസ്സിലേക്കുമാത്രം. പള്ളിമെത്തയിൽ ഉരുണ്ടുരുണ്ടു് എന്നും ശിവരാത്രിയായിക്കഴിച്ചതു് ഇരവിയൻതമ്പിയല്ല, മഹാരാജാവു തിരുമനസ്സുകൊണ്ടാണു്. ദുഃസ്വപ്നപീഡ അനുഭവിച്ചതു തിരുമേനിയാണു്; ശേഷം പേരല്ല. ഇരവിയൻതമ്പിയെ കോലാകാലത്തിൽ ഉപദേഷ്ടാവായി സ്വീകരിക്കാഞ്ഞതുകൊണ്ടു് അദ്ദേഹത്തിനുതന്നെ അനൎത്ഥങ്ങൾ വന്നുകൂടി. എത്രനാൾ അങ്ങനെ മനസ്സും ദേഹവും ക്ലേശിപ്പിച്ചുകൊണ്ടു മനുഷ്യന്നു് ഇരിപ്പാൻ കഴിയും? പൊറുതി മുട്ടുമ്പോൾ ആരെന്തു പറഞ്ഞാലും വിശ്വസിക്കുന്നതു മനുഷ്യസ്വഭാവമാണല്ലോ. സക്കാർസിൽബന്തികളുടേയും കൊട്ടാരം തവണക്കാരുടേയും ഇടയിൽ ചെവികൾതോറും ഊതുന്ന ഗൃഢധ്വനികൾ ആസ്ഥാനമണ്ഡപത്തെ കമ്പിപ്പിക്കാതിരിക്കുമോ? ഇഞ്ചോർജ്ജ അച്യുതൻപിള്ളയെ കാണാതെ കഴിയുമോ? അയാൾ പറയുന്നതു കേൾക്കാതെ കഴിയുമോ? പള്ളിമെത്ത വിരിക്കുന്ന മാതുപിള്ള വല്ലതും മൂളിയാൽ തിരുമേനിക്കു ചെവി പൊത്താൻ ഈ ജന്മത്തു സാധിക്കയുണ്ടോ? അവനോടു പിണങ്ങിയാൽ അവിടുത്തേക്കു പള്ളിയുറക്കം സുഖമാകുകയില്ല. അതാണു് ലാഭം. ലോകത്രയനായകൻ പള്ളിയറക്കാരനു ദാസനാണു്. അവനോടു നായകത്വം നടിച്ചാൽ ചെല്ലുകയില്ല മാതുപിള്ളയും അച്യുതൻപിള്ളയും എന്നുവേണ്ടാ, കൊട്ടാരംപാൎശ്വക്കാർ ആത്രയും നരണയന്മാർ. തക്ഷകസംഘത്തിൽ ചേൎന്നവരല്ലേ? ഇരവിയൻതമ്പിയുടെ ആജ്ഞാനുസാരികളല്ലേ? തിരുവുള്ളം ഈ വളഞ്ഞ വഴിക്കു തിരിഞ്ഞതുകൊണ്ടു താമസംനേരിട്ടു. മൂക്കിൽകൂടിയുണ്ടു വയറു നിറയ്ക്കുത്തക്ക മൌഢ്യം ഇരവിയൻ തമ്പിക്കില്ല. തിരുമേനിക്കു് അതു തൃപ്തിയായിരിക്കും. അതിന്റെ ഭവിഷ്യത്തനുഭവിച്ചതും ഞാനല്ലല്ലോ. തിരുമേനിയല്ലേ? എങ്ങനെയും ആകട്ടെ. വന്നതെല്ലാം വന്നുകഴിഞ്ഞു. തിരുമേനി അനുഭവിക്കേണ്ട ദുഃഖമെല്ലാം അനുഭവിച്ചുകഴിഞ്ഞു. സൂചികൊണ്ടെടുക്കാനുള്ള കാലം പോയപ്പോൾ തൂമ്പാ കൊണ്ടെങ്കിലും എടുക്കണമെന്നു തോന്നിയല്ലോ. അതുതന്നെ വലിയകാൎയ്യം. തിരുമേനിയുടെ നല്ല കാലം, ഇനിവെട്ടിക്കെട്ടു കൊളുത്തുന്നതിനു താമസമില്ല. നിലാത്തിരി കത്തിച്ചു കാണിക്കേണ്ട ആവശ്യമേയുള്ളു

„ഇരവിയൻ തമ്പിയുടെ പ്രധാന ഉദ്ദേശം സാധിച്ചു. ഇനി സ്വകാൎയ്യപ്രതിപത്തി അല്പം കൂടിയേ തീരൂ. അവനവന്റെ കാൎയ്യവും കുറച്ചുനോക്കണ്ടെ. പരോപകാരാൎത്ഥമായിത്തന്നെയിരുന്നാൽ ജന്മസാഫല്യമായില്ല. സ്വകാൎയ്യമാണു ആദ്യം എന്റെ ചിന്തയിൽ വരേണ്ടതു്. അങ്ങനെയാണു് ആരംഭിച്ചതും എന്നാലും

എന്റെ ധർമ്മബുദ്ധികൊണ്ടു കോയിപ്പണ്ടാലയുടേയും വലിയകൊട്ടാരത്തിലേയും യോഗക്ഷേമങ്ങൾ ആലോചിച്ചിരുന്നുപോയി.

എന്റെ പിടിപ്പുകേടിനെപ്പറ്റി ഇനി ആലോചിച്ചു വേണ്ടുന്നതു ചെയ്യണം. മുറജപം തുടങ്ങുന്നതിന്റെ തലേദിവസം വിളക്കു തുടച്ചുകൊണ്ടിരിക്കുന്ന സമയത്തല്ലേ അവളെ കണ്ടതു്? അപ്പോൾ ഇതികർത്തവ്യതാമൂഢനായി നിന്നുപോയതാണ് എന്റെ പിടിപ്പില്ലായ്മ. ആ ധിക്കാരിപ്പെണ്ണിന്നു അവസ്ഥകൂടിയതു് എന്റെ അന്നേരത്തെ പൌരുഷക്കുറവുകണ്ടു് അഹമ്മതി തോന്നീട്ടാണ്. 'ഇയ്യാളൊരു വങ്കൻ; ഞാൻ വരച്ചവരയിൽനിർത്തി ആടിക്കാം; ഇയ്യാളെ കുറേക്കാലത്തേക്കു തുള്ളിച്ചു രസിച്ചതിന്റെശേഷമേ അനുസരിക്കാവൂ, എന്നൊക്കെ അഹംഭാവം, എന്റെ പെണ്ണേ! ചിരുതേടെ മകളെ! ജനകജേ! ജാനകീ! നീ വിചാരിച്ചുകളഞ്ഞില്ലേ? എന്നെ കണ്ടു് ഈ മഹായോഗ്യനും പരുങ്ങുന്നല്ലോ'യെന്നു സന്തോഷിച്ചു് എന്റെ കാല്ക്കൽ വീഴാനല്ല നീ അഹംകരിക്കാനാണല്ലേ പുറപ്പാടു്? അഹംകരിച്ചാൽ മുഖംകരിക്കുമെന്നറിയാമോ? ഇല്ലെങ്കിൽ ഞാൻ പഠിപ്പിക്കാം.

"ജാനകീ! നിന്റെ ദാസനാകാൻ ഞാൻ തയ്യാറാണ്. എന്റെ സർവ്വസ്വവും ഒരല്പസുഖത്തിനായി ഞാൻ പണയം വെക്കാൻ സന്നദ്ധനാണ്. ഇതുപോലെ ശൃംഗാരലഹരി മറ്റൊരു സത്വത്തോടു് എനിക്കു തോന്നുന്നില്ല. ചെല്ലമ്മയും പൊന്നമ്മയും ദീർഘപരിചയത്താൽ എന്റെ പ്രേമഭാജനങ്ങളായിപ്പോയി. അവരോടുള്ള കൂറുവിടുവാൻ തരമില്ല. എങ്കിലും നീ പറഞ്ഞാൽ അവരുടെ സഹവാസം കുറേക്കാലത്തേക്കു നിർത്തിവെച്ചേക്കാം. സപത്നികളെ സഖികളായി വിചാരിക്കണമെങ്കിൽ ശകുന്തളയെപ്പോലുള്ള പുണ്യവതികളായിരിക്കണം. നിനക്കു അത്രത്തോളം വിശാലത വേണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. നിന്റെ ഇഷ്ടത്തിനു ഞാൻ വിരോധം ഭാവിക്കുന്നില്ല. പക്ഷേ, എന്നെ നിലത്തിട്ടു ചവിട്ടിത്തേയ്ക്കാൻ ആരംഭിച്ചാൽ എന്റെ വിധം മാറും. നിനക്കു് ആപത്താണ്. അഗ്നിയെ കൈകോർത്താലിംഗനം ചെയ്യാൻ ശ്രമിക്കേണ്ട. ഇരവിയൻതമ്പി അങ്ങനെയുള്ള അപരാധം സഹിക്കയുമില്ല, ക്ഷമിക്കയുമില്ല. സ്വന്തം അവയവങ്ങളിലൊന്നു് എനിക്കനിഷ്ടം പ്രവർത്തിക്കുന്നുവെങ്കിൽ അതിനെക്കൂടി വെട്ടിയെറിവാൻ മടിയില്ലാത്തവനാണ് ഇരവിയൻതമ്പി. പിന്നെയല്ലേ നീയ്?

"എന്റെ ദയവുകൊണ്ടും നിന്നോടു അല്പം തോന്നിയ വാത്സല്യംകൊണ്ടുമല്ലേ എന്റെ ആഭരണപ്പെട്ടി അയച്ചതു്? മുഖത്തടിച്ചുവണ്ണം പപ്പനെ അധിക്ഷേപിച്ചയച്ചുകളഞ്ഞില്ലേ നീ; ദുഷ്ടേ!

മേൽക്കുമേൽ നിൻെറ ധാർഷ്ട്യം കൂടിക്കൊണ്ടല്ലേ വരുന്നതു്? ഇടപാതയിൽ നിന്നെ വിളിച്ചില്ലേ? അപ്പോഴും നിൻെറ തോന്ന്യാസം കാണിച്ചില്ലേ? നോക്കിക്കോ. എനിക്കു് അല്പാല്പം ക്ഷമയില്ലാതെയാകുന്നു. വേഗം വന്നേക്കുകയാണു് നല്ലതു്. ‘അത്തിപ്പഴത്തോളമകനിന്ദയിരുന്നാലട്ടിക്കിലെങ്ങും വിളങ്ങാഗ്ഗുരുത്വം’.

“നിനക്കു നന്നാവാൻ ഒരവസരംകൂടെ തന്നേക്കാം. അതും തെററിക്കുന്നുവെങ്കിൽ നിൻെറ കഷ്ടകാലം. ഇല്ല, നിനക്കു സൽബുദ്ധി തോന്നാൻ കണക്കില്ല. ഗ്രഹപ്പിഴ അടുത്തിരിക്കുന്നു. അല്ലെങ്കിൽ ഇടത്തുകാലുംവച്ചു തിരുവനന്തപുരത്തു വന്നു കയറിയ നമ്പൂതിരിയെ ആ സമയത്തു ഇടപാതയിൽ കാണുവാൻ സംഗതിയെന്തു്? ഞാൻ കണ്ടപ്പോൾ അയാൾ പത്മതീർത്ഥത്തിൽ ഇറങ്ങുകയായിരുന്നു. ഉടനേ മതില്ക്കകത്തേക്കു് ഓടാൻ അയാൾക്കെന്താവശ്യം? അച്ഛൻനമ്പൂതിരിയുടേയും കാര്യസ്ഥൻേറയും അനുഭവം അയാൾക്കും സമ്മതം വാങ്ങുവാനാഗ്രഹമുണ്ടെന്നുതോന്നും പ്രവൃത്തി കണ്ടാൽ. ആ വകക്കാരോട്ടു് എൻെറ കോപം ഹോമകുണ്ഡംപോലെയാണു ജ്വലിച്ചെരിയുന്നതു്.

“അയാളുടെനേരെ ചില കടാക്ഷബാണങ്ങൾ നീ അയച്ചതായി പപ്പൻ പറഞ്ഞതു ശരിയാണെങ്കിൽ നിൻെറ കുടൽമാലചൂടാൻ എനിക്കു ഭാഗ്യമുണ്ടെന്നാണു തോന്നുന്നതു്. നരസിംഹാവതാരം രണ്ടാമതും ഇരവിയൻതമ്പിയിൽ കണ്ടു വിറയ്ക്കുവാൻ ജാനകിക്കുട്ടിക്കു സൌകര്യം ഉണ്ടായേക്കും.

“ബ്രാഹ്മണനായകത്വം സമൂലം നശിപ്പിക്കണമെന്ന ആശംസയോടുകൂടിയാണു് എൻെറ സംഘത്തിൻെറ കവാടോദ്ഘാടനകർമ്മം സുമുഹൂർത്തത്തിൽ നിർവ്വഹിച്ചതു്. സമുദായാഭിമാനികൾ വർഗ്ഗീയമത്സരം നിറുത്തി ഹസ്തേനഹസ്തം പ്രവർത്തിച്ചുവരുന്നതു നിന്നെപ്പോലെയുള്ളവരുടെ താന്തോന്നിത്തരം തടയുന്നതിനല്ലേ? ജുഗുപ്സാവഹമായ നിൻെറ നടത്ത സംഘപ്രവർത്തകന്മാർ അറിഞ്ഞുപോയെങ്കിൽ തല കഴുത്തേൽ അധികംനാൾ ഇരിക്കുകയില്ല. പൂണുൽവർഗ്ഗക്കാരുടെ ഏകാധിപത്യത്തിൽ നമ്മുടെ സമുദായം—നായകന്മാരായനായന്മാരുടെ പുണ്യക്ഷേത്രം—ജീർണ്ണിച്ചു് അസ്തപ്രായമായിത്തീർന്ന നിലയിലാണു് എൻെറ സംഘത്തിൻെറ ആദിത്യദർശനം. എൻെറ സമുദായസേവനത്തിൻെറ തൃഷ്ണ ഇത്രത്തോളം പ്രബലമായി ഭവിച്ചിരിക്കുമ്പോൾ നിന്നെ തന്നിഷ്ടം പ്രവർത്തിക്കാൻ ആരുവിടും? നിൻെറ അമ്മകൂടി എൻെറ സംഘത്തിൽ ചേർന്നവളാണു്. ഇനി അവളെക്കൊണ്ടുകൂടി ഒന്നു പറയിച്ചുനോക്കും. അതിനും സമ്മതിച്ചില്ലെങ്കിൽ കോയിപ്പുണ്ടാലയുടെ പിന്നാ

ലെ—എന്തിനാണ് അത്രക്കുടി താമസം?—അതിന മുമ്പുതന്നെ നിന്നെ പന്തവുംകൊള്ളത്തി ഒഴിക്കാതിരിക്കയില്ല. എടാ! പപ്പൂട്ടി! കഴുതെ! ഇവിടെവാ".

പപ്പൻപിള്ള (എവിടുന്നൊ ഓടിവന്നിട്ട്) അങ്ങുന്ന് എന്നെ വിളിച്ചോ? ഞാൻ അടുത്തമുറിയിൽ റിക്കാർട്ടുകൾ അടുക്കിക്കൊണ്ടിരുന്നു. അതെല്ലാം ഇന്നുതന്നെ ഇഞ്ചാപ്പിന് അയക്കണ്ട്യോ?

ഇരവിയൻതമ്പി:—ഇനിയും അയച്ചിട്ടില്ലേ? നിൻെറ താമസംകൊണ്ടാണു കോയിപ്പണ്ടാല ഇന്നും പൂമെത്തയിൽ ഉറങ്ങുന്നതു്? 'കാര്യദർശി' ഉദ്യോഗം അധികമാണെങ്കിൽ അതു പറഞ്ഞേരെ. വേറെ പിടിപ്പുള്ളവരെ നിയമിക്കാം.

പ: പി:—അങ്ങുന്നിൻെറ വേല മലപോലുവെങ്കിലും ഇന്നു നോക്കാൻ പപ്പൻ മതി. ഞാൻ ഏതുനേരോം അങ്ങുന്നിൻെറ ശോലിയേ ചരണമെന്നാ ഇരിക്കിണതു്. എന്നിട്ടും അങ്ങുന്ന് ഇങ്ങനെയല്ല്യോ പറയിണതു്.?

ഇ: ത:—ഞാൻ കുററംപറയുന്നുവെന്നു വിചാരിക്കരുതേ. പപ്പൂട്ടി! ഇന്നലെ നേരത്തെ വന്നുവല്ലോ. അതയച്ചുകൂടായിരുന്നോയെന്നു ചോദിച്ചതല്ലേയുള്ളു.

പ: പി:—ഞാൻ എപ്പവന്നൊന്ന് അങ്ങുന്നിനറിഞ്ഞൂടാ. ചുമ്മാ എന്തിരു പൊയിപ്പറയിണു? കോടരിൻെറ മരുന്നുംതേവിച്ചു പൊന്നമ്മ, ചെല്ലമ്മ, കൊച്ചമ്മകളോടു തുകിച്ചിരുന്നാപ്പോ പപ്പനെ നോക്കാൻ നേരോണ്ടോ? ഞാൻ ഒരുപോളക്കണ്ണടച്ചിട്ടില്ല. എന്തിരു ചെയ്യോണ്ടിരുന്നൊന്നു അങ്ങത്തേക്കു നൊനവുണ്ടോ? പപ്പൻെറ ചോറല്യ്യോ? എല്ലു മുറിയെപ്പണിതാൽ പല്ലുമുറിയെ തിന്നാം.

ഇ: ത:—എല്ലുമുറിഞ്ഞതെങ്ങനെ? പറ.

പ:പി:--അതു് അങ്ങുന്നിനവേണ്ടിത്തന്നെ. എന്തിരു പറയിണു? പറഞ്ഞാ നാണക്കേടുമൊണ്ടു്; മാനക്കേടുമൊണ്ടു്. തിരുമേനീടെ കട്ടകള മുറക്കാൻ പപ്പൻ മൂന്നാലു റിക്കാട്ടുമോട്ടിച്ചു. പപ്പൻ പെട്ടപാടു പപ്പനറിയാം.

ഇ: ത:—എന്നേമിട്ടുക്കൊ; കാണട്ടെ.

പ: പി: ഓരോന്നായി തരാം. എല്ലാം ഒന്നിച്ചു നോക്കിയാൽ അങ്ങത്തേക്കു മനതിൽ കേറൂല്ല. ഇതിലൊന്നൊണ്ടെങ്കിമ

തി. വല്യമ്പ്രാൻ കണ്ടപ്പൊടനെ കടിക്കും. പിന്നെ നമ്മുടെ മൂണ്ട തപ്പിച്ചോട്ടില്ല.

ഇ: ത — എടാ നീയും എന്നെ നിസ്സാരമാക്കുന്നോ?

പ: പി ഇതു കൊച്ചമ്മകളോട്ട പല്ലിളിക്ക ശോലി അല്ല. എലുമ്പു പൊട്ടണതാണ്.

ഇ: ത — ആട്ടെ; നോക്കട്ടെ.

പ: പി ഇതാ നോക്കണം.

ഇ: ത — (ഒരു കടലാസു വാങ്ങി നോക്കീട്ട) ശരി. മറേറതു.

പ: പി — അതെന്തിനു? പറേണം.

ഇ: ത — അതുകൊണ്ടൊരു പ്രയോജനവുമില്ല. നീ മിടുക്ക നടിച്ചതെല്ലാം കാററത്തു പഞ്ഞിപോലെ പറന്നുപോയി.

പ: പി — അപ്പം, പപ്പൻ അത്ര മടയനാണോ?

ഇ: ത — നിൻെറ മിടുക്കൊക്കെ ജാനകിയോടടുത്തപ്പോൾ തെളഞ്ഞില്ലേ? ഉണ്ണിനമ്പൂരിയെ പേടിച്ചോടിയ നിനക്കു എന്തു സമ്മാനം തന്നാൽ മതിയാകും? ഒരൊടിഞ്ഞ പട്ടും കീറിയ വളയുമാകട്ടെ. തൃപ്തിയായൊ?

പ: പി — പപ്പനെ, അങ്ങനെ കളിയാക്കണ്ടാ. ഇതെല്ലാം നോക്കണം. പിന്നെ പപ്പനെ കെട്ടിപ്പിടിച്ച് മുത്തം വക്കുല്യോ?

ഇ: ത: — എനിക്കു മുത്തം കൊടുക്കാൻ നീയേ ഉള്ളോ? മടയാ!

പ: പി — ഞാൻ തന്നെയല്ല. ചിരുതേടെ മോളുമൊണ്ട്. ജാനമ്മ വിളിക്കിണതു കേട്ടൂടിയോ?

ഇ: ത — സമർത്ഥാ! നീ എന്നെയും കളിയാക്കി തുടങ്ങുന്നോ?

പ: പി — മുത്തിരക്കു കൊടുത്താൽ മുത്തിരക്കു വാങ്ങണ്ട്യോ? പാലമിട്ടാലങ്ങോട്ടുമിങ്ങോട്ടും കടക്കണ്ട്യോ?

ഇ: ത — മതി, നിർത്തിക്കോ. നിൻെറ റിക്കാർട്ടുകൾ പരിശോധിക്കട്ടെ. സമ്മാനം തരണോ വേണ്ടയോയെന്നു പിന്നീട്ട തീച്ചയാക്കാം.

(കടലാസ്സ് എല്ലാം വായിച്ചുനോക്കീട്ട്, ആത്മഗതം) ഭേഷ്! ബലേ പപ്പുട്ടി! എനിക്കുള്ള ബഹുമാനമെല്ലാം നീതന്നെയാണു തേടിത്തന്നതു, സംശയമില്ല. എന്നെക്കൊണ്ട് ഇതിലൊന്നു കണ്ടുപിടിക്കാൻ സാധിക്കയില്ല. വെറുതേ വീരവാദം പറഞ്ഞു

കൊണ്ടായില്ല. എന്നാലും നിന്നെ നേരെ വച്ചു സ്തുതിച്ചുകൂടാ. അല്ലെങ്കിൽ നി നിലത്തെങ്ങും നിൽക്കുകയില്ല. ഇതിലൊന്നുപൊന്നുതമ്പുരാൻ കണ്ടുപോയെങ്കിലല്ലേ; പിന്നെ കോയിപ്പണ്ടാലയുടെ തരിപോലും കാണുകയില്ല. കോയിത്തമ്പുരാൻ എന്തു വിഡ്ഢിയാണ്? കുററം ചെയ്തിട്ടുണ്ടെങ്കിലും സാമത്ഥ്യത്തോടുകൂടി അതു മറയ്ക്കാതെ പഴംകഥയെല്ലാം ഇങ്ങനെ വിളിച്ചു പാടാമോ? ഇനി എത്രകിടന്നു തല്ലിയലച്ചാലും പൊന്നുതമ്പുരാൻെറ മനസ്സ് കട്ടകിടയ്ക്കു മാറുമെന്ന് ആശിക്കേണ്ട. പള്ളിയിൽ ചെമ്മാച്ചൻെറ അടുത്തു നടന്നതും നടക്കാത്തതും ചെയ്തതും ചെയ്യാത്തതും എല്ലാം വിഡ്ഢികൾപോയി ഏററുപറയുന്ന സമ്പ്രദായം കോയിപ്പണ്ടാലയ്ക്കും അനുകരണീയമായിത്തോന്നിയതു അദ്ദേഹത്തിൻെറ കഷ്ടകാലം! എനിക്കുതന്നെ പാവംതോന്നുന്നുണ്ട്. ഒന്നിൽ 'കലികേറി ബാധിച്ചിട്ടു ബുദ്ധി കലങ്ങി സാഹസങ്ങൾ ചെയ്തുപോയത്രെ! രണ്ടാമത്തേതിൽ തൻെറ അന്ധതചംകൊണ്ടാണുപോലും തെററുചെയ്തതു്! അതു ക്ഷമിക്കേണ്ടതു മഹാരാജാവല്ല. മഹാരാജ്ഞിയാണ്! 'അതെന്തൊരുസംഭവത്തെ ഉദ്ദേശിച്ചായിരിക്കുമോ? എന്താ വളരെ സംശയിക്കാനുള്ളതു്? ലിലാരണ്യത്തിൽ കാണിച്ച കട്ടംകൈയല്ലാതെ മറെറാന്നുമല്ല മൂന്നാമത്തേതു വളരെ ഗാഢമായി പരിശോധിക്കേണ്ടതാണ്. മഹാരാജാവു ഒന്നു ശ്വസിച്ചാൽമതി. ഉടനേ മൂക്കുതുളച്ചു കയറും. ഇതിൻെറ ആശയസൌരഭ്യം. പക്ഷേ സൌരഭ്യംതോന്നുന്നതു കോയിപ്പണ്ടാലയ്ക്കുമല്ല മഹാരാജാവിനുമല്ല ഇരവിയൻതമ്പിയുടെ അദൃശ്യമായ പ്രേരണാബലത്താൽ കൊട്ടാരങ്ങളിൽ അവിടെയുമിവിടെയും ഭ്രാന്തന്മാർ തുള്ളിച്ചാടി നടക്കുന്നതുകണ്ടു് ആനന്ദിക്കുന്ന ബഹുജനങ്ങൾക്കാണ്. തൻെറകുഴി താന്തന്നെ വെട്ടുകയാണു കോയിപ്പണ്ടാല ചെയ്യുന്നതു്. അദ്ദേഹത്തെ കുഴിയിലേക്കു വലിച്ചിടുവാൻ ബലമായ ഒരു ക മഹാരാജാവിനും ലഭിച്ചു. ഇതു വായിച്ചുനോക്കുമ്പോൾ തിരുമനസ്സിലെ രൌദ്രം അളന്നുനോക്കാൻ എനിക്കു സൌകര്യമില്ലല്ലോ. പത്മനാഭാ! വിത്തിട്ടാൽ മുളയ്ക്കുന്നതെങ്ങനെയെന്നു മണ്ണിനടിയിൽ പോയി നോക്കാറില്ലല്ലോ. വിത്തിൻെറഗുണം കതിരിൽകാണാം. അതുമതി. മഹാരാജാവു വ്യൽപന്നനായാലും എൻെറ പരിഭാഷയും അദ്ദേഹത്തെ സഹായിക്കാതിരിക്കയില്ല. ഭാവാത്ഥം ഒന്നെഴുതിച്ചേക്കാൻ നിശ്ചയിച്ചു. 'സപ്പശത്രുവാം മഹാരാജാവെ! സപ്പമെന്നു കേട്ടയുടനേ കുതിച്ചോടിത്തുടങ്ങരുതെ! അവിടുന്നങ്ങനെ അറിവില്ലാതെ ചെയ്യുന്നുവെങ്കിൽ വലിയ അപകടങ്ങൾക്കിടയാകുമേ! രക്തക്കൊഴുപ്പിൻെറ ഊക്കുകൊണ്ടു അവിവേകം പ്രവത്തിച്ചാൽ തട്ടുത്തുകൂടാത്ത ആപത്തിൽ ആണ്ടുപോകുമെന്നു വിലയേറിയ അഭിപ്രായമതമുണ്ടേ!' മതി. ഇതുമൂ

ലത്തോടുചേൎത്തു വായിപ്പാൻ പത്മനാഭൻതന്നെ മഹാരാജാവിനു ബുദ്ധിതോന്നിക്കണേ! അപ്പോഴും സാഹിത്യസാരജ്ഞനായ കേരളവൎമ്മ ആറാട്ടുങ്ങൽ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു വെളിവെളങ്ങ് ഉടൻ കിട്ടാതെപോയിയെന്നുള്ള ഇച്ഛാഭംഗത്തിന്നിടയാകുകയില്ല. യഥാൎത്ഥത്തിൽ അഹിഭയത്തിന് അടിസ്ഥാനമില്ലെന്നു രത്നച്ചുരുക്കമായഭാവം. കുററമെല്ലാം മഹാരാജാവിന്റെ മേൽചാരി. കൊയിപ്പണ്ടാല നിൎദ്ദോഷി! എന്റെ കോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടേ! ഇതുകൊണ്ടൊന്നും ഇരവിയൻതമ്പിയുടെ കണ്ണിൽമണ്ണിടാമെന്നു വിശ്വസിച്ചുപോകരുതെ! സകലദോഷവും നിറഞ്ഞ ഈ കവിതകൊണ്ടാണോ, ശ്രദ്ധാ! സാഹിത്യസാഗരപാരംഗതനായ മഹാരാജാവിനോടു ക്ഷമായാചനംചെയ്വാൻ തുടങ്ങുന്നതു്! ബുദ്ധിഭ്രമിച്ചവൎക്ക് എന്തുതന്നെയായിക്കൂടാ? ഇന്നുതന്നെ എനിക്കു കനകജൂബിലിമഹോത്സവം ഇന്നത്തെ ശകുനംകണ്ടാൽ ജാനകിയും കൈക്കലാകുമെന്നുള്ളതു നിശ്ചയം."

(പപ്പൻപിള്ളയോടു, പപ്പുട്ടി! നീ വളരെ ബുദ്ധിമുട്ടിയെന്നു തോന്നുന്നുണ്ടു്. പക്ഷേ, ഫലമൊന്നുമില്ല. സമസ്താപരാധംക്ഷമിക്കണെ! പൊന്നുതിരുമേനി! എന്നു പറയുന്ന റിക്കാൎട്ടുകളാണു് ഇതെല്ലാം. ഇതു വലിയകൊട്ടാരത്തിൽ അറിഞ്ഞുവന്നു് വരട്ടെ, കോയിപ്പണ്ടാലയ്ക്കു് ഉടനെ മാപ്പുകൊടുക്കും. നമ്മളും ചെയ്തതെല്ലാം വെള്ളത്തിലാകും.

പ: പി:—എന്റെ അങ്ങുന്നെ! ഞാൻ അടിയും ഇടിയും തൊഴിയുമെല്ലാം കൊണ്ടതു് ഇതിനാണോ?

ഇ: ത:—എന്തുചെയ്യാം? വല്ലവന്റെകൈയും നിന്റെ പുറവും ആയിപ്പോയി.

പ: പി: ആൎക്കുവേണ്ടിട്ടു്?

ഇ: ത:—എനിക്കുവേണ്ടിട്ടു്. പക്ഷെ, ഇന്നതു ചെയ്യണം, ഇന്നതു ചെയ്തുകൂടാ, എന്നറിവാൻ നിനക്കു വകതിരിവില്ലല്ലോ! അല്പമെങ്കിലും ബുദ്ധി പ്രയോഗിക്കണ്ടെ? അല്ല, ബുദ്ധിഉണ്ടെങ്കിലല്ലേ ഉപയോഗിക്കു.

പ: പി:—അപ്പം, എന്റെ അങ്ങത്തെ തല എല്ലാം പൊള്ളയാണെന്നു തീൎച്ച്. അല്ലെങ്കി മടത്തരം പറയുല്ലല്ലോ.

ഇ: ത:—എന്തു്?

പ: പി:—എന്തിരു്? എന്റെ റിക്കാട്ടു് ഒന്നും അങ്ങത്തെ തലേക്കേറീല്ല. പപ്പൻ അടിച്ചോടക്കട്ട്യോ?

ഇ: ത: — നീ എങ്ങനെ അറിഞ്ഞു?

പ: പി:— പപ്പന പടിപ്പില്ല, ചരിതന്നെ. പക്ഷെ, പപ്പനൊന്നറിയാം. അങ്ങുന്നിന്റെ കള്ളത്തരം അത്രേം പപ്പനമറിയാം. ചുമ്മാതാണോ അങ്ങത്തെ തേവിച്ചത്. ‘ഉണ്ണിയെക്കണ്ടാലറിഞ്ഞൂട്യോ ഊരിലെപഞ്ഞം’? കോയിത്തമ്പ്രാൻ തിരുമേനി ചപാതം വലിക്കമെന്നു അങ്ങത്തെ മൊകം വിളിച്ചുപറഞ്ഞല്ലോ. പപ്പന കഴിച്ചൂട്ടാനൊള്ള പുത്തി തൈവം തന്നിട്ടൊണ്ട്. അതു മതി.

ഇ: ത: — പപ്പൂട്ടി! ആ! നിന്നോട്ട മത്സരിക്കാൻ ഞാൻ വരുന്നില്ല. ഈ റിക്കാർട്ടുകളെല്ലാം ഇഞ്ചോർജ്ജിന്റെ കൈയിൽഞാൻ തന്നെ എത്തിച്ചുകളയാം. നിനക്കു വല്യതായ ജോലി വേറേ ഒന്നുണ്ട്. അതു നിവൃത്തിച്ചുവന്നാൽ നി പറയുന്നതെല്ലാം തരാം.

പ: പി: — റിക്കാട്ടിന്റെ കൂലി കഴിഞ്ഞിട്ടാട്ടെ.

ഇ: ത: — നിനക്കെന്തുവേണം.

പ: പി:— ആയ്യാവയ്യൻപട്ടക്ക് ഒരെഴുത്തുവേണം.

ഇ: ത: — എന്തിനാണ്? രൂപയ്ക്കോ?

പ: പി: — ചില്ലറകടമൊണ്ട്; അതു തീക്കണം. അധികം വേണ്ടാ. ‘അതിമോകം ചക്രം ചവിട്ടല്ലേ’ പതിനായിരം മതി.

ഇ: ത: — ഇത്രേ ഉള്ളോ? എഴുത്തു വേണ്ടാ. നീ പോയി പറഞ്ഞാൽ മതി. നിനക്കാവശ്യമുള്ളതു വാങ്ങിച്ചോ. എനിക്കും ഒരു പതിനായിരം അയക്കണമെന്നു പട്ടരോട്ട പറയണം. വൈകുന്നേരം സംഘത്തിന്റെ ഒരു ഉദ്യാനവിരുന്നുണ്ട്. സഹോദരികളും സഹോദരന്മാരും വളരെ വരും. പൊടിപൊടിച്ചു നടത്തണം.

പ: പി: — വിരുന്ന് എന്തിന്?

ഇ: ത: — രംഭാപ്രവേശം പ്രമാണിച്ച്

പ: പി: — ആരടെ? ചിരുതേടെ മോടയോ? ആ എട്ടേ, ഇവിടെ വേണ്ടാ, അങ്ങുന്നെ. അയ്യം! ഇന്നലെ അതു് ആ നമ്പൂരിടെക്കൂടെ ഓടിപ്പോയി.

ഇ: ത: — നി അതു കണ്ടുകൊണ്ടിരുന്നോ?

പ: പി: — നമ്പൂരിച്ചനെക്കാട്ടിൽ അങ്ങുന്നാണേ നല്ലതെന്നു ഞാൻ ഒട്ടുവളരെ പറഞ്ഞുനോക്കി. അതു കേട്ടില്ല. ‘അങ്ങുന്നിനോട് പറേല്ലെ? നാളെ അങ്ങത്തെ കണ്ടോളാം. പപ്പണനു് ഒന്നു

ക്കെയും മടക്കാം. അമ്മാമൻ തരും' എന്നു ജാൻ പറഞ്ഞു. പിന്നെ ഞാൻ ഒപത്തിരിക്കാൻ പോയില്ല.

ഇ: ത:—നിനക്കെന്താ സമ്മാനം തന്നതു്? ഭീമസേനനും കൂടെ ഉണ്ടായിരുന്നോ?

പ: പി: ഒണ്ടാന്നു. അയാളു നല്ല മരിയാതിക്കാരൻ. നെനച്ചിരിക്കാത്ത തമ്മാനം തന്നു. എൻെറ തലേ നോക്കണം അങ്ങുന്നു.

ഇ: ത: പാതിരിയുടെ തലപോലെയായി. രൂപാവട്ടത്തിലേ ക്ഷൌരം ചെയ്തിട്ടുള്ളു? അതുകൊണ്ടു വലിയ ലാഭമില്ലല്ലൊ.

പ: പി:—അതു കൊറച്ചു് അമ്പിട്ടനു കൊട്ടത്താപ്പോരേ? 'എള്ളു കൊറിച്ചാ എള്ളോളം പലം'

ഇ: ത:—പിന്നെ നിൻെറ അധികമുള്ള പല്ലൊന്നു പറിച്ചുവെന്നു തോന്നുന്നല്ലൊ.

പ: പി: —കൊന്ത്രം പല്ലുപോയപ്പോ പപ്പൻ തുന്നരനായില്ല്യോ? അങ്ങുന്നു പറേണം. പതുക്കെപ്പറിച്ചുകളഞ്ഞു. നല്ല മരിയാതിക്കാരൻ.

ഇ: ത: —ഇപ്പോൾ നീ നല്ല പച്ചക്കാമദേവനായി.

പ: പി: അങ്ങുന്നിൻെറ ഒപ്പമാകാൻ ഇനീം ചെല തമ്മാനം വാങ്ങിക്കണം.

ഇ: ത: —നമ്പൂരിയുടെ കാര്യസ്ഥനോടു പറഞ്ഞാൽ മതി.

പ. പി: —എൻെറ ചുണ്ടു വെളുപ്പിക്കാനറിയാമോ. എന്തിരോ? അങ്ങുന്നിൻേറതു് എത്ര വെള്ളിപോലിരിക്കിണു.

ഇ: ത: —അറിയാമോയെന്നു് ഇന്നൊന്നു പരീക്ഷിക്കുക. പെണ്ണിനെ ക്ഷണിച്ചുകൊണ്ടുവാ. ചിരുതയോടും പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ പെണ്ണിനെ അണിയിക്കയായിരിക്കും. ഞാൻ കാത്തുകൊണ്ടിരിക്കുന്നുവെന്നു വേഗം പറ.

പ: പി: —അപ്പം ഇഞ്ചോർച്ചിനെക്കാണാൻ അങ്ങുന്നു പോവുമോ?

ഇ: ത:—അതു ഞാൻ ചെയ്തുകൊള്ളാം. നിന്നെ ഏല്പിച്ച ജോലി നീ ചെയ്താൽ മതി.

പ: പി: —അങ്ങനെതന്നെ. ഇതാ പിടിച്ചോണം!

നേരം ഏകദേശം ഉച്ചയായി. പപ്പൻപിള്ള അയ്യാവയ്യന്റെ ഉണ്ടിയൽക്കടയിൽ പോയി രൂപാവാങ്ങി തന്റെ കണക്കിൽ എഴുതിച്ചുംവച്ച് നേരേ ചിരുതേവിയമ്മയുടെ വീട്ടിലേക്കു വിരുന്നിനു ക്ഷണിക്കാൻപോയി. അവിടെ ചെന്നപ്പോൾ 'ബുദ്ധിയില്ല' എന്ന പല്ലവിയേ കേൾക്കാനുണ്ടായിരുന്നുള്ളു. വിവരം മനസ്സിലാക്കിയപ്പോൾ മകളെ തമ്പിയുടെ ഉദ്യാനവിരുന്നിനു തെയ്യാറാക്കുന്ന വട്ടമായിരുന്നു. മകൾക്കു ബുദ്ധി പറഞ്ഞുകൊടുക്കുന്ന അമ്മയുടെ പരിചയവും സാമത്ഥ്യവും കണ്ടു പപ്പൻപിള്ളയ്ക്കു വളരെ കൌതുകം തോന്നി. ഒന്നും പറയാതെ അയാൾ കാണാത്ത ഭാവത്തിൽ പതുങ്ങി ഇരുന്നുകളഞ്ഞു.

ചിരുതേവിയമ്മ:—മോളെ, ജാനു! നെനക്ക് അശേഷം പുത്തിയില്ല.

ജാനകിക്കുട്ടി:-- തന്നെ. അമ്മ വേണ്ടേ ബുദ്ധിപറഞ്ഞുതരാൻ.

ചി: അ:—നീ പറഞ്ഞാ കേക്കുമോ?

ജാ: ക: അമ്മയെന്താണിങ്ങനെ പറയുന്നതു്? അച്ഛനമ്മമാരെ അനുസരിക്കുന്നതു മക്കളുടെ കടമയല്ലേ?

ചി: അ:—ഇന്നലെ ശീവേലികഴിഞ്ഞു വന്നപ്പൊ നിന്റെ കൂടെ ആരൊക്കെയാണ്ടാന്നു?

ജാ: ക:—ഒരു നമ്പൂതിരിപ്പാട്ടും വടക്കുന്നുവന്ന ഒരമ്മാമനും. അമ്മാവൻ തിരുമേനിയുടെ കാര്യസ്ഥനാണെന്നാണു പറഞ്ഞതു്.

ചി: അ:—ആപ്പീ! എന്നും തനിയേ അല്ല്യോ നീ വരാറൊള്ളതു്?

ജാ: ക:—തന്നെ.

ചി: അ:—പിന്നെ ഇന്നലെ മാത്രം ഈഉപ്പരിഷകൾ കൂടെക്കൂടിയതെന്തിനു്?

ജാ: ക:—അമ്മയെന്തിനാണ് അവരെ ചുമ്മാ പുച്ഛിക്കുന്നതു്? അവർ നല്ല മര്യാദയുള്ളവരല്ലേ?

ചി: അ:—അപ്പാ! അയ്യം! മരിയാതി ഏറിപ്പോയി! അതൊണ്ടല്ലേ, ഒരു പെങ്കുഞ്ഞിന്റെ പിന്നാലെ കാള ആക്കംപോലെ മണം പാത്തു വീടുവരെ വന്നതു്? പിള്ളെ, നെനക്കു പുത്തിയില്ല.

ജാ: ക:—ബുദ്ധി പറഞ്ഞുതരണം. അവർ മണം പാത്തു്

വന്നവരല്ല. മണക്കാൻ അത്തലും പുഴവും ഒന്നും ഞാൻ തേച്ചിട്ടില്ലായിരുന്നു. പേടിച്ചിട്ടു് എന്റെ തുണയ്ക്കു കൂടി വന്നതാണു്.

ചി: അ:—ഇത്രനാളുമില്ലാതെ ഇന്നലെമാത്രം പേടി എവിടുന്നുവന്നു, അപ്പീ?

ജാ: ക:—ഇന്നലെ ഒരു കാരണമുണ്ടായി.

ചി: അ:—കാരണം എന്തിരുകഴുതേം ആട്ടെ. ഇവരെ എവിടുന്നുകിട്ടി?

ജാ: ക:—ഇവരാണു് ആ സമയത്തു് എന്നെ സഹായിച്ചതു്. അതുകൊണ്ടു് എന്നെ വീട്ടുവരെ കൊണ്ടാക്കണമെന്നു പറഞ്ഞു. അതിലെന്താണു തെറ്റുള്ളതു്?

ചി: അ:—അങ്ങത്തോടും അണ്ണനോടും ചോദിച്ചേ- അപ്പം നീ ചെയ്തതു് അറിയാം. നീ കെട്ടുപോയെന്നാ പറയിന്നതു്. ചീലം നന്നാരിക്കണേല്യോ അപ്പീ?

ജാ: ക: - ഞാൻ പെഴച്ചുപോയെങ്കിൽ, വിചാരം കഴിച്ചു വെളിയിൽ തള്ളിയേക്കട്ടെ.

ചി: അ: എന്റെ മോളെ! നീ എന്തിരറിഞ്ഞാ പറയിണതു പിള്ളേ. പടി അടച്ചു പിണ്ണംവെച്ചാ ചാതി പോയ്ല്യോ? പിന്നെ ഇനിക്കു മോളൊണ്ടോ?

ജാ: ക: - ജാതിഭ്രഷ്ടു കല്പിക്കാൻ യോഗ്യതയുള്ളവർ അങ്ങുന്നും അണ്ണനുംതന്നെ! ഇവരു പുറത്താക്കിയാൽ ഇന്നിറങ്ങാൻ തയ്യാറാണു്. തക്ഷകന്മഹാപ്രമാണികൾ!

ചി: അ: പാതിരായിക്കു പെരുപ്പക്കാരൻ നമ്പൂരിച്ചന്റെ കൂടെ നടന്നാ മനുക്ഷേരു ചിരിക്കൂല്യോ? പറയിണതാ കുറ്റം?

ജാ: ക:—അങ്ങുന്നു ചെയ്യുന്ന ഒരു സൽപ്രവൃത്തി കണ്ടാൽ ദേഹത്തിൽ തൊലി തന്നെ ഉരിഞ്ഞുവീഴുമല്ലോ. നിന്നെടത്തു തന്നെ തലതിരിഞ്ഞു വീണു് അന്ത്യശ്വാസം വലിക്കയില്ലേ?

ചി: അ:—ആണുങ്ങൾക്കു് എന്തിരും ചെയ്യാം.

ജാ: ക:—'എന്തും ചെയ്യാം മഹതാം' എന്നാണു തക്ഷകസംഘത്തിന്റെ താമ്രശാസനം.

ചി: അ:—അതോണ്ടു് അവക്കു മാനമേ ഒള്ളൂ.

ജാ: ക:—തമ്പിയുടെ മാനം വർദ്ധിക്കുന്തോറും സ്ത്രീകളുടേതു ക്ഷയിച്ചും വരുന്നു.

ചി: അ:—അവരു ചെയ്യുന്നകൊണ്ട് പെണ്ണുങ്ങക്ക് അവമാനമില്ല്യ. ഇന്നതുനല്ലതു്; ഇന്നതുചീത്ത; എന്നു അങ്ങുന്നു പറഞ്ഞാലല്ലേ നമുക്കറിയൂ. നിനക്കെന്തിരറിയാം? പച്ചപ്പിള്ള അല്ല്യോ?

ജാ: ക:—തമ്പിയുടെ ആദർശനിർദ്ദേശങ്ങളെ കൈക്കൊള്ളുന്നവരുടെ ഗമനം ഉടലോടെ നരകത്തിലേക്കാണു്. തടി ഇട്ടുംവച്ചു പോവാനെങ്കിലും യമകിങ്കരന്മാർ ദാക്ഷിണ്യം കാണിക്കയില്ല്യ.

ചി: അ:—നെനക്ക് ഒന്നും അ:റിഞ്ഞൂടേ അപ്പീ. പറയിണതൊന്നും എന്റെ തലേക്കേറില്ല്യ.

ജാ: ക:—അമ്മയ്ക്കു ബുദ്ധി ഏറിപ്പോയതുകൊണ്ടുതന്നെ.

ചി: അ:—അങ്ങുന്നും അണ്ണനും പറയിണതുകേട്ടാ എന്റെ മോക്ഷ തോഴം ചത്രല്ല്യ. നമുക്ക തൊണ അവരല്ലേ ഒള്ളു.

ജാ: ക:—എനിക്ക ദൈവത്തിന്റെ തുണമതി. അവർ തുണനില്ക്കണ്ടാ.

ചി: അ:—അയ്യോ, അങ്ങനെ പറയാതെ മോളെ!

ജാ ക:—ബുദ്ധിയില്ലാഞ്ഞിട്ടെന്നമ്മ പറഞ്ഞില്ലേ? ഞാൻ പറഞ്ഞതു വകവെയ്ക്കണ്ടാ.

ചി: അ:—പുത്തിയില്ലെങ്കി പറയിണ കേക്കണം.

ജാ; ക:—പറയണം.

ചി: അ: –പപ്പണന്നെപ്പററി നെനക്ക് എന്തിരു തോന്നണു?

ജാ: ക:—പുറത്തു് എല്ലാരെയുംപോലിരിക്കുന്നു. ചക്കയായിരുന്നെങ്കിൽ അകംകൂടെ ചൂഴ്ന്നു നോക്കാമായിരുന്നു.

ചി: അ:—അണ്ണന്റെ അകം കണ്ണാടിപോലെ ചുത്തമാ ന്ന്. അതെനിക്ക തിട്ടം.

ജാ: ക:—അമ്മയ്ക്കു ബുദ്ധിയുള്ളതുകൊണ്ട് അങ്ങനെ പറഞ്ഞു.

ചി: അ:—അണ്ണൻ നല്ല പാക്യയാലി അല്ലേ?

ജാ: ക:—അങ്ങനെയല്ലേ എല്ലാവരും പറയുന്നതു്?

ചി: അ:—അണ്ണന് എല്ലാരും സാതീനമല്ലേ?

ജാ: ക:—അതും അണ്ണൻതന്നെ പറഞ്ഞിട്ടുണ്ട്.

ചി: അ:—പിന്നെ നീ അള്ളനോട്ട് വെറുപ്പ് കാട്ടിണതെന്തിന്?

ജാ: ക:—ബുദ്ധിയില്ലാഞ്ഞിട്ട്.

ചി: അ:—അള്ളന്റെനെല അറിയുമോ? വെലഅറിയുമോ?

ജാ: ക:—നിലനില്ക്കുമ്പോഴം അറിയാം. വില വില്ക്കുമ്പോഴം.

ചി: അ:—എന്നോട്ട തക്കുത്തരം പറേരുതേ മോളേ.

ജാ: ക:—ബുദ്ധിയില്ലാഞ്ഞിട്ട്.

ചി: അ:—അതൊണ്ടാണ് കള്ളത്തെ! പുത്തിപറയിണത്.

ജാ: ക:—പറയണം.

ചി: അ:—എല്ലാരും പറഞ്ഞാണോ അറിയിണത്? തേടിയല്ലേ പിടിക്കുന്നത്? നെനക്ക് മട്ടം മാനത്തിന്ന് വീഴണത്രെ!

ജാ: ക:—ബുദ്ധിയില്ലാഞ്ഞിട്ട് അറിഞ്ഞില്ല. മിടുക്കില്ലാഞ്ഞിട്ട് തേടിയില്ല.

ചി: അ:—എന്റെ! നിന്നോട്ട പറഞ്ഞുപറഞ്ഞു മടുത്തു. ഒന്നാലും മണ്ടേക്കേറുല്ല.

ജാ: ക:—മടുത്തെങ്കിൽ ഇനിയൊരിക്കലാവാം.

ചി: അ:—അള്ളനൊന്ന തുമ്മിയാ നീയൊണ്ടോ പിന്നെ?

ജാ: ക:—അതുകൊണ്ടുതന്നെ അള്ളൻ തുമ്മാത്തത്.

ചി: അ:—അള്ളന്റെ തെയവുകൊണ്ട നമ്മളിങ്ങനെയിരിക്കണ്.

ജാ: ക:—അമ്മ ഇങ്ങനെ ഇരിക്കുന്നായിരിക്കും. അള്ളന്റെ ദയവുകൊണ്ട് എനിക്ക് ഇരിക്കപ്പൊറുതിയില്ല.

ചി: അ:—പെണ്ണേ നിനക്ക തന്നിട്ടം ഏറിപ്പോണ്. പുത്തിയില്ലങ്കി ഇപ്പം പടിപ്പിക്കാം.

ജാ: ക:—പഠിപ്പിക്കണം.

ചി: അ:—അള്ളൻകൊണ്ടന്ന ആപരണം അണിയാഞ്ഞതെന്തിന്?

ജാ: ക:—വേണ്ടാഞ്ഞിട്ട്.

ചി: അ:—പെണ്ണുങ്ങൾക്ക [illegible] മോടിവേണം. അല്ലാത്തോരെ എന്തിനുകൊള്ളും?

ജാ: ക: —എനിക്ക മോടിവേണ്ടാ. കൊള്ളുന്നവൎക്ക കൊണ്ടാൽമതി.

ചി: അ:—നെനക്ക വേണ്ടങ്കി ഇനിക്കവേണോല്ലോ.

ജാ: ക:—അമ്മയ്ക്കു് ചെറുപ്പമല്ലേ? ഇട്ടുകൊള്ളണം.

ചി: അ: —ച്ഛി! കഴുതെ, അതികപ്രസംഗം പറയിണോ?

ജാ: ക:—ബുദ്ധിയില്ലാഞ്ഞിട്ടു്.

ചി: അ:—നിന്നെ പടിപ്പിക്കാതെ വിട്ടൂല്ല.

ജാ: ക: —പഠിപ്പിക്കണം.

ചി: അ: —(കണ്ണുനീരൊഴുക്കിക്കൊണ്ടു്) അപ്പി! പൊന്നുമോളേ അമ്മേ ഇങ്ങനെ വ്യസനിപ്പിക്കാമോ?

ജാ: ക: —അമ്മ ഒരിക്കലും വ്യസനിച്ചുകൂടാ.

ചി: അ: —എനിക്കുവേണ്ടി ഈ കണ്ടയരമെങ്കിലും കെട്ടു. അങ്ങുന്നു പെട്ടിയോടല്ല്യോ കൊടുത്തയച്ചിരിക്കണതു്?

ജാ: ക: —അമ്മ എന്നെ വെറുതേ ബുദ്ധിമുട്ടിക്കരുതു്. എനിക്ക കണ്ടശരവുംവേണ്ടാ കാണാത്തശരവും വേണ്ടാ.

ചി: അ: —എന്റെ മോളങ്ങനെ പറേരുതു്. എന്റെ മോളണിഞ്ഞു് അമ്മയ്ക്കു കണ്ടുതന്നോഴിക്കേണ്ട്യോ?

ജാ: ക: —കണ്ഠശരം കെട്ടിയില്ലെങ്കിൽ കണ്ടൂടയൊ അമ്മാ?

ചി: അ: —ച്ഛീ! മൂധേട്ടെ! എന്തിരു പറഞ്ഞു?

ജാ: ക: —വെറുതെ നിർബ്ബന്ധിക്കേണ്ടാ.

ചി: അ: —കെട്ടുമോ ഇല്ല്യോ? കൊന്നുകളേം. നോക്കിക്കോ. തല ഇരിക്കമ്പൊ വാലിനു ഇത്രേണ്ടാട്ടമോ?

ജാ: ക: —കൊല്ലണമെങ്കിൽ കൊന്നുകൊള്ളണം. വാലു് ആട്ടിച്ചാൽ ആടുകയില്ലേ?

ചി: അ. എന്നോടാണു് നിന്നുപറയണതല്ലേ? എന്റെ തടിയെ ശീവനൊണ്ടെങ്കി ഒന്നാടിച്ചേ അടങ്ങു.

ജാ: ക: —പെററവയറിങ്ങനെ സാഹസം പറയുകയില്ല.

ചി: അ: —അറിയാത്തപിള്ളയ്ക്കു ചൊറിയുമ്പോഅറിയും. നിന്റെ കണ്ണു മൊകത്തല്ലേ ഇരിക്കണെതു്? ആ ചെല്ലമ്മേനോക്ക. അ

വക്കു നിന്റെ പാതി അഴകൊണ്ടോ? എങ്കിലും അവടെ എഴഞ്ഞ് നല്ലതു. ചെല്ലമ്മ പറയിണതു് അങ്ങേതേരെ പ്രമാണം. നീ മാത്രം ഒരു തമയന്തി വന്നിരിക്കിണു. നീ ചെരട്ടയെടുത്തു പിച്ചതെണ്ടുന്നതു കണ്ടില്ലെങ്കി എന്റെ പേരു് പട്ടിക്കു്. അങ്ങുന്നു നെനച്ചാ നിന്നെ പടിപ്പിക്കുല്ലേ? കുരുകുരുത്തംകെട്ടതെ! നിന്റെ തലേ ഇടി വീഴാത്തതെന്തിരു്?

ജാ: കു: - അമ്മാ! ദൈവത്തെ ഓത്തു് അടങ്ങണം. ഇതിനു തക്ക വണ്ണം ഞാൻ എന്തൊരപരാധം ചെയ്തു? കണ്ടുശരം കെട്ടാത്തതു കൊലക്കുററമാണോ? അമ്മയ്ക്കു് എന്നോട്ടു ദയവില്ലേ? മൊട്ടയിട്ടാണോ ഞാനും ചെമ്പകനും ഉണ്ടായതു്? പത്തുമാസം ചുമന്നു് നൊന്തുപെററതല്ലേ? അമ്മ പ്രാകിയാൽ മക്കൾക്കു പററുകയില്ലേ? ഞാൻ കുററം ചെയ്തെങ്കിൽ ക്ഷമിക്കണേ അമ്മാ!

ചി: അ: - ഞാൻ നിന്നോട്ടു കെണററിച്ചാടാനൊന്നും പറഞ്ഞില്ലല്ലോ. ഇതൊന്നു കെട്ടാനല്ലേ പറഞ്ഞൊള്ളു. അങ്ങുന്നു് വിരുന്നിനു ചെല്ലണോന്നു പറഞ്ഞതൊണ്ടാ അതും കേട്ടതു്. അല്ലെങ്കി എന്റെ പാട്ടിനിരുന്നേനേം. ഞാൻ പറഞ്ഞതു ആനക്കായ്യോ മറേറാ ആണോ? ഒന്നു കെട്ടിപ്പോയെങ്കി എന്റെ മോടെ നിട്ടക്കൊന്നും കൊറവരുല്ല. വന്നാലും അമ്മ തകിച്ചു. വല്ലോരും വല്ലോം പറഞ്ഞേച്ചാലോന്ന് എന്റെ മോടെ പേടികൊണ്ടാണു് ചങ്കിക്കുന്നതു്. ചെല്ലമ്മേ കണ്ടുപടി. പൊന്നമ്പ്രാന്റെ വല്യമ്മച്ചിയെക്കാ പതവിയല്ലേ ചെല്ലമ്മക്കു്? അവടെ പ്രിന്ത്യപ്പ്രോത്തിക്കു് ആണു പെണ്ണടച്ചു് എത്ര പേരു് ഓച്ചാനിച്ചു നിക്കിണു? ഇത്രക്കെല്ലാം പെണ്ണുകണ്ടാ ഒരു വിശേഴമില്ല. പത്തുതെവതം മുമ്പു ഇരച്ചയരിച്ചു കെടന്നതാണു്. ഇപ്പളൊ? ഇരച്ച ഉറുമ്പു് അവടെ വെലങ്ങപ്പറക്കുല്ല. ഉദ്യോകത്തന്മാരുകൂടി അവടെമുമ്പി ഉത്തരവെന്നാ പറയിണതു്. അവളെക്കണ്ടാ നീ ഇങ്ങനെ വേണ്ടാതീനം പറേമോ?

ജാ: കു: — കോഴിക്കു കഴുകനോളം പറക്കാൻ കഴിയുമോ? എനിക്കവളോളം സാമത്ഥ്യമില്ലെന്നു സമ്മതിച്ചേക്കാം. പിന്നെ വഴക്കണ്ടോ?

ചി: അ: — നിനക്കു മിടുക്കുവേണ്ടാ. എന്റെ തൈവാതീനം കൊണ്ടു് അങ്ങുന്നുതന്നെ ഇങ്ങോട്ടുവന്നില്ലേ? എന്നിട്ടും നീ വേണ്ടന്നെന്തിരു പറയിണു? ചെല്ലമ്മക്കു് ഇതിപ്പാതി പറഞ്ഞുകൊടുക്കണ്ട. അവക്കു തന്തിയോ തായോ വല്ലോരുമൊണ്ടോ? അവരെല്ലാം പെഴക്കാനൊള്ളോരു. പറവയ്ക്കുകൂടി അതിന്റെ കാരിയംനോക്കാ

ന്നറിയാം. അങ്ങുന്നിന്റെ കാലേലെ പൊടി കണ്ടുതൊഴാൻ നെന്നക്ക യോക്യതയില്ല. ആത്യേത്തിന്റെ നകത്തിന്ന് ഉത്തരം പറയാൻ നിന്നെക്കൊണ്ടാവുല്ല. പപ്പുണ്ണൻ എച്ചിലെല നക്കിക്കൊണ്ട് കോപുരത്തിന്റ്റെ കെടന്നോനാണ്. ഇപ്പം അങ്ങേരടെ രോമത്തിന്റ വെലയൊള്ളോരു തിരുവന്തോരത്തില്ല. എല്ലാത്തിനും ചുഴി നല്ലതുവേണം. അപ്പീ! നിന്റെ തിക്കാരം! ഇപ്പം നീ അങ്ങത്തെ ചോറല്ലേ തിന്നുണതു? ചമ്പളം പതിച്ചുകിട്ടിയതു അങ്ങേന്തെ ചിപാച്ചി അല്ലേ? എട്ടെ! കഴുതെ! നായെ! പുല്ലെ! വരത്തെ! ഇന്നം എന്റെ നാക്കേ വരുന്നൊണ്ട്. എന്റെ കൊണംകൊണ്ട് അടക്കുന്നു. ചണ്ടീ! ഞാൻ കൊറച്ചു കോപിച്ചതാ തെററ്, അല്ലേ? നിന്നെ കീറിക്കീറി കാക്കയ്ക്കെറിഞ്ഞാലും ചോതിക്കാനാരാ? നിന്റെ തെളപ്പു! അരീംതിന്ന് ആശാരിച്ചിയേംകടിച്ചു പിന്നേം നായിക്കു മുറുമുറുപ്പ്.'

ചിരുതേവിയമ്മ പ്രസംഗം നിർത്തി. എന്നിട്ടും അരിശം തീന്നില്ല. കുട്ടിയെ തലമുടിക്കു ചുററിപ്പിടിച്ചു വലിച്ചു കുനിച്ചു പുറത്ത് 'പൊത്തൊ' 'പൊത്തൊ' എന്നു അഞ്ചാറു പ്രഹരവും കഴിച്ച് മുററത്തേക്ക് ഒരു തള്ളുംതള്ളി. 'പോ! കഴുതെ! പൊകഞ്ഞകൊള്ളി പൊറത്തുപോ!' എന്നു വിധിയും പ്രസ്താവിച്ചു. കോപം പിന്നെയും ശമിച്ചില്ല. ഒല്ലംകടിച്ച്, തന്നെത്തന്നെ മാറത്തഞ്ചാറ് ഇടി ഇടിക്കുന്ന ഭാവം കാണിച്ചു. 'എന്റെ ശ്രീകണ്ഠേശാ! ഇതു മകാപാപി എന്റെ വായിൽ വണ്ടിപ്പാരം മണ്ണിട്ടടിച്ചേ!' എന്ന് ഉച്ചത്തിൽ നിലവിളിച്ചു. പല്ലുകൂട്ടി ഉരുമ്മിക്കൊണ്ടിരുന്നു. കണ്ണിൽനിന്നു വെള്ളവും ധാരാളം വാർത്തു. മൂക്കും ഒട്ടും കുറച്ചില്ല. ജലധാരയൊഴുക്കി. കണ്ണുകൾ ചുഴററിക്കൊണ്ടിരുന്നു. നരച്ചുകൊഴിഞ്ഞ തലമുടി എടുത്തുപിടിച്ചു തുള്ളി. പുലിപോലെ പായാനുള്ള ഭാവവും നടിച്ചു നിശ്ശബ്ദമായിരുന്നു.

പപ്പൻപിള്ള പ്രവേശിച്ചു.

അദ്ധ്യായം ൧.

സേതു ലക്ഷ്മീഭായി.

"പെണ്ണില്ലുവ്വീതലമതിൽമഹാരാജ്ഞിയെപ്പോലെയിപ്പോൾ
വിണ്ണിൽപോലുംവിപുലഗുണസൽകീർത്തിസമ്പൂർത്തിയോർത്താൽ
എണ്ണിക്കൂടാത്തൊരുസുഷമയുള്ളോരുതദ്വൃത്തിയാക്കും—
കണ്ണിൽചേർക്കുംഖഗവര! പരംഹർഷപീയൂഷവർഷം."

തിരുവിതാംകൂർ രാജവംശത്തിന്, സന്തതിക്കുറവു വരുന്ന ദുർല്ലഭാവിപാകത്തിൽ ഇടക്കൊട്ടാരങ്ങളിൽനിന്ന തമ്പുരാട്ടിമാരെ ദത്തെടുക്കുന്ന പതിവുണ്ട്. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ കാലത്തു രാജകുടുംബം കാലവൈപരീത്യംകൊണ്ടു ഈ ദുർഘടഘട്ടത്തിൽ എത്തിയെന്നേ പറവാനുള്ളു. ശ്രീമൂലംതിരുനാൾ തമ്പുരാൻെറ മാതാവു റാണി ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതിനാൽ, രാജകുടുംബത്തിൽ പെൺസന്തതി അററുപോയി. ദത്തെടുക്കേണ്ട ആവശ്യം നേരിട്ടു. നമ്മുടെ കഥാനായകൻെറ പട്ടമഹിഷിയായ ആററുങ്കൽ മൂത്തതിരുമേനി സേതുലക്ഷ്മീഭായിത്തമ്പുരാട്ടി അങ്ങനെ ദത്തു കയറിയതാണ്.

തേവാരത്തുകോയിക്കൽ കൊട്ടാരത്തിലെ ധർമ്മപത്നിയായി വിലസുന്ന മഹാരാജ്ഞിയുടെ പള്ളിക്കെട്ടുമഹോത്സവം നടന്ന്, പതിനേഴ സംവത്സരത്തിനുശേഷമേ ദുഃഖഭൂയിഷ്ഠമായ ഈ കഥ ആരംഭിക്കുന്നുള്ളു. മധുചന്ദ്രികയായിത്തന്നെ അനുഭവിച്ചുതീർന്ന പതിനേഴ സംവത്സരകാലവും സുഖസുഷുപ്തിയായി ക്ഷണത്തിൽ കഴിഞ്ഞു. ജീവിതത്തിൻെറ ഏററക്കുറച്ചിൽ നിമിത്തം ദശാസന്ധികൾ മാറിക്കൊണ്ടിരിക്കുമെന്നല്ലേ ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധന്മാരുടെ മതം? ശുക്രൻവെച്ചു ശനിയെടുത്തുവെന്നാണ് ദമ്പതിമാരെ സംബന്ധിച്ചിടത്തോളം കൊട്ടാരത്തിലെ ഇക്കാലത്തുള്ള പൂർണ്ണമായ പ്രശ്നഫലം.

മഹാരാജ്ഞിത്തിരുമനസ്സിലെ അംഗസുഷമയും, ശരീരദാർഢ്യവും, സ്വഭാവസ്ഥൈര്യവും, മനോധൈര്യവും, നിയമനശക്തിയും കാര്യാകാര്യവിവേചനവും, സൌജന്യവും, ധർമ്മബുദ്ധിയും, എന്നു വേണ്ടാ, ബാഹ്യമായും ആഭ്യന്തരമായുമുള്ള എല്ലാ ഗുണഗണങ്ങ

ളും അന്യാദൃശങ്ങളാണ്. അരുന്ധതി തുടങ്ങിയ നക്ഷത്രജാലം മഹാരാജ്ഞിയുടെ സമീപത്തിൽ നിഷ്പ്രഭമത്രേ. നിഷ്കളങ്കമതിയായ ഈ ഗൃഹനായികയുടെ ചരിത്രം അറിയുന്നവൎക്കു പുരുഷാൎത്ഥസിദ്ധി ഉണ്ടാകാതിരിക്കയില്ല. പതിവ്രതാധൎമ്മത്തിന്റെ കാതലായതു മഹാരാജ്ഞിതന്നെ. അശോകവൃക്ഷച്ചുവട്ടിൽ തപസ്സുചെയ്ത ജാനകീദേവിയുടെ രണ്ടാംജന്മവും അനന്തശയനത്തിൽ ശ്രീപത്മനാഭക്ഷേത്രത്തിന്റെ പാൎശ്വത്തിലുള്ള കൊട്ടാരത്തിൽ തേടിയാൽ മതി. കേരളത്തിലെ സ്ത്രീസമുദായത്തിന്റെ ഐകരൂപ്യം രക്ഷിച്ചതും റാണിതിരുമനസ്സുകൊണ്ടല്ലാതെ മററാരുമല്ല. അക്കാൎയ്യത്തിൽ രാജശാസനയും തട്ടപ്പാൻ മഹാരാജ്ഞിയുടെ ധൈൎയ്യമേയുണ്ടായുള്ളു. റാണിരാജവംശം ദുഷ്കീൎത്തിയുടെ ആഴത്തിൽ അണ്ടുപോകാതെ പരിപാലിച്ചതും നമ്മുടെ പൊന്നുതമ്പുരാട്ടിയല്ലേ? അങ്ങനെയുള്ള മഹാരാജ്ഞിയുടെ ദൎശനസൌഖ്യം അനുഭവിപ്പാൻ ഭാഗ്യമില്ലാത്തവർ തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്ന തിരുമേനിയുടെ ഛായാപടം കണ്ടു തൃപ്തിപ്പെട്ടുകൊള്ളട്ടെ.

സാഹിത്യത്തിലും രാജ്യതന്ത്രവിഷയങ്ങളിലും തിരുമനസ്സിലേക്കു അസാമാന്യ പാണ്ഡിത്യവും ആസക്തിയും ഉണ്ടായിരുന്നു. സംസ്കൃതവും ഇംഗ്ലീഷും ഭൎത്താവുതന്നെയാണു പഠിപ്പിച്ചിട്ടുള്ളതു്. കീൎത്തനങ്ങളും പാട്ടുകളും അനേകം അവിടുന്നുണ്ടാക്കിയിട്ടുണ്ട്. തയ്യൽവേലയിലും സംഗീതത്തിലും വിശേഷിച്ചു പരിചയവും വാസനയും പ്രദൎശിപ്പിച്ചിരുന്നു. ഭാഗിനേയിയുടെ മൃദുകലാവൈദഗ്ദ്ധ്യത്തെ പലപ്പോഴും വലിയ കൊട്ടാരത്തിൽ പ്രശംസിക്കയും അഭിനന്ദിക്കയും ചെയ്തിട്ടുണ്ട്. രാജ്ഞിയോടാലോചിക്കാതെ രാജ്യകാൎയ്യങ്ങൾ നടത്തുക പതിവില്ല. ആയില്യംതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തിൽ മഹാരാജ്ഞിയുടെ പ്രത്യേകത ഒന്നു വേറേതന്നെയായിരുന്നു.

ഇങ്ങനെ സൎവ്വഗുണസമ്പന്നയായ മഹാരാജ്ഞിക്കു ശനിപ്പിഴ തുടങ്ങിയതു കാലവിശേഷമല്ലേ? "രാജകന്യകയായാലും പൂൎവ്വജന്മം പുനഃപുനഃ" എന്നോ സമാധാനിക്കാനുള്ളു. മനുഷ്യസമുദായത്തിനു വിധിബലത്താൽ അനിവാൎയ്യമായ ആപത്തുകളും ദുരിതാരിഷ്ടതകളും സംഭവിക്കാറുണ്ട്. ബ്രഹ്മകല്പിതം ലംഘിക്കാനോ തടയാനോ മനുഷ്യരാൽ സാദ്ധ്യമല്ല. നമ്മുടെ മഹാരാജ്ഞിയും വിധിയോഗത്തിനു കീഴടങ്ങേണ്ടി വന്നു

പള്ളിക്കെട്ടുകഴിഞ്ഞു കൊല്ലം പതിനേഴായെങ്കിലും തിരുവയറണിഞ്ഞു കാണാഞ്ഞതു യോഗനില തെററിയതുകൊണ്ടല്ലേ? അശോകാരിഷ്ടം സേവിച്ചു. സുകുമാരം നെയ്യും മുടക്കിയില്ല.

"സന്തതിസൌഖ്യംവരുത്തേണമീശ്വരാ
സന്താപമെല്ലാമകറേറണമീശ്വര!"

ഇങ്ങനെയുള്ള നാമജപങ്ങൾ രാപ്പകൽനടത്തി. സോമവാരവ്രതം അനുഷ്ഠിച്ചു വൈക്കത്തപ്പനു പ്രാതലു കഴിച്ചു. കല്ലുവെച്ചേടത്തെല്ലാം വഴിപാടുകൾ നേൎന്നു. കൊട്ടാരത്തിൽ ദാനധർമ്മാദികൾ അസംഖ്യം ചെയ്തു. ദുർവ്വിധിയുടെ കണ്ടകത്വം ഇതൊന്നും കണക്കാക്കിയില്ല. പുത്രലാഭം നിരോധിക്കയാണുണ്ടായതു്. ദത്തിന്റെ ഉദ്ദേശം നിഷ്ഫലമാക്കിച്ചെയ്തു. കർമ്മമേ കർമ്മം!

രാജകുടുംബത്തിലെ തമ്പുരാട്ടിമാൎക്കു സന്തതിയില്ലാതെ വരുമ്പോൾ രാഷ്ട്രീയകാരണങ്ങളാൽ അവൎക്കു സാധാരണ സ്ത്രീകളെ അപേക്ഷിച്ചു് അധികം സങ്കടത്തിനിടയുണ്ടു്. 'ഒരു മകനുണ്ടായി പട്ടം കെട്ടുന്നതു കാൺമാൻ ഈ മഹാപാപിക്കു ഭാഗ്യമില്ലല്ലോ' എന്നു് ഓൎത്തോൎത്തു തിരുമനസ്സു് ഓട്ടമരത്തിനു തീപററിയപോലെ എരിഞ്ഞുകൊണ്ടിരുന്നു.

പ്രമേഹരോഗത്താൽ പീഡിതമായ ശരീരത്തിൽ ചെലന്തിവന്നാലും വിവിധമുഖങ്ങളോടുകൂടി വലിയ പരുവായി പരിണമിക്കുന്നതുകണ്ടിട്ടില്ലേ? ഇച്ഛാഭംഗമാകുന്ന വഹ്നിയിൽ പരിതപ്തമായി ഉരുകിയൊഴുകുന്ന ഹൃദയപിണ്ഡം തമശ്ചിന്തകളായി അവിടവിടെ ചുഴന്നു കട്ടിപിടിക്കുന്നതു് ഏകദേശം ഇതുപോലെയാണു്. എന്നാൽ മഹാരാജ്ഞിയുടെ സ്ഥിരചിത്തം കഠിനവികാരങ്ങളുടെ ദുരാക്രമണങ്ങളെ കഴിയുംവണ്ണം തട്ടിത്തിരിച്ചു. ഇതു് എത്രയോ സ്തുത്യൎഹമാണു്. എങ്കിലും മനസ്സു മടുത്തു. തന്നത്താനെ വെറുത്തു ഭൎത്താവിനോടു സഹതാപംതോന്നി. ദ്വേഷ്യം നടിച്ചു. മുള്ളുപറഞ്ഞു. പരിഭവം കാണിച്ചു. പ്രണയകലഹം മുഴുത്തു. ചിരിയും കളിയുംവെടിഞ്ഞു. കൈകാലുകൾ കുടഞ്ഞു. കരഞ്ഞു. സൎവ്വവും പഴിച്ചു. ഏകാന്തം ഭജിച്ചു.

ലക്ഷദീപം സമീപിച്ചുവന്നപ്പോൾ, ഒരുദിവസം അമൃതേത്തു കഴിച്ചുകഴിച്ചില്ലെന്നുവരുത്തിട്ടു് പള്ളിയറയിൽ എഴുന്നള്ളിക്കിടന്നു് ഇപ്രകാരം ആലോചിച്ചു

സ്ത്രീകളായി ജനിക്കുന്നതു ദുരിതത്തിലും ദുരിതം! വിശേഷിച്ചു കൊട്ടാരങ്ങളിലും കോവിലകങ്ങളിലും. പത്മനാഭാ! എന്നെപ്പോലെ ശിരസ്സിലെഴുതി ഇനിയെങ്കിലും ആരെയും രാജകുടുംബത്തിലേക്കു തള്ളിവിടരുതെ! കാരാഗൃഹത്തിനും എന്റെ കൊട്ടാരത്തിനും ഭേദം ഒന്നേയുള്ളൂ. അവിടെ പട്ടു കിടക്കയും പരവധാനിയും ഇല്ലെന്നുള്ള കുററംമാത്രം. തടവെല്ലാം ശരിതന്നെ."

"അങ്ങോട്ടു തിരിയുവാൻ അനുവാദം വേണം. ഇങ്ങോട്ടുനോക്കുവാൻ നീട്ടുവാങ്ങണം. ഇതാണു റാണി തിരുമനസ്സുകളുടെ കഥ. സ്വർണ്ണംകൊണ്ടുണ്ടാക്കിയാലും പക്ഷിക്കൂടു, പക്ഷിക്കൂടല്ലയോ? "൦" യോളം വട്ടത്തിലുള്ള പരിധിക്കപ്പുറം പറക്കുവാൻ കഴിയുമോ? "കൂട്ടിലടച്ച പക്ഷി" എന്ന ശൈലി എത്രയോ അൎത്ഥഗൎഭമായിട്ടുള്ളതാണ്."

"ഉണ്ണുന്നതും ഉറങ്ങുന്നതും ഇരിക്കുന്നതുംകിടക്കുന്നതുമെല്ലാം സൎക്കാർ കാൎയ്യപരിപാടി അനുസരിച്ചേ ആയ്ക്കൂടൂ. വെളിയിലിറങ്ങണമെങ്കിൽ എഴുന്നള്ളത്തിന്റെ കോപ്പുകൂട്ടണം. നൂറുപേരുടെ കൈമറിഞ്ഞു ഒരുപടികടലാസും മഷിയും കൂടി കാഴ്ചകഴിഞ്ഞിട്ടേ ഒരു കരിക്കെങ്കിലും കൊട്ടാരത്തിൽ മുഖം കാണിക്കയൊള്ളൂ. അപ്പോഴപ്പോഴ് തോന്നുന്ന ആഗ്രഹങ്ങൾ സാധിക്കുന്നതിന്, തമ്പുരാട്ടിമാൎക്കു പ്രയാസമാണ്. ആരുമറിയാതെ തുമ്മിപ്പോയാൽ തൽക്ഷണം നാടെല്ലാംപരന്നു. അരമനരഹസ്യം അങ്ങാടിയിൽ പരസ്യമല്ലേ?.

"രാജകുടുംബം","രാജകുടുംബം" എന്നു പറയുന്നു. ഞാൻ നോക്കിട്ട് അൎത്ഥമൊന്നും കാണുന്നില്ല. ഒരാൾ കൊച്ചിയിലെങ്കിൽ മറ്റെയൊരുവർ കോഴിക്കോട്ടാണ് ഇരിപ്പ്. അന്യോന്യം കാണുവാനോ സംസാരിപ്പാനൊ സമയസൌകൎയ്യങ്ങൾ ദുൎല്ലഭങ്ങളാണ്. ഭൎത്താവിനു ഭാൎയ്യയെക്കാണണമെങ്കിൽ സമയം ചോദിക്കണം. തമ്പുരാനും തമ്പുരാട്ടിക്കും ഒന്നിച്ചു സവാരിചെയ്തുകൂടാ! അമ്മച്ചികടപ്പുറത്തേക്കാണെങ്കിൽ മഹാരാജാവു കാഴ്ചബംഗ്ലാവിലേക്കു സവാരി എഴുന്നള്ളിക്കൊള്ളണം. ഈ ചട്ടമെല്ലാം കണ്ടുപിടിച്ച മഹാൻ ആരോ?

"ഞാൻ ജനിച്ചേടത്തിരുന്നിരുന്നുവെങ്കിൽ ഇതിലൊക്കെ എത്രഭേദമായിരുന്നു! അസ്വാതന്ത്ര്യം ഇത്ര അനുഭവിക്കേണ്ടി വരുമോ? പക്ഷേ, ഈശ്വരനും അതിനു സമ്മതിക്കേണ്ടയോ? ചത്തപശുവിനു മുക്കുടംപാലെന്നു, കരഞ്ഞുപിഴിഞ്ഞതുകൊണ്ടു ഫലമെന്തു്?"

"എന്തെല്ലാം മരുന്നുസേവിച്ചു? ഏതെല്ലാം വഴിപാടുകൾ കഴിച്ചു? ഇനി എത്രനേൎന്നുകിടക്കുന്നു? ഈശ്വരസേവയ്ക്കു കുറവുണ്ടോ? ഉള്ളൂർ സ്വാമിയുടെ മുൻപിൽ പാട്ടുകിടക്കുന്നില്ലേ? കുമാരൻ പ്രത്യക്ഷമാകാത്തതെന്തു? ദാനധൎമ്മങ്ങൾ അവസാനമില്ലാതെ ചെയ്തില്ലേ; ചെയ്യുന്നില്ലേ? ഞാൻ ചെയ്യാത്തതുബാക്കിവല്ലതുമുണ്ടോ സാദ്ധ്യം? ജന്മഫലം നീക്കുവാൻ ഈശ്വരന്മാൎക്കുപോലും കഴിവില്ല. ഒരു കൊച്ചുകാലുകാണാതെ ജന്മമൊടുങ്ങണമെന്നല്ലേ എന്റെ തലയിൽ വരച്ചുവിട്ടിട്ടുള്ളതു്? രാവണനെപ്പോലെ ശിരസ്സറുത്തറുത്തു ഹോ

മകുണ്ഡത്തിൽ തട്ടുന്നതിനു മനസ്സുവരുന്നുണ്ട്. എന്റെ സങ്കടം ആരറിയുന്നു?

"ഭർത്തൃനിഷ്ഠ എന്നെപ്പോലെ ആൎക്കുമില്ലെന്നു പരക്കെബോധം. "സി. ഐ" സ്ഥാനവും മേൽകോയ്മ നൽകുവാൻ പോകുന്നുവത്രെ! പോരെ? മതിയായില്ലേ? "സി ഐ" യെ താലോലിച്ചാൽ അതൃപ്തിക്കു കാരണമില്ലെന്നു നീട്ടെഴുതിക്കഴിഞ്ഞു! കഷ്ടം! രാജ്ഞിയുടെ ശരീരത്തിനെന്നാവണ്ണം മനസ്സിനും ഗതാഗതസൌകൎയ്യം സൎക്കാർനിയമത്താൽ നിൎണ്ണയിക്കപ്പെട്ടിരിക്കുന്നു! ഈ മനഃസ്ഥിതിയുള്ളവരോട് എങ്ങനെ, എന്താ ഉത്തരം പറയേണ്ടതു്? ഒന്നുമില്ല. ഡർബാറിൽ ബിരുദു രണ്ടുകൈയും നീട്ടി വാങ്ങണം. മനസ്സിന്റെ യഥാൎത്ഥതമറച്ചു കൃതജ്ഞതാപ്രകാശനവും ചെയ്യണം! ആശ്ചൎയ്യം! കപടനയങ്ങളുടെ വിളഭൂമിയാണു രാജകൊട്ടാരങ്ങൾ! "സി, ഐ" കിരീടം ധരിപ്പാനോ ഒരു കുഞ്ഞിന്റെ ചിരികളി കണ്ടാനന്ദിപ്പാനോ ഏതാണു സൌഖ്യമെന്നു സഹോദരികളെ! നിങ്ങൾതന്നെ തീൎച്ചയാക്കിക്കൊൾവിൻ! നിങ്ങൾ ആരെങ്കിലും 'എന്റേതു' എന്നു വിളിക്കത്തക്ക സ്വാതന്ത്ര്യത്തോടുകൂടി ഒരു കുഞ്ഞിനെ ഈ നിൎഭാഗ്യയായ ആറവുങ്കൽ മൂത്തറാണിക്കു തിരുമുൽക്കാഴ്ച വയ്ക്കുന്നുവെങ്കിൽ എന്റെ 'സി, ഐ' യും മററു പദവികളും പൂൎവ്വം നീരുമായി പകരം തരുന്നതിനു് ഈ നിമിഷം ഞാൻ സന്നദ്ധയാണു്.

"ഭർത്താവു്, ആജാനുബാഹു. കൊട്ടാരം അടിയോടെ പറിച്ചു വയ്ക്കുവാൻ അദ്ദേഹത്തിന്റെ ചെറുവിരലുമതി. വയസ്സു മുപ്പതേ ആയിട്ടുള്ളു. സകലയോഗ്യതകളും തികഞ്ഞവൻ. സ്നേഹത്തിനും കുറവില്ല. എന്റെ വന്ധ്യാവസ്ഥയിൽ അദ്ദേഹത്തിനു ദുഃഖവും നന്നായുണ്ടു്. എന്തെല്ലാമായാലും ദൈവം കണ്ണുതുറക്കണമല്ലോ.

"ഈയിടെ ഭർത്താവിന്റേയും ചിത്തം സ്വസ്ഥമായിക്കാണുന്നില്ല. തള്ളയ്ക്കു സുഖക്കേടായാൽ പിള്ളക്കും ബാധിക്കുമെന്നു ചൊല്ലാറുണ്ടു്. മച്ചിക്കുമാത്രം അനുഭവിച്ചറിവാൻ ഭാഗ്യമില്ല. അതുപോലെതന്നെ ഭാൎയ്യയുടെ ദുഃഖവും ഭർത്താവിനു പകരുന്നതാണോ? അങ്ങനെയാണെങ്കിൽ എന്റെ ദുഃഖം തന്നെയായിരിക്കും ഭർത്താവിനേയും, യേനകേനപ്രകാരേണ ശല്യപ്പെടുത്തുന്നതു്, ആൎക്കറിയാം?

"എന്റെ അടുത്തുവരുന്നതുതന്നെ കോയിപ്പണ്ടാലയ്ക്കു് അത്ര സുഖമാകുന്നില്ല. അദ്ദേഹത്തിന്റെ മുഖചന്ദ്രികയിൽ തിമിരച്ഛായകൾ അവിടവിടെ വീശിയിട്ടുണ്ടു്. കപോലങ്ങൾ ആനക്കൊമ്പുപോലെ വെളുത്തു വെളറിപ്പോയി. ധീരമാനസനായിരിക്കുന്ന അദ്ദേഹം കരഞ്ഞുവെന്നുപറഞ്ഞാൽ അൎത്ഥമില്ല. -എ

ന്നാൽ അശ്രുപ്രവാഹത്തിൻെറ കൈവഴികൾ കവിൾത്തടങ്ങളിൽ കാണുന്നതിനെ ഞാൻ എങ്ങനെയാണു വ്യാഖ്യാനിക്കേണ്ടതു്? നേത്രങ്ങൾ ചെമന്നുകലങ്ങി സദാ ഭ്രമിച്ചുകൊണ്ടിരിക്കുന്നു."

"എൻെറ ഭർത്താവിൻെറ പണ്ടത്തെ പ്രസരിപ്പും പ്രസന്നതയും പൊയ്പ്പോയി! പ്രണയചാപല്യങ്ങളിൽ ആസക്തിയും കുറഞ്ഞു. ശോകരൌദ്രാദികളുടെ സ്തോഭം മാത്രമേ സർവ്വാംഗം കാണ്മാനുള്ളു."

"പ്രാണേശ്വരി! മൽപ്രിയേ! പ്രണയമസൃണേ! പ്രൌഢസ്ത്രീകൾക്കണിതിലകമേ! ഹേ വഞ്ചിക്ഷ്മാവല്ലരിപുഷ്കലത്തിന്നൊരുത്തംസമുത്തേ! ഏവംവിധങ്ങളായ സംബോധനകൾ പണ്ടെങ്ങാനുമായിരുന്നുവെങ്കിൽ ഞാൻ വിശ്വസിക്കുമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിൻെറ വാങ്മനഃകായങ്ങൾ പരസ്പരം ഭിന്നഭിന്നങ്ങളാണു്. കണ്ടാലറിഞ്ഞുകൂടെ? എൻെറ പ്രാണവല്ലഭൻെറ സ്വാരസ്യങ്ങളെല്ലാം എൻെറ പേരുപറഞ്ഞു സാഹിത്യലക്ഷ്മിയെ അലങ്കരിക്കയല്ലേ? എന്നോടുപയോഗിച്ചുവരുന്ന പരിഭവങ്ങളും സൂചനകളും പ്രണയകലഹമെന്നു വ്യാഖ്യാനിച്ചാൽപോലും വളരെ അധികമായിപ്പോകുന്നു; ഇവിടെ വരുന്നതും ദുർല്ലഭം. വരുമ്പോഴെല്ലാം ഒളിയുകയും പതുങ്ങുകയും ചെയ്യുന്നു. ഇവിടെ അതിനുതക്ക വണ്ണം എന്താണുള്ളതു്? എനിക്കൊന്നും അറിഞ്ഞുകൂടേ! ജനശ്രുതിക്കു് ആസ്പദം ഉണ്ടായിരിക്കുമോ? അമ്മാമൻ അതിനിടകൊടുക്കുമോ?"

"ഈ സന്ദർഭത്തിൽ വേഗം വിസ്മരിച്ചുകളവാൻ കഴിയാത്ത ഒരു മുഖ്യസംഭവം ഓർക്കുന്നുണ്ടു്. കുറച്ചുനേരമുണ്ടാകുമെന്നുകരുതി എൻെറ ലീലാരണ്യത്തിൽ സായംകാലം കാററുകൊണ്ടിരുന്നപ്പോൾ എന്താണു നടന്നതു്? സ്മരിക്കുമ്പോൾ കുളിരുകോരിയിടുന്നു"

ശബ്ദംകേട്ടു! ഞെട്ടി! ഇരുന്നെടത്തുനിന്നു രണ്ടുമുഴം പൊങ്ങിപ്പോയി! കണ്ണുപടം പൊട്ടിയില്ലേ? വിചാരിച്ചിരിക്കാതെ വെടികേട്ടാൽ നടുങ്ങാത്തവരുണ്ടോ? ആ സമയത്തു തോട്ടക്കാരനോ, പട്ടക്കാരനൊ, എത്തിനോക്കണമല്ലോ; ചെയ്തില്ല. സന്ധ്യമയങ്ങിത്തുടങ്ങുന്നസമയം, പക്ഷിമിഥുനത്തിൻെറ ചേഷ്ടകളെ നോക്കി കൌതുകംപൂണ്ടിരിക്കുന്നസമയം. ഭയം തോന്നുമോ, ഇല്ലയോ? എൻെറ തലയിൽ തൊട്ടുതൊട്ടില്ലെന്ന മട്ടിലാണു തോട്ടാ ചീററിക്കൊണ്ടുപാഞ്ഞതു്. ലാക്കു് അല്പം തെററിയിരുന്നുവെങ്കിൽ–! അ—യ്യോ! വിചാരിപ്പാൻകൂടിവയ്യേ! വില്ലെടുത്തതിൽ പാർത്ഥൻ, തോക്കെടുത്തതിൽ എൻെറ ഭർത്താവു—ചുററുംപാടുമെല്ലാം നോക്കിയിട്ടും ആളെ കണ്ടില്ല. എവിടെനിന്നു ലാക്കുനോക്കിയോ? അദ്ദേഹം മായാ

സ്വരൂപിയോമറോ ആണെന്ന് എനിക്കു തോന്നിട്ടുപ്പായിട്ടുണ്ട്. പ്രത്യക്ഷമാവാനും മറയാനുമെല്ലാം അദ്ദേഹത്തിനു നിമിഷംമതി.

“വെടിയേല്പാൻ കമ്മം ആൎക്കാണുണ്ടായതു്? എന്റെ മുൻപിൽ കളിയാടിക്കൊണ്ടിരുന്ന നീഡജത്തിന്. അതു ചത്തുമലൎന്ന് എന്റെ പാദത്തിൽ മറിഞ്ഞു. ഇണപ്പക്ഷിയുടെതാപം അറിഞ്ഞവൎക്കേ അറിയാവൂ. അയോധ്യാചക്രവൎത്തി പുത്രദുഃഖം അനുഭവിച്ചു! ഭൎത്താവിനെക്കൊന്ന നിനക്കോ വിരഹദുഃഖം ഉണ്ടാവട്ടെ!” ഇങ്ങനെ ഇണപ്പക്ഷിയുടെ വിലാപങ്ങൾക്കിടയിൽ അശരീരിയുംകേട്ടു. ഭൎത്താവും ഇരട്ടക്കുഴൽ ബ്രീച്ചു ലോഡർസഹിതം എന്റെമുൻപിൽ പ്രത്യക്ഷമായി. എനിക്കു സംസാരിപ്പാൻ കഴിയാത്തവിധം കിതച്ചു മലച്ചിരുന്നതേയുള്ളു. “ഇണപ്പക്ഷിയോടുദാക്ഷിണ്യം കാണിക്കുന്നതെന്തിന്? വേഗം കാച്ചിക്കളയൂ. എന്നാൽ ഈ സംകടംകാണേണ്ടല്ലോ” എന്നു പറഞ്ഞതായിട്ടു കുറച്ചോരോൎമ്മ ഇപ്പോൾ തോന്നുന്നുണ്ടു്. അദ്ദേഹം എന്തൊക്കെയോ തത്വജ്ഞാനം അപ്പോൾ പ്രസംഗിക്കയുണ്ടായി. അല്പംമാത്രമേ ഇപ്പോൾ ഓൎമ്മയുള്ളു. എന്റെ സൎവ്വഞരമ്പുകളും സന്ധികളും ഇളക്കിമറിച്ച ആ സംഭവം എത്രതത്വജ്ഞാനം പ്രസംഗിച്ചാലും മനസ്സിൽനിന്നു വിട്ടുപോകുന്നതല്ല. എനിക്കും ഭൎത്താവിനുമല്ലാതെ മൂന്നാമനു് ഈ വിവരം അറിഞ്ഞുകൂടാ.”

ലീലാരണ്യത്തിൽ നടന്ന പ്രകൃതസംഭവം മഹാരാജ്ഞിയുടേയും കോയിപ്പണ്ടാലയുടെയും അതിഗുപ്തമായ രഹസ്യമാണു്. അതെന്താണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഇത്രയും വിസ്താരമായ ചരിത്രഘടനയിൽപോലും വായനക്കാരുടെ ഉൽകണ്ഠയെ സാധിപ്പിക്കാൻ ഞങ്ങൾക്കു കെല്പില്ലാതിരിക്കുന്നതിനാൽ അത്യന്തം വ്യസനിക്കുന്നു. എന്നാൽ നീഡജത്തിന്റെ ആപത്തു നായികാനായകന്മാരുടെ അഭിജ്ഞാനവാക്യമായിത്തീൎന്നിട്ടുണ്ടു്. രഹസ്യം ആവശ്യമുള്ളേടത്തോളം ശ്രീവിശാഖപത്രത്തിനു് ഉപദേശിച്ചിട്ടുണ്ടു്. ശ്രീവിശാഖപത്രത്തിന്റെ ദൌത്യനിൎവ്വഹണത്തിൽനിന്നും അറിഞ്ഞേടത്തോളം വിവരങ്ങൾ താഴെക്കുറിച്ചിരിക്കുന്നതിനെ സശ്രദ്ധം വായിച്ചു തൃപ്തിപ്പെട്ടു ഭാവിസംഭവങ്ങളെ ക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരിപ്പാനപേക്ഷ.

കോയിത്തമ്പുരാൻ:—ഇവിടുന്നു മഹാരാജ്ഞിയുടെ സ്ഥാനത്തിരുന്നിട്ടു് ഇങ്ങനെ ദുഃഖിക്കാമോ? ലോകത്തിൽ മനുഷ്യൎത്തമ്മിൽത്തമ്മിൽ വ്യത്യാസം ഉള്ളതുപോലെ ജീവരാശികൾ എല്ലാററിനും ഏററമെളിമയെറുള്ള അന്തരമുണ്ടു്. ഇതെത്രയോ എളിയ ജീവ

നാണു്? യുദ്ധാകുലോത്ഭവനായ ക്ഷത്രിയന്റെ തോക്കിനിരയായതുസ്വസാധാരണമല്ലേ? അതിനു വീൎയ്യസ്പൎശം കിട്ടിയെന്നു സന്തോഷിക്കയല്ലോ വേണ്ടു. ഉദകക്രിയയും ഞാൻതന്നെ ചെയ്തുകളയാം. ഇവിടെത്തന്നെ അടക്കംചെയ്യട്ടയോ?

രാജ്ഞി:—തനിച്ചിരുന്നപ്പോൾ പക്ഷിശാസ്ത്രമെങ്കിലും പഠിച്ചുകൂടെന്നു വച്ചല്ലേ ഇങ്ങനെചെയ്തതു്? സാഹസം കാണുമ്പോൾ സങ്കടംതോന്നാത്ത കഠിനമനസ്സു സ്ത്രീകൾക്കുണ്ടാകുന്നതല്ല. മഹാരാജ്ഞിയായാലും ജാത്യാഉള്ള സ്വഭാവം മാററുവാൻ കഴിയുമോ? വേളിമലയിൽ അവിടുന്നു ജീവഹാനി എത്രവരുത്തുന്നുണ്ടു്? ഞാൻകണ്ടുകൊണ്ടാണോ ഇരിക്കുന്നതു്? എന്റെ കണ്ണിനുമുമ്പിൽ ഈവിധം തുടങ്ങിയാൽ സഹിക്കുന്നതെങ്ങനെ? ലീലാരണ്യത്തിൽ വേട്ടയാടണമെന്നിച്ഛയിരുന്നാൽ മുന്നറിവുതന്നുകൂടയോ? സൎക്കാർനിയമം ഈ അല്പജന്തുക്കളേയും ബാധിക്കുന്നതാണോ? അതുകൾക്കും ഇവിടെ പ്രവേശിച്ചുകൂടേ? ഇരട്ടക്കുഴൽ രണ്ടും നിറച്ചിരിക്കുന്നല്ലോ? മറേറതോട്ടായും ഒഴിക്കാത്തതെന്തു്?

കേ: ത:—വേട്ടയാടിയാടി എന്റെ കൈകൾരണ്ടും തഴമ്പിച്ചു. മനസ്സിന്റെ അറപ്പും തീൎന്നു. എന്റെ വളത്തുകാട്ടിൽ മൃഗയാവിനോദങ്ങൾക്കു സമയം ചോദിക്കേണ്ടല്ലൊ. എപ്പോൾ വരുന്നതിനും ഇവിടുന്നു സമ്മതം തന്നിട്ടില്ലേ? ഞാൻ കൊന്നിട്ടുള്ള ജീവജാലങ്ങളെ അവിടുന്നു കണ്ടിരുന്നുവെങ്കിൽ ഇപ്പോൾ ഇങ്ങനെ മനസ്താപിക്കയില്ല. എനിക്കു നിത്യത്തൊഴിലഭ്യാസമായിപ്പോയി. മിഥുനത്തെക്കണ്ടയുടനെ ലാക്കുനോക്കി. മറെറാന്നും ചിന്തിപ്പാനിടയായില്ല. കൈയ്യ് അതിന്റെ പാട്ടിനു പറഞ്ഞുവെന്നേ പറയേണ്ടു. രണ്ടും വീഴമെന്നാണു് ഉദ്ദേശിച്ചതു്. സ്വല്പം തെററിപ്പോയി. രണ്ടാമത്തെ വെടിക്കാഞ്ഞപ്പോഴാണു് ആൎശബ്ദം കേട്ടതു്. ഇവിടുന്നാണെന്നു മനസ്സിലായതു്. ഉടനെ വന്നില്ലേ? ഇവിടുത്തെ ദുഃഖം കണ്ടപ്പോൾ സാഹസംവേണ്ടെന്നുറച്ചു. തോക്കുതന്നെ ദൂരെഎറിഞ്ഞുകളയാം. ലാക്കുനോക്കിക്കൊണ്ടിരുന്ന സമയത്തു ശബ്ദമുണ്ടാക്കുകയോ ഇവിടുത്തെ വിളിക്കുകയോ ചെയ്തുപോയാൽ പക്ഷി പറന്നുകളകയില്ലേ?

രാജ്ഞി:—അവിടുന്നു പറഞ്ഞതുപോലെ ലാക്കുതെററിയതു ദൈവാധീനം. ഇവിടുത്തെ അവിവേകത്തിന്റെ ഫലമെന്താണെന്നു് അശരീരി കേട്ടുവോ?

കേ: ത:—എന്റെ കണ്ണും ചെവിയുമെല്ലാം ഒരേ ലക്ഷ്യത്തിൽ ഊന്നിയിരുന്നപ്പോൾ മററുകാൎയ്യങ്ങളിൽ ശ്രദ്ധിക്കുന്നതെങ്ങിനെയാണു്? എന്താണു് അശരീരി?

രാജ്ഞി:— നിഡ്ഢജത്തെ ഹനിച്ചതുകൊണ്ട് അവിടുത്തേക്കു ഭാൎയ്യയെ പിരിഞ്ഞിരിക്കണമെന്നുള്ള ശാപമുണ്ടായി. വ്യക്തമായി കേട്ടുവെന്നാണ് എന്റെ ഓർമ്മ. പക്ഷെ വെറും തോന്നലുമാത്രമായിരിക്കും.

കോ: ത:—അവിടുത്തേക്കു പഴംപുരാണങ്ങളിൽ വിശ്വാസമുണ്ടോ?

രാജ്ഞി:— സന്ദർഭത്തിനിണങ്ങി വരുമ്പോൾ ചിലസമയത്തു വിശ്വാസം തോന്നിപ്പോകുന്നു.

കോ: ത: സന്ദർഭത്തിനു യോജിച്ചാലും അവിടുത്തെ സ്വഭാവത്തിനു ചേൎന്നതാണോ?

അവിടുത്തെ മനസ്സിന്റെ ചായ്‌വ് അറിവാനാണ് എനിക്കു പരിഭ്രമം.

രാജ്ഞി:— സന്ദർഭം ഒത്തുവരുമ്പോൾ മനസ്സിന്റെ പോക്ക് ആരറിഞ്ഞു? അതുകൊണ്ടു ഒന്നും പറവാൻ തരമില്ല.

കോ: ത:—ഇവിടുത്തേക്കു ജ്യോതിശ്ശാസ്ത്രത്തിലോ ഗൌളിശാസ്ത്രത്തിലൊ അധികം വിശ്വാസം?

രാജ്ഞി:— ഒന്നു മറേറതിന്റെ വകഭേദമല്ലേയുള്ളു. ഒന്നു വിശ്വസിച്ചാൽ മറേറതു തള്ളുന്നതെന്തിന്?

കോ: ത:—അപ്പോൾ അവിടുത്തേക്കു രണ്ടിലും വിശ്വാസമാണെന്നു ഞാൻ അനുമാനിച്ചുകൊള്ളട്ടയോ?

രാജ്ഞി.—ഈ സ്ഥിതിക്കു സന്താനമുണ്ടാകയില്ലെന്നു ജാതകത്തിൽ വിളിച്ചുപറഞ്ഞിട്ടില്ലയോ? പിന്നെ വിശ്വസിക്കാതെ തരമുണ്ടോ?

കോ: ത:—അതിൽ വിരഹമുണ്ടാകുമെന്നു കണ്ടിട്ടുണ്ടോ?

രാജ്ഞി:—ഇല്ല. എന്നാൽ ആ ജാതകം അത്ര ശരിയല്ലെന്നല്ലെ അമ്മാമൻ പറയുന്നതു?

കോ: ത:—ഇവിടുത്തേക്കും അങ്ങനെയാണോ തോന്നുന്നതു്?

രാജ്ഞി:—ഇപ്പോഴത്തെ അനുഭവംകൊണ്ടു് ഏകദേശം അങ്ങനെ ഊഹിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അശരീരി കേൾക്കണ്ടല്ലൊ.

കോ: ത:—അതുകൊണ്ടായിരിക്കാം ജാതകം മാറിയെഴുതാൻ ആലോചന നടക്കുന്നതു്; അല്ലേ?

രാജ്ഞി:—വൃദ്ധന്മാർ അഞ്ചാറുപേർ ജാതകം പരിശോധിപ്പാൻ തുടങ്ങിക്കഴിഞ്ഞു. അമ്മാമന്റെ മുൻപിൽതന്നെയിതു

ന്നാണ് കവടി നിരത്തുന്നതു്. എള്ളിടയ്ക്കു തെററുവന്നാൽ അമ്മാമൻ വിടുകയില്ല-

കോ: ത:—"വൈധവ്യത്തിന്റെലക്ഷണമുണ്ടെ ഉ
ണ്ബോധിച്ചാലുംസുവിമലകീർത്തേ"

എന്ന സ്വരുപിച്ചുള്ള അഭിപ്രായത്തിനോടു ചേൎന്ന കവിടിയും മലൎന്നു. ഉള്ളതാണോ?

രാജ്ഞി:—ഇവിടുന്നിതെല്ലാം എന്നെക്കാൾമുമ്പേ അറിഞ്ഞുവച്ചിരിക്കുന്നുവോ?

കോ: ത:—വലിയകൊട്ടാരത്തിൽ എല്ലാം പരസ്യമായിട്ടല്ലേ നടത്തുന്നതു്? പിന്നെ അറിയാത്തതെന്തു്?

രാജ്ഞി:—പിന്നെ എന്തെങ്കിലും അറിഞ്ഞുവോ?

കോ: ത:—ഇല്ല; പറയാമെങ്കിൽ പറയൂ?

രാജ്ഞി:—നമുക്കു രണ്ടുപേൎക്കും ചാരിതാൎത്ഥ്യജനകമായ ഒരു പ്രശ്നഫലം കണ്ടു. അധികം താമസിയാതെ സന്തതിലാഭം ഉണ്ടാകുമത്രെ. ഇതവിടുന്നു അറിയാഞ്ഞതു വളരെ ആശ്ചൎയ്യമായിരിക്കുന്നു.

കോ: ത:—"ഒരുത്തനുണ്ടാക്കിയദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം"

എന്നു് കേട്ടിട്ടില്ലേ? അതുകൊണ്ടു് ആദ്യത്തെ സംഗതി പറയുന്നതിനു മുമ്പറിഞ്ഞു. നല്ല വൎത്തമാനം പറവാൻ ഒരുത്തരുമില്ല, അതു സഹജമല്ലേ.

രാജ്ഞി:—ഈ സംഗതി ഓരോരുത്തരും പ്രത്യേകം പ്രത്യേകം ഗണിച്ചുപറഞ്ഞതാണു്. അതിനാൽ പിശകുണ്ടാവാൻ തരമില്ല. അതുമല്ല,

"എന്നുടെവാക്കിന്നൊരല്പംനീക്കം-
വന്നാലെന്നുടെകവിടിസ്സഞ്ചി
അന്നൊരുകാട്ടിൽകളയാമെന്നതി-
നിന്നിഹനെയ്യിൽകൈയുംമുക്കാം"

എന്നു് എല്ലാവരും കവിടിപ്പലകതൊട്ടു സത്യവും ചെയ്തിട്ടുണ്ടു്.

കോ: ത:—പിന്നെന്തുവേണം? ഗൎഭം ധരിക്കേണ്ട ആവശ്യ

ദമയുള്ളു. പത്തുമാസം തികയുകയും വേണം. അതോ, മഹാരാജ്ഞിക്ക് ആവക നിബന്ധനകൾ ഇല്ലെന്നരണ്ടോ? ദിവ്യഗർഭം വഹിക്കമെന്നാണോ കവിടിസ്സഞ്ചികളുടെ അഭിപ്രായം?

രാജ്ഞി:—അവിടുത്തേക്ക് എല്ലാം ആക്ഷേപമേയുള്ളു. എനിക്കും അമ്മാമനും പൂർണ്ണവിശ്വാസമുണ്ട്.

കോ: ത:—ഇതിൽ വലിയ ഒരസാംഗത്യം ഉണ്ടെന്ന് അവിടുന്നോ അമ്മാമനോ ഗണിതക്കാരോ ആലോചിച്ചുവോ?

രാജ്ഞി:—ഞാൻ നോക്കീട്ടൊന്നും കാണുന്നില്ല.

കോ: ത:—കണ്ടിട്ടും നോക്കുന്നില്ലെന്നു പറയൂ. വിധവതയും ഗർഭവും ഒരേകാലത്തു വഹിക്കുന്നതു അസംഭാവ്യമല്ലേ? കവിടിസ്സഞ്ചി കാട്ടിലെറിവാൻ സമയമായെന്നാണു തോന്നുന്നതു്.

രാജ്ഞി:—വിധവത തീർന്നിട്ടു പ്രസവിച്ചുകൂടേ? ഏകകാലത്തിൽ വേണമെന്നു കണ്ടില്ല. അവിടുത്തെ ആക്ഷേപം നിദാനരഹിതമാണ്.

കോ: ത: വിധവത എത്രകാലത്തേക്കാണ്?

രാജ്ഞി:—ക്ലിപ്തമില്ല.

കോ: ത:—പുത്രയോഗമോ?

രാജ്ഞി:—അതും അവ്യക്തമാണ്.

കോ: ത:—വിരഹം സംഭവിക്കുന്നവിധം പറയൂ.

രാജ്ഞി:—നമ്മൾ പിരിഞ്ഞു താമസിക്കേണ്ട ദശാസന്ധിയുണ്ടത്രെ!

കോ: ത.—പുത്രയോഗമുണ്ടാകുന്നതോ?

രാജ്ഞി:—(ഉടൻ ഒരു നേരംപോക്കാലോചിച്ചിട്ട്) രണ്ടാം സ്വയംവരത്തിനുശേഷം

കോ: ത:—ആഹാ! സ്വയംവരമോ?

രാജ്ഞി:—അല്ലാ! പരിഭ്രമിക്കുന്നുവോ?

കോ: ത:—അവിടുത്തെ ഇഷ്ടം അങ്ങനെയാണെങ്കിൽ പരിഭ്രമിച്ചിട്ടുള്ള ഫലം?

രാജ്ഞി: 'സ്വയംവരത്തിന്' പുരാണങ്ങളിൽ കല്പിച്ചിരിക്കുന്ന അർത്ഥം ഞാൻ കല്പിക്കുന്നില്ല ഉണ്ടെങ്കിലും ദമയന്തിയുടെ നയം ആദ്യന്തം അനുവർത്തിപ്പാൻ പോകുന്നു.

കോ: ത:—അവിടുന്നു ദമയന്തിയുടേതിനേക്കാൾ ഒരു വിഷമ

ഹവ്യ

ഘട്ടത്തിൽ ജീവിക്കുന്നതുകൊണ്ടു് ആ പതിവ്രതാരൂപത്തെ അനുവർത്തിക്കുമെന്നാണു് എന്റെ അഭിപ്രായം.

രാജ്ഞി:— ഇവിടുന്നെ! അധികം ആക്ഷേപിക്കേണ്ടാ! എന്നാൽ സാദ്ധ്യമായെടത്തോളം ഞാൻ ചെയ്യും എന്റെ ആയോധനശക്തിയെ വല്ലാതെ പരീക്ഷിക്കുന്ന ഇക്കാലത്തു ജയാപജയങ്ങൾ എങ്ങനെയെല്ലാം വന്നു സംഭവിപ്പാൻ പോകുന്നുവോ? അറിഞ്ഞുകൂടാ.

കോ: ത:— ഞാൻ വിജയം ആശീർവദിക്കാം. ജൂതുപല്ലന്റൻ ആരാണു?

രാജ്ഞി:— ഉദയഗിരിയിൽ എത്തിയിട്ടില്ല.

കോ: ത:— വിദർഭരാജധാനിയിലെന്നപോലെതന്നെ ഇവിടെയും അയാൾ വിഡ്ഢിയാകുമോ?

രാജ്ഞി:— ആക്ഷേപമെന്തു്?

കോ: ത:— എന്റെ പട്ടമഹിഷിയായ മഹാരാജ്ഞിയെ ശാണയിൽ ഒരച്ചു മാററിവാൻ ഇതാണു് സന്ദർഭം. അല്ലെങ്കിൽ ചെമ്പു തെളിയുമോയെന്നു പരീക്ഷിക്കട്ടെ. ജ്യോതിഷക്കാരന്റെ പിട്ടും തട്ടിപ്പും ഒന്നുംതന്നെ വിശ്വസിക്കുന്നില്ലെന്നു പറയൂ.

രാജ്ഞി:— ദ്വിതീയപാണിഗ്രഹണഫലം വിശ്വസിക്കുന്നില്ല.

കോ: ത:— വിരഹം വരുമെന്നു വിശ്വസിക്കുന്നുണ്ടോ?

രാജ്ഞി:— ഉണ്ടെന്നും ഇല്ലെന്നും പറവാൻവയ്യ.

കോ: ത:— ഭരണതന്ത്രജ്ഞന്മാരുടെ കപടഭാഷയിൽ സംഭാഷണം ആരംഭിച്ചതെന്താണു?

രാജ്ഞി:— ഭരണനൈപുണ്യം കാംക്ഷിക്കുന്നതുകൊണ്ടുതന്നെ.

കോ: ത:— ഈയുള്ളകാലമത്രയും ഭരണപദ്ധതിയിൽ പ്രവർത്തിച്ചിട്ടും നിപുണയായിട്ടില്ലേ?

രാജ്ഞി:— ഉണ്ടോയില്ലയോയെന്നു ഞാനാണോ നിശ്ചയിക്കേണ്ടതു്?

കോ: ത:— ഞാൻ പരീക്ഷിക്കാം. ജയിച്ചുവെങ്കിൽ ശരിയായ സമ്മാനം തരാം.

രാജ്ഞി:— ചക്രവർത്തിനിതന്നെ എന്നെ അനുമോദിപ്പാൻ പോകുന്നു. പിന്നെ അവിടുന്നു വിസ്മരിക്കുമോ?

കോ: ത:—എനിക്കു ഭരണതന്ത്രക്രമം നിശ്ചയമില്ലാത്തതിനാൽ നേരേ ചോദിക്കട്ടെ. നേരേ ഉത്തരം പറയൂ. വിരഹം വരുമെന്നൂഹിപ്പാൻ ന്യായമെന്തുള്ളു?

രാജ്ഞി:—ഒന്ന് ഇപ്പോഴത്തെ അശരീരി; രണ്ട് ദണ്ഡകത്തിന്റെ അററം; മൂന്നു ജാതകഫലം. നാലു,—

കോ: ത:—വരട്ടെ നില്ക്കട്ടെ. ഇവയെല്ലാം സംഭവം നടന്നു കഴിയുമ്പോൾ എനിക്കും മാലോകർക്കും സമാധാനപ്പെടുവാനുള്ള മിഥ്യാബോധങ്ങളല്ലേ?

രാജ്ഞി:—അല്ലല്ല; അജ്ഞാനികളുടെ സ്ഥിരപ്രമാണങ്ങളാണ്.

കോ: ത:—ശരി; ശേഷം കേൾക്കട്ടെ.

രാജ്ഞി:—രാജകീയകാരണങ്ങൾ അല്ലെങ്കിൽ രഹസ്യങ്ങൾ.

കോ: ത:—അവ എന്തെല്ലാം?

രാജ്ഞി:—രഹസ്യങ്ങൾ നമുക്കെങ്ങനെയറിയാം. അമ്മാമന മാത്രമേ അറിഞ്ഞുകൂടു. അദ്ദേഹം മനസ്സിൽവെച്ചു മറ്റുളളവർക്കു കൊടുന്നതു വെളിയിൽ കേൾക്കുകയില്ല.

കോ: ത:—മഹാരാജാവു്, അവിടുത്തെയോടു ഭരണരഹസ്യങ്ങൾ ആലോചിക്കാറുണ്ടല്ലോ. ഈവകയൊന്നും പറഞ്ഞിട്ടില്ലേ?

രാജ്ഞി:—ഭർത്താവിന്റെ ദോഷങ്ങൾ ഭാര്യയോടു പറയുമോ? അതിലും ഇപ്പോൾ.

കോ: ത:—ഇനി അവിടുന്നു വിശ്വസിക്കാത്തതിന്റെ കാരണം അറിയട്ടെ.

രാജ്ഞി:—ഒന്നു, മഹാരാജാവു് എന്റെ അമ്മാമനാണ്. രണ്ടു്, അവിടുന്ന് എന്റെ പ്രാണതുല്യനായ ഭർത്താവാണ്. മൂന്ന്, അമ്മാമൻ സൽസ്വഭാവിയാണ്; സ്വാത്വികഗുണം നിറഞ്ഞ ആൾ, നാലു്, അദ്ദേഹത്തിനു ചാപല്യങ്ങൾകുറവാണു; ബുദ്ധി അതുക്ഷണത്തിൽ മറിയുകയില്ല.

കോ: ത:—ഇന്നേവരെ മഹാരാജാവിന് എന്നോടപ്രീതി തോന്നിയിട്ടില്ല. പക്ഷെ, ഈയിടെ അദ്ദേഹത്തിനൊരു മാററം വന്നിട്ടുണ്ടു്. കവിടിയിൽ അന്ധവിശ്വാസം വർദ്ധിച്ചിരിക്കുന്നു. സ്വാതേയുള്ള അഹിഭയം സ്വപക്ഷഭയമായി നിറം മാറിയിരിക്കുന്നു. തക്ഷകസംഘത്തിന്റെ ദുർഘലപ്രവർത്തനംകൊണ്ടാണെന്നാണ എന്റെ അനുമാനം.

രാജ്ഞി:—എന്തോ? ഏതായാലും അവിടുന്നു മൂഢസ്വർഗ്ഗത്തിന്റെ ഏകാധിപത്യം കാംക്ഷിക്കാതിരുന്നാൽ മതി. എപ്പോഴും ജാഗ്രദവസ്ഥയിൽ ഇരിക്കണേ! കാററിന്റെ ഗതിഭേദങ്ങൾ കണ്ടു പാമരം ഉറപ്പിക്കണേ!

മഹാരാജ്ഞിയുടെ ചിന്തകളെ ഇനിയും അനുഗമിക്കാം.

"ചിന്താപാരവശ്യത്തോടുകൂടി എന്റെ ഭർത്താവു ലീലാരണ്യം വിട്ടുപോകയും ചെയ്തു.

"ഈ സംഭവം നടന്നിട്ടു പത്തുദിവസത്തോളമായി. അതിൽപിന്നെ അദ്ദേഹം എന്റെ കൊട്ടാരത്തിന്റെ പ്രാന്തങ്ങളിൽ പോലും കാലെടുത്തു കുത്തിയിട്ടില്ല. ദേഷ്യംകൊണ്ടായിരിക്കുമോ? അന്നു ഞാൻ അപ്രിയം ഒന്നും പറഞ്ഞില്ലല്ലോ. വെറുതേയെങ്കിലും എന്നോടു പരിഭവം കാണിക്കാമെന്നുവച്ചല്ലേ അങ്ങനെ ചെയ്യുന്നതു്? ഇരിക്കട്ടെ.

"അദ്ദേഹത്തിന്റെ സമയം കഴിയുന്നതു് എങ്ങനെയാണോ? ഒന്നു് ആളയച്ചു വരുത്തിയാലോ? ഇങ്ങോട്ടേയ്ക്കുള്ള വഴി, മറന്നുപോയവരെ ആളയച്ചു വിളിപ്പിക്കുന്നതെന്തിനാണു്? എനിക്കും വാശി പിടിപ്പാനറിയാമെന്നു കുറച്ചൊന്നു ധരിക്കട്ടെ. എങ്കിലും കാണായ്കകൊണ്ടു മനസ്സുരുകുന്നുണ്ടു്.

"വലിയകൊട്ടാരത്തിൽ അതൃപ്തിയില്ലെന്നു് അദ്ദേഹം പറഞ്ഞുവല്ലോ? പിന്നെ ഇത്രത്തോളം വന്നാലെന്താണു്? പക്ഷേ, അമ്മാമന്റെവിധം ഇതിനകം മാറിയിരിക്കാം. തക്ഷകസംഘത്തിന്റെ തിമിരാസ്ത്രങ്ങൾ വിഷഭൂയിഷ്ഠങ്ങളാണു്. ഭർത്താവിനെ നിരോധിച്ചിരിക്കും. എന്നെ വലയ്ക്കുന്നതിനു യത്നങ്ങൾ തുടങ്ങിരിക്കും."

പിന്നീടൊന്നും വിചാരിക്കുന്നതിനു ശക്തിയില്ലാതെ തിരുമനസ്സുകൊണ്ടു വിഷണ്ണയായിക്കിടന്നതേയുള്ളു. ശിരസ്സിനും മനസ്സിനും ഘനം ഇന്നവിധമെന്നു പറഞ്ഞുകൂടാ. ചിത്തതാപത്തിൽ കണ്ണുകൾ ഉണങ്ങി വരണ്ടുപോയി. ഭർത്താവിന്റെ കൊട്ടാരമെങ്കിലും കണ്ടു് അല്പം കണ്ണുകുളുർപ്പിക്കാമെന്നു കരുതി അങ്ങോട്ടു നോക്കി.

അഹോ! ആശ്ചര്യം! ആശ്ചര്യം!! ഉൽകണ്ഠയും ഭീതിയും ഇടതിങ്ങിയ വികാരസ്തോഭത്തിൽ ഒന്നും കാണുന്നില്ല! കൊട്ടാരമല്ല, അങ്ങോട്ടുള്ള വഴിതന്നെ ദൃഷ്ടിപഥത്തിൽ എത്തുന്നില്ല. ആ ഭാഗം സമസ്തം ശൂന്യമായിരിക്കുന്നു! അചലമായ കൊട്ടാരം അസ്തമിച്ചുപോവാൻ കാരണമെന്തു?

രണ്ടു കൊട്ടാരങ്ങൾക്കും തമ്മിലുള്ള ദൂരം അധികമായതുകൊ